പാമ്പാക്കുട
ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട്



വികസന സെമിനാറിൽ
സമർപ്പിക്കുന്നതിനു വേണ്ടി
തയ്യാറാക്കിയത്

1996

**ഒമ്പതാം പദ്ധതി**
**ജനകീയ പദ്ധതി**

അധികാരം ജനങ്ങളിലേയ്ക്ക്

നാം നേടുന്നു
നമ്മൾ അറിയുന്നു
ഭരണവും
വികസനവും
ജനങ്ങളിലൂടെ.

ഗ്രാമ വികസനവുമായി ബന്ധപ്പെട്ട
29 വകുപ്പിലെ ചുമതലകൾ
പഞ്ചായത്തുകൾക്ക്


ഓരോ ഗ്രാമപഞ്ചായത്തിലും വാർഡുതോറും
മുഴുവൻ വോട്ടറന്മാരും
അംഗങ്ങളായുള്ള ഗ്രാമസഭകൾ

അഞ്ചുവർഷം കൂടുമ്പോൾ
നിർബന്ധമായും തെരഞ്ഞെടുപ്പ്

മൊത്തം സീറ്റുകളിൽ മൂന്നിലൊന്ന്
വനിതകൾക്ക്.

ജനസംഖ്യാനുപാതത്തിൽ
പട്ടികജാതി, പട്ടികവർഗ്ഗ
വിഭാഗങ്ങൾക്ക്
സംവരണം.

ആവശ്യങ്ങൾ ഉന്നയിക്കാൻ
സാധാരണ ജനങ്ങൾക്കും
അവസരം.



[redacted]

# പൊതുവിവരം

## ഭരണം - ചരിത്രം - വർത്തമാനം

പഞ്ചായത്ത് രൂപീകരിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷൻ
നമ്പർ - 13446/52/EHLS
തീയതി - 10-1-1953.
മൊത്തം വാർഡ് - 6

*പ്രഥമ കമ്മറ്റി അംഗങ്ങളുടെ പേര് :*

എം.പി. ശങ്കരൻ നായർ,
കെ.കെ.പീലിപ്പോസ്
കെ.പി. പൗലോസ്
സി.ജി. ശങ്കരൻ
വി.എൻ. പരമേശ്വരൻ നായർ
റവ. ഫാദർ എബ്രാഹം കോനാട്ട്

*മുൻകാല പ്രസിഡണ്ടുമാർ:*

റവ. ഫാദർ എബ്രാഹം കോനാട്ട് മല്പാൻ
ശ്രീ. ജോസഫ് ജോൺ
ശ്രീ.എം.പി.ജേക്കബ്
ശ്രീ.കെ.യു.ചാക്കോ

പുതിയ ഭരണസമിതി 1995 സെപ്തംബർ മാസം 30-ാം തീയതി
**ശ്രീ. ഓണക്കൂർ രാധാകൃഷ്ണൻ** പ്രസിഡന്റായി നിലവിൽ വന്നു.

***ജീവനക്കാർ***

ശ്രീ. പി.ജെ.ആന്റണി (സെക്രട്ടറി)
ശ്രീ. ഇ.എൻ. സുകുമാരൻ (യു.ഡി.ക്ലാർക്ക്)
ശ്രീ.കെ.എൻ.വിജയൻ (എൽ.ഡി. ക്ലാർക്ക്)
ശ്രീ. എ.വി. ദേവൻ (പ്യൂൺ)
ശ്രീ.എം.കെ. അയ്യപ്പൻ (പാർട്ടടൈം സ്വീപ്പർ)
ശ്രീമതി. ടി.ഡി. സരോജിനി (ഹെഡ് ക്ലാർക്ക്)
ശ്രീമതി. എസ്.സരോജ (യു.ഡി. ക്ലാർക്ക്)
ശ്രീമതി.എം. ബീമ (എൽ.ഡി. ക്ലാർക്ക്)
ശ്രീ. കെ.എൻ. ഗോപാലകൃഷ്ണൻ
( പാർടൈം ലൈബ്രേറിയൻ)

*വികസന റിപ്പോർട്ടു തയ്യാറാക്കിയവർ :*

സർവ്വശ്രീ. പാറയിൽ ഗോപാലകൃഷ്ണൻ നായർ
എം.പി. ബാലകൃഷ്ണൻ നായർ
ഇ.കെ. യോഹന്നാൻ
എം.എ. പരമേശ്വരൻ നായർ
ആർ. രാമചന്ദ്രമേനോൻ
കെ.കെ. കുര്യാക്കോസ്

[illegible]

ടെലിഫോൺ : 273028
കോഡ് : 0485

# ഒമ്പതാം പദ്ധതി
# ജനകീയ പദ്ധതി

## പാമ്പാക്കുട ഗ്രാമപഞ്ചായത്ത്

പാമ്പാക്കുട – 686 667

## വികസന സെമിനാർ

സ്ഥലം :
തീയതി :

# വികസന റിപ്പോർട്ട്
## രൂപം കൊണ്ടതിന്റെ പിന്നിൽ

സ്പെഷ്യൽ ഗ്രാമസഭക്ക്
പഞ്ചായത്തു കമ്മറ്റി തീരുമാനമെടുത്ത തീയതി - 3-8-96
മൂവാറ്റുപുഴ വച്ച് D.R.P. മാരുടെ ഏകദിന സെമിനാർ പരിശീലനം നടന്നത് - 9,10,11 ആഗസ്റ്റ്, 96
ഗ്രാമസഭകൾ നടന്നത് - 13-9-96

| വാർഡ് | സ്ഥലം | തീയതി | ഹാജർ |
|---|---|---|---|
| 1 | ഓണക്കൂർ (S) U.P.S. | 28/9/96 | 62 |
| 2 | രാഗം, കക്കയം | 2/10/96 | 119 |
| 3 | ഓണക്കൂർ (N) U.P.S. | 29/9/96 | 66 |
| 4 | U.P.S.അഞ്ചൽപ്പെട്ടി | 28/9/96 | 106 |
| 5 | മോനാട്ട് മല്പാൻ ഹോൾ | 5/10/96 | 63 |
| 6 | G.H.S പാമ്പാക്കുട | 28/9/96 | 104 |
| 7 | G.H.S പാമ്പാക്കുട | 6/10/96 | 131 |
| 8 | M.T.M.H.S. | 2/10/96 | 221 |
| 9 | പിറമാടം (N) U.P.S. | 20/9/96 | 98 |

DRP, PRP ഗ്രൂപ്പുലീഡറന്മാർ എന്നിവരുടെ യോഗം - 6/11/96
ക്രോഡീകരണം - 8/11/96

*ഡേറ്റാ കളക്ഷനു വേണ്ടിയുള്ള കമ്മറ്റിയും വികസന റിപ്പോർട്ടും എഴുതിയുണ്ടാക്കാനുള്ള കമ്മറ്റിയും ഒന്നിലധികം ആഴ്ചകൾ നിരന്തരമായി പണിയെടുത്തു.*

DRPമാർ
PRP മാർ
ബ്ലോക്ക് പഞ്ചാ: പ്രസിഡണ്ട്
ബ്ലോക്ക് മെംബറന്മാർ
ജില്ലാ മെംബറന്മാർ
ഗ്രൂപ്പു ലീഡറന്മാർ ഉൾക്കൊള്ളുന്ന അനേകം കമ്മറ്റികൾ
വിവിധ സർക്കാർ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ
ഡോക്ടറന്മാർ
അദ്ധ്യാപകർ
പഞ്ചായത്തു ജീവനക്കാർ
സാമൂഹ്യപ്രവർത്തകർ
എന്നിങ്ങനെ നൂറുകണക്കിനാളുകൾ നൽകിയ
നിസ്സീമമായ സഹായങ്ങൾ
വിലതീരാത്തവയെത്രെ................



ഓണക്കൂർ രാധാകൃഷ്ണൻ
പ്രസിഡന്റ്

## ഞങ്ങൾക്കു പറയാനുള്ളത്...

മാന്യരെ,
വികസന റിപ്പോർട്ടിന്റെ പടിക്കൽ നാം
എത്തിയിരിക്കുകയാണ്.
ഇനിയുമുണ്ട് ഒരുപാടു ദൂരം
9-ാം പദ്ധതിയുടെ ഉള്ളടക്കത്തിൽ
നമ്മുടെ പഞ്ചായത്തിന്റെ വികസന പ്രശ്നങ്ങൾക്കും
ഇടമായി - അതും, ജനപങ്കാളിത്തത്തിന്റെ
സമ്പൂർണ്ണ സാന്നിദ്ധ്യത്തിൽ
രൂപപ്പെട്ട പ്രശ്നങ്ങൾക്ക്.



ബേബി ജോസഫ്
വൈസ്. പ്രസിഡന്റ്



ഇ.എ.പൈങ്കൻ
സ്റ്റാന്റിംഗ് കമ്മറ്റി

തുഴയാം, നമുക്ക് ഒത്തു തുഴയാം .......
ഇവിടെ നിതാന്ത ശ്രദ്ധ, അർപ്പണം, ത്യാഗം, സുതാര്യത.
അർപ്പണബോധത്തോടെ പണിയെടുക്കാനുള്ള മനസ്സ്,
ഒടുങ്ങാത്ത രാജ്യ സ്നേഹം,
കത്തിജ്വലിക്കുന്ന പ്രതിബദ്ധത, എല്ലാം വേണം,
ഞങ്ങൾ അതിനെല്ലാം തയ്യാറാണെന്ന്-
വിനയപൂർവ്വം ഒരു ഉറപ്പ്.
ഞങ്ങളൊടൊപ്പം
നിങ്ങളുമുണ്ടാകണം -
ഉത്തിഷ്ഠത ... ജാഗ്രത .......




എബ്രഹാം ചാക്കോ
1-ാം വാർഡ്



സലോമി പൈലി
2-ാം വാർഡ്



തോമസ് തടത്തിൽ
5-ാം വാർഡ്



ചിന്നമ്മ മത്തായി
7-ാം വാർഡ്



തങ്കച്ചൻ കുര്യാക്കോസ്
8-ാം വാർഡ്

**ഉയരങ്ങളിൽ ദൈവത്തിന്റെ സ്വർഗ്ഗം !**
**മണ്ണിൽ വികസനത്തിന്റെ മാർഗ്ഗം!!**



സാറാക്കുട്ടി വർക്കി
9-ാം വാർഡ്

# ഉള്ളടക്കം


അദ്ധ്യായം 1

1. ആമുഖം
2. സാമൂഹിക - സാംസ്കാരിക - ചരിത്രപശ്ചാത്തലം
   പഴയതിന്റെ മുഖങ്ങൾ.
3. വസ്ത്രം - പാർപ്പിടം - ഗതാഗതം.
4. ഭൂപ്രകൃതിയും വിഭവങ്ങളും

അദ്ധ്യായം 2

**പ്രാഥമിക മേഖല**

5. കൃഷിയും ജലസേചനവും
   A. കൃഷി
   B. ജലസേചനം
6. മൃഗപരിപാലനം.
7. മത്സ്യബന്ധനം

**ദ്വിതീയ മേഖല**

8. വ്യവസായം.
9. ഊർജ്ജം - ഗതാഗതം.
10. ആരോഗ്യം
11. കുടിവെള്ളം
12. പരിസരശുചിത്വം
13. വിദ്യാഭ്യാസം
14. സംസ്കാരം
15. പട്ടികജാതി - പട്ടികവർഗ്ഗം
16. സ്ത്രീകളും സാമൂഹ്യ സാമ്പത്തിക പദവിയും
17. സാമൂഹ്യക്ഷേമം
18. വിഭവ സമാഹരണം


*പഞ്ചായത്ത് കമ്മറ്റി ചർച്ച*
*DRP, PRP മാരുടെ പരിശീലനം*
*ഏകദിന സെമിനാർ*
*ഗ്രാമസഭകൾ*
*ഗ്രാമസഭകൾ നൽകിയ വികസന നിർദ്ദേശങ്ങൾ*
*അവയുടെ ക്രോഡീകരണം*
*ഡേറ്റാ കളക്ഷൻസ്*
*റിപ്പോർട്ട് തയ്യാറാക്കൽ*
*കമ്മറ്റിയുടെ അംഗീകാരം*
*വിവിധ ഡിപ്പാർട്ടുമെന്റിന്റെയും*
*ഉദ്യോഗസ്ഥന്മാരുടേയും നിർദ്ദേശങ്ങൾ*
*അച്ചടി*
*എന്നിവക്കെല്ലാം കൂടി നൂറുകണക്കിന് മനുഷ്യ ദിനങ്ങൾ*
*വേണ്ടി വന്നു.*
*സഹായിച്ചവർക്കും സഹകരിച്ചവർക്കും*
*വിനയം നിറഞ്ഞ നന്ദി.*
*സ്നേഹം നിറഞ്ഞ നമസ്കാരം !!*

ഇ. കെ. നായനാർ
കേരള മുഖ്യമന്ത്രി

തിരുവനന്തപുരം.
2-12-96

## ആശംസ

പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന വികസന സെമിനാറിന് ഞാൻ എല്ലാ വിജയവും ആശംസിക്കുന്നു. ഒമ്പതാം പദ്ധതി മുൻനിറുത്തിയാണല്ലോ സെമിനാർ നടക്കുന്നത്. വികേന്ദ്രീകൃതവും ജനകീയവുമായ ആസൂത്രണം എന്ന നൂതന സങ്കല്പത്തിന്റെ സന്ദേശം ജനങ്ങളിലെത്തിക്കാൻ ഇത്തരം സെമിനാറുകൾ സഹായിക്കും.


എന്റെ ആശംസകൾ.


മുഖ്യമന്ത്രി.

ശ്രീ. ബേബി ജോസഫ്,
വൈസ് പ്രസിഡന്റ്,
പാമ്പാക്കുട ഗ്രാമ പഞ്ചായത്ത്,
പി. ഒ. പാമ്പാക്കുട,
എറണാകുളം - 686 667.


പാമ്പാക്കുട ഗ്രാമ പഞ്ചായത്ത്


റോഡുകൾ.





പാമ്പാക്കുട പഞ്ചായത്ത്
ഭൂപടം
വാർഡുകളും പ്രധാന സ്ഥലങ്ങളും
N
S
UPS
U.P.S
M.T.M.HS
M.T.M.
SNAP ON
NES
AICAP
GUPS
1
2
3
4
6
7
8
9


പാണ്ടനാട് പഞ്ചായത്ത്
കാർഷിക ഭൂപടം
N
S
നെല്ല്.
തെങ്ങ്
റബ്ബർ



# ആമുഖം

പാമ്പാക്കുട-
കൃഷിക്കാരുടെ സംഗമഭൂമിയായ ഒരു കൊച്ചു
ഗ്രാമപഞ്ചായത്ത്.
ഇവിടെ രണ്ടു വില്ലേജുകൾ കണ്ണികോർക്കുന്നു-
ഓണക്കൂറും, മേമ്മുറിയും.
പ്രതീക്ഷയുടെ മന്ത്രം ഉരുവിടുന്ന മനസ്സ്
വികസനത്തിന്റെ മെതിയടി ഒച്ചകൾക്കു വേണ്ടി
തുറന്നിട്ട ശ്രവണങ്ങൾ.....
കാലം ഉരുളുന്നു.
എന്തൊക്കെയോ നേടി. പക്ഷെ ഒന്നുമായിട്ടില്ല.
ഇപ്പോഴിതാ 9-ാം പദ്ധതിയുടെ പടിപ്പുര ചവിട്ടിക്കേറാൻ
കാലുയുർത്തി നില്കുകയാണ് ഈ ഗ്രാമം.
ഒഴിവാക്കാൻ വയ്യാത്ത ജീവിതാവശ്യങ്ങൾ എഴുതിവച്ച
കടലാസുചീന്തുകളാണ് കൈനിറയെ.
പ്രശ്നപരിഹാരങ്ങൾ കോറിയിട്ട താളിയോലകൾ.
ഒരു പ്രത്യേകത.
എല്ലാം സ്വന്തമാത്മാവിൽ നിന്നും ഉയിർക്കൊണ്ടതാണ്.
ഇവിടത്തെ സാധാരണക്കാരുടെ ചൂരും ചൂടുമാർന്നവ.
മേൽത്തട്ടിൽ നിന്നുമുള്ള രൂപകല്പനകൾക്കെല്ലാം വിട.
അധികാരം ജനങ്ങളിലേക്ക് !
ആവശ്യങ്ങൾ അടിത്തട്ടിൽ നിന്ന് !!

# പഞ്ചായത്ത് ഒറ്റനോട്ടത്തിൽ

| | | |
|---|---|---|
| പേര് | : | പാമ്പാക്കുട ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | ഓണക്കൂർ, മേമ്മുറി വില്ലേജിലെ മേമ്മുറിക്കര |
| ബ്ലോക്കു പഞ്ചായത്ത് | : | പാമ്പാക്കുട |
| താലൂക്ക് | : | മൂവാറ്റുപുഴ |
| അസംബ്ലി മണ്ഡലം | : | പിറവം |
| വിസ്തീർണ്ണം | : | 30.09 ച.കി.മീ. |

**അതിരുകൾ**

| | | |
|---|---|---|
| പടിഞ്ഞാറ് | – | രാമമംഗലം, പിറവം പഞ്ചായത്തുകൾ |
| കിഴക്ക് | – | തിരുമാറാടി പഞ്ചായത്ത് |
| തെക്ക് | – | പിറവം, ഇലഞ്ഞി പഞ്ചായത്തുകൾ |
| വടക്ക് | – | മാറാടി പഞ്ചാ. |

| | | |
|---|---|---|
| ആസ്ഥാനം | : | 6–ാം വാർഡിലുള്ള പാമ്പാക്കുട ടൗൺ |
| ജനസംഖ്യ | : | 16811 (1991 ലെ കാനേഷുമാരി പ്രകാരം) |
| വാർഡുകൾ | : | 9 |
| പ്രസിഡന്റ് | : | ശ്രീ. ഓണക്കൂർ രാധാകൃഷ്ണൻ |
| വൈ. പ്രസിഡന്റ് | : | ശ്രീ. ബേബി ജോസഫ് |
| മെംമ്പേഴ്സ് | : | |

ശ്രീ. എബ്രാഹം ചാക്കോ , ശ്രീമതി. ശലോമി പൈലി,
ശ്രീ. തോമസ് തടത്തിൽ, ശ്രീ. ഇ.എ. പൈങ്കൻ (സ്റ്റാ. ക. ചെയർമാൻ), ശ്രീമതി. ചിന്നമ്മ മത്തായി,
ശ്രീ. തങ്കച്ചൻ കുര്യാക്കോസ്, ശ്രീമതി. സാറാക്കുട്ടി വർക്കി

ബ്ലോക്കു മെമ്പേഴ്സ് :
ശ്രീമതി ഏലിയാമ്മ ഫിലിപ്പ്, ശ്രീ. ജോസഫ് ജോൺ

ജില്ലാ മെമ്പേഴ്സ്.
ശ്രീമതി മോളി വർഗ്ഗീസ്, പി.പി. സുധാദേവി

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്:
അനിൽ ചെറിയാൻ

# സാമൂഹിക - സാംസ്കാരിക ചരിത്രപശ്ചാത്തലം

## പഴയതിന്റെ മുഖങ്ങൾ

### 1. സ്ഥലനാമം

ദേശങ്ങൾക്കു പേരുണ്ടാകുന്നതിനു പിന്നിൽ പല കഥകളുമുണ്ട്. പക്ഷെ ഇന്ന് അവ പല ഐതിഹ്യത്തിന്റെയും ചരിത്രത്തിന്റെയുമൊക്കെ മൂടൽ മഞ്ഞിൽ രൂപം നഷ്ടപ്പെട്ടിരിക്കുന്നു. അവയെല്ലാം തെളിച്ചെടുക്കുക വളരെ ശ്രമകരമാണ്. യുക്തിയുടെ താമര നൂലുകൾ ഏതുനിമിഷവും പൊട്ടിവീഴാം. സഞ്ചയിക്കാൻ കഴിഞ്ഞ ഏതാനും ചരിത്രകഥകൾ ഇവിടെ രേഖപ്പെടുത്തട്ടെ - സ്ഥലനാമ പുരാണങ്ങൾ.

ഈ പ്രദേശം ഒരിക്കൽ പെരുമാക്കന്മാരുടെ ഭരണത്തിലായിരുന്നു. ഒടുവിലത്തെ പെരുമാളായ ചേരമാൻ പെരുമാൾ ബ്രാഹ്മണർക്കും നാട്ടുപ്രമാണിമാർക്കും തന്റെ നാട് വിട്ടുകൊടുത്തിട്ട് ഇവിടത്തെ ഭരണം അവസാനിപ്പിച്ചു. ഇസ്ലാമതം സ്വീകരിച്ച് അദ്ദേഹം മെക്കയിലേക്ക് പോയി. കാർഷിക ആവശ്യത്തിന് ഏതോ പെരുമാൾ വെട്ടിച്ചു കൊടുത്തതാണ് ഈ പഞ്ചായത്തിലുള്ള വിശാലമായ പെരുമാൾചിറ - പെരുമാൾചിറ കാലപ്പഴക്കത്തിൽ പെരുമാഞ്ചിറയുമായി.

കളരി വിദ്യാഭ്യാസത്തിന് അക്കാലത്ത് വളരെ പ്രാധാന്യമുണ്ടായിരുന്നു.

പെരുമാക്കന്മാരുടെ ഭരണശേഷം കോട്ടയിൽ കർത്താക്കന്മാരുടെ നിയന്ത്രണത്തിലായി ഈ നാട്. അവരുടെ അറയ്ക്കുള്ളിൽ ഒരു വലിയ നിധി കുംഭം സൂക്ഷിച്ചുവച്ചിരുന്നു. അതിനു കാവൽ നിന്നത് വിഷം ചീറ്റുന്ന പാമ്പുകളായിരുന്നു. ബ്രാഹ്മണരും ബന്ധുജനങ്ങളും ഉൾപ്പടെ അനേകം ആളുകളെ ആണ്ടിലൊരിക്കൽ ക്ഷണിച്ചു വരുത്തി സദ്യയും ദാനധർമ്മങ്ങളും നൽകുന്ന പതിവ് ഈ കർത്താക്കന്മാർക്കുണ്ടായിരുന്നു. ആ കൂട്ടത്തിൽ ചുറ്റും പത്തിവിടർത്തി നില്ക്കുന്ന പാമ്പുകളേയും കുടത്തേയും അതിഥികൾക്ക് കാട്ടിക്കൊടുത്തിരുന്നു. നാടുവാഴികളുടെ പ്രതാപൈശ്വര്യങ്ങൾ മറ്റുള്ളവർക്ക് ബോധ്യപ്പെടുത്തികൊടുത്തതാവാം ഇതിന്റെ പിന്നിലുള്ള താല്പര്യം. ഏതായാലും ഈ നാടിനെ നിധി കുംഭം കണ്ടവരെല്ലാം പാമ്പുംകുടമെന്ന് പേരുചെല്ലി വിളിക്കാൻ തുടങ്ങി - പാമ്പുംകുടം പിന്നീട് ഉച്ചരണഭേദങ്ങളിലൂടെ പാമ്പാക്കുടയായി മാറിയത്രെ.

ചിത്രലിപിയിൽ ഈ പ്രദേശത്തിന്റെ നാമം എഴുതിക്കാണിച്ചിരുന്നത് പാമ്പിന്റെയും കുടയുടെയും പടം വരച്ചാണ്. ഈ നാടിന് പാമ്പാക്കുട എന്നു പേരുണ്ടായതിന് ഇതും ഒരു കാരണമായി ഇവിടുള്ളവർ കരുതുന്നു.

പാമ്പാക്കുടയെ നാഗഛത്രമെന്നു സംസ്കൃതീകരിച്ചു കൊണ്ടുള്ള പ്രയോഗങ്ങൾ നിലനിൽക്കുന്നതിനാലും മേൽ ഐതിഹ്യം യുക്തിസഹമായി കരുതാം.

ശ്രീകൃഷ്ണൻ കുട്ടിയായിരുന്നപ്പോൾ മഴനനയാതെ അനന്തൻ തന്റെ ഫണങ്ങൾ വിടർത്തി കുടചൂടിച്ചതായ സംഭവം പുരാണ പ്രസിദ്ധമാണല്ലോ. ആ സംഭവം നടന്നത് ഈ പ്രദേശത്ത് വച്ചായതുകൊണ്ടാണ് പാമ്പാക്കുട എന്ന പേർ ലഭിച്ചതെന്നും വിശ്വസിക്കുന്നവർ ധാരാളമാണ്.

### ചരിത്രവഴികൾ- സാംസ്കാരിക ചിത്രങ്ങൾ - സാമൂഹ്യ സ്ഥിതികൾ.

പോയകാലത്തിന്റെ വാതായനങ്ങൾ തുറക്കട്ടെ. വളരെയധികം പുറകോട്ടു പോകുന്നില്ല. ഈ നൂറ്റാണ്ടിന്റെ ആരംഭം മുതൽ ഇന്നോളം വരെ.

ദേശീയതലത്തിൽ ഈ നൂറ്റാണ്ട് സംഭവബഹുലമാണ്. ദേശീയപ്രസ്ഥാനത്തിന്റെ വളർച്ച - ഇൻഡ്യയുടെ

സ്വാതന്ത്ര്യലബ്ധി - മഹാത്മാഗാന്ധി എന്ന യുഗ പുരുഷന്റെ അവതാരം. 600-ൽ അധികം നാട്ടുരാജ്യങ്ങൾ ഒത്തുചേർന്ന് ഇന്ത്യൻ യൂണിയൻ നിലവിൽ വന്നത്, അഭയാർത്ഥി പ്രവാഹം, ഇന്ത്യ - പാക് യുദ്ധം, ഇന്ത്യ - ചൈന യുദ്ധം, സോഷ്യലിസ്റ്റ് ആദർശങ്ങൾക്കുണ്ടായ പ്രചാരം, രാഷ്ട്രശില്പി നെഹ്റുവിന്റെ നേതൃത്വം, ഭരണരംഗത്ത് നെഹ്റുകുടുംബത്തിന്റെ കുത്തകയ്ക്കേറ്റ പ്രഹരം,കോൺഗ്രസ്സേതര പാർട്ടികൾ ഇന്ത്യയിൽ അധികാരത്തിൽ വന്നത്. ടാഗോർ, സത്യജിത് റേ തുടങ്ങിയ വിശ്വകലാകാരന്മാരുടെ പ്രതിഭാവിലാസം അങ്ങിനെ പലതും പലതും.

സംസ്ഥാനതലത്തിലുമുണ്ടായി ഒട്ടേറെ സംഭവങ്ങളും പ്രവർത്തനങ്ങളും. സ്റ്റേറ്റു കോൺഗ്രസ്സിന്റെ രൂപം കൊള്ളൽ മലയാളി മെമ്മോറിയൽ നിവർത്തനപ്രക്ഷോഭം, കമ്മ്യൂണിസ്റ്റാശയങ്ങളുടെ പ്രചാരം, ഐക്യകേരള രൂപീകരണം ശ്രീനാരായണഗുരുദേവന്റെ സാമുദായിക പരിഷ്ക്കരണം, അയ്യങ്കാളിയുടെ ഹരിജനോദ്ധാരണ പ്രവർത്തനങ്ങൾ, ക്ഷേത്രപ്രവേശന വിളംബരം, E.M.S. ന്റെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ, കാർഷിക നിയമങ്ങൾ പരിഷ്ക്കരിച്ചത്, വിദ്യാഭ്യാസ ബില്ല് അങ്ങനെ പലതും പലതും.

സാംസ്ക്കാരിക രംഗത്തും ആശാവഹമായ മാറ്റങ്ങൾ ഉണ്ടായി. പലതരം അക്കാദമികളുടെ രൂപീകരണവും ഗ്രന്ഥശാലാസംഘത്തിന്റെ പ്രവർത്തനവും ഉദാഹരണമത്രേ.

പാമ്പാക്കുട അന്നും ഇന്നും ശാലീനയാണ് സ്വച്ഛന്ദയാണ്. ചുറ്റുപാടുമുള്ള നവോത്ഥാന പ്രവണതകളെ ആഴത്തിൽ ഉൾക്കൊള്ളുവാൻ കഴിയാത്ത ഒരു നാണം കുണുങ്ങി. വിധിയിൽ വിശ്വസിച്ചും കിട്ടുന്നതിൽ തൃപ്തിപ്പെട്ടുമുള്ള ഒരു തരം കീഴടങ്ങൽ ജീവിതമെന്ന് ഇതിനെ വിളിക്കാം. എന്നിരുന്നാലും മാറ്റത്തിന്റെ സംഘടിത പ്രവർത്തനങ്ങൾ ഇവിടെ ഒട്ടും തന്നെ നടന്നിട്ടില്ലെന്ന് പറയാനാവില്ല.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ജന്മികളുടേയും, ഇടപ്രഭുക്കന്മാരുടേയും കൈവശമായിരുന്നു കൃഷിഭൂമിയുടെ സിംഹഭാഗവും. തന്മൂലം ഇവിടത്തെ സാധാരണക്കാർ അവർക്കു വേണ്ടി പണിചെയ്യുന്നവരായിരുന്നു. കടവും, കഷ്ടപ്പാടും, ദാരിദ്ര്യവും നിസ്സഹായതയുമെല്ലാം അക്കൂട്ടർക്ക് സർവ്വസാധാരണമായിരുന്നു. കാർഷിക പരിഷ്ക്കരണങ്ങൾ നടപ്പിലായതോടെയാണ് ജന്മികുടിയാൻ ബന്ധങ്ങൾക്കും പാട്ടസമ്പ്രദായങ്ങൾക്കുമെല്ലാം മാറ്റം വന്നത്.

കേരള കർഷക സംഘത്തിന്റെ ഇവിടുത്തെപ്രവർത്തനം മിച്ചഭൂമി പതിപ്പിച്ച് ഭൂരഹിതർക്ക് നൽകാനും, പാട്ടവ്യവസ്ഥകൾ അവസാനിപ്പിച്ച് യഥാർത്ഥ കർഷകന് കൃഷിഭൂമിലഭ്യമാക്കാനും കുടികിടപ്പവകാശം സ്ഥാപിച്ചെടുക്കാനും ഒട്ടേറെ സഹായിച്ചിട്ടുണ്ട്. പ്രക്ഷോഭപണവും കൃഷിഭൂമിയിൽ കയ്യേറിയും സത്യഗ്രഹ സമരപരിപാടികൾ നടത്തിയും കൃഷിക്കാരുടെ സംഘടിത പ്രവർത്തനത്തെ ഇവിടെ ആ സംഘം സജീവമാക്കി. നിയമങ്ങൾ നടപ്പിലാക്കിക്കിട്ടാൻ സംഘടിത ശ്രമങ്ങൾ ആവശ്യമാണെന്നുള്ളതിന്റെ ഒരു തെളിവ്.

കഴിഞ്ഞ നാലു പതിറ്റാണ്ടുകൾക്കിടയിലാണ് വിദ്യാഭ്യാസ പുരോഗതിയുടെ ചരിത്രം തുടങ്ങുന്നത്. പള്ളിക്കൂടങ്ങളുടെ എണ്ണം വർദ്ധിച്ചു. വിദ്യാഭ്യാസം സാർവ്വത്രീകമായി സ്വീകരിക്കപ്പെട്ടു. ഗ്രന്ഥശാലകൾ രൂപം കൊണ്ടു. പലയിടത്തും ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ പ്രവർത്തിച്ചു തുടങ്ങി. ഗ്രാമി, സ്വാതി എന്നീ രണ്ടു ഫൈൻ ആർട്സ് സൊസൈറ്റികൾ കലാവിരുന്നുകളുടെ തണ്ണീർ പന്തലുകൾ തീർത്തുതുടങ്ങിയത് ഈ അടുത്തകാലം തൊട്ടാണ്.

ഈ നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധം രാജഭരണകാലമായിരുന്നല്ലോ. കരപ്രമാണിമാർ, മാടമ്പികൾ, നാട്ടുമദ്ധ്യസ്ഥന്മാർ എന്നിവരുടെ നിയന്ത്രണത്തിനും ഇഷ്ടാനിഷ്ടങ്ങൾക്കും വിധേയമായിട്ടാണ് ഗ്രമഭരണം നടന്നിരുന്നത്. ജനായത്തഭരണം വന്നപ്പോൾ മാടമ്പികൾക്കും മറ്റു ധനികവർഗ്ഗത്തിനും പ്രാധാന്യം കുറഞ്ഞെങ്കിലും തെരഞ്ഞെടുപ്പുകളിൽ പണമിറക്കി ജയിച്ചുവരാനും ഭരണകർത്താക്കളാകാനും അവരിൽ ധാരാളം പേർക്കും സാധിച്ചിട്ടുണ്ട്. തന്മൂലം അക്കൂട്ടരുടെ സ്വാർത്ഥതാല്പര്യങ്ങൾക്ക് ഭരണകൂടത്തെ ഉപയോഗപ്പെടുത്തിയിരുന്ന പഴയപ്രവണതയ്ക്ക് അറുതി വന്നിട്ടില്ല.

ഒരു ചെറിയ ഉദാഹരണം

ഉഴവൂർതോട് ഈ പഞ്ചായത്തിലെ ഏറ്റവും വലിയ ഒരു ജലസ്രോതസ്സാണ്. ഇതിൽ വേനൽക്കാലത്ത് വെള്ളം കെട്ടി നിൽക്കണമെങ്കിൽ ഊരനാട്ടുചിറ ചീപ്പിട്ടു മുറുക്കണം

ഇവിടെ പതിറ്റാണ്ടുകളായി വേനക്ക് ചിറ അടച്ചിടുന്നതിനു പകരം തുറന്നിടുന്ന സമ്പ്രദായമാണ് ഭരണാധികാരികൾ സ്വീകരിച്ചത്. പത്ത് ഏക്കറിൽ താഴെ വിസ്തീർണ്ണമുള്ള പുഞ്ചനിലത്ത് ആ കാലയളവിൽ കൃഷിയിറക്കാനുള്ള ധനിക വർഗ്ഗത്തിന്റെ താൽവപര്യം സംരക്ഷിക്കാനാണ് അധികാരികൾ അങ്ങനെ ചെയ്തത്. നൂറുകണക്കിനാളുകൾക്കു കുളിക്കാനും, തോട്ടുതീരത്തുള്ള അസംഖ്യം കിണറുകളിൽ കുടിവെള്ളം വറ്റാതിരിക്കാനും അതുവഴി നാടിന്റെ മൊത്തം വരൾച്ച തടയാനും സഹായിക്കുന്ന പൊതുതാൽപര്യത്തെ പാടേ അവഗണിച്ചു കളഞ്ഞു. കർഷകരുടേയും തദ്ദേശവാസികളായ സാധാരണക്കാരുടേയും ഏകോപിച്ചുള്ള ബഹുജനപ്രക്ഷോഭങ്ങൾ ഉയർന്ന് പ്രചണ്ഡമായെങ്കിലും ഫലപ്രാപ്തിയിൽ എത്തിയില്ല. ഒടുവിൽ നിയമയുദ്ധം വഴിയാണ് അധികാരി വർഗ്ഗത്തെ

ക്കൊണ്ട് ചിറ 12 മാസവും അടച്ചിടാൻ കഴിഞ്ഞത്. ഈ കേസുമായി മുന്നോട്ടുപോയ ശ്രീ. ചെറുവത്തൂർ.സി.ആർ. ദാമോദരൻ നായരെ ഇത്തരുണത്തിൽ ഗ്രാമം നന്ദിയോടെ സ്മരിക്കുന്നു.

ധനികവർഗ്ഗ താൽപര്യങ്ങൾ മാത്രം ചിന്തിക്കാതെ പ്രവർത്തിച്ച ഏതാനും മഹത് വ്യക്തികളെക്കൂടി ഇവിടെ അനുസ്മരിക്കട്ടെ.

ഈ പഞ്ചായത്തിന്റെ പ്രഥമപ്രസിഡണ്ടായിരുന്ന ദിവ്യ ശ്രീ. കോനാട്ടു എബ്രാഹാം മല്പാനാണ് അതിലൊരാൾ.

പബ്ലിക്ക് മാർക്കറ്റിനും, പഞ്ചായത്തു കെട്ടിടം സ്ഥാപിക്കുന്നതിനുമുള്ള സ്ഥലങ്ങൾ നൽകി, MTM ഹൈസ്ക്കൂൾ, സർവീസ് സഹകരണബാങ്ക് പോസ്റ്റാഫീസ് മുതലായവ സ്ഥാപിക്കുന്നതിനു നേതൃത്വമരുളി പാമ്പാക്കുടയിലും അഞ്ചൽപ്പെട്ടിയിലുമുള്ള ലൈബ്രറികെട്ടിടങ്ങൾ പഞ്ചായത്തിനെക്കൊണ്ട് പണിയിപ്പിച്ചുകൊടുത്തു.

മംഗലത്ത് ശ്രീ. എം. വി. ചെറിയാൻ EX. MLA. പാമ്പാക്കുടക്കാരനായ ഏക M.L.A ആയിരുന്നു. അദ്ധ്യാപകനെന്ന നിലയിൽ നൂറുകണക്കിനാളുടെ കണ്ണുതെളിയിച്ചുകൊടുത്തതല്ല അദ്ദേഹത്തിന്റെ മുഖ്യമായ മഹത്വം പാമ്പാക്കുട എന്ന പേരിൽ ഒരു വികസന ബ്ലോക്ക് അനുവദിപ്പിച്ചു. കേരളത്തിന്റെ വികസന മാപ്പിൽ പാമ്പാക്കുടയുടെ പേരുതുന്നിവച്ചതുവഴി ഈ നാടിനുണ്ടായ പ്രയോജനവും പ്രശസ്തിയും ചില്ലറയല്ല. ഇവിടത്തെ പ്രൈമറി ഹെൽത്ത് സെന്റർ അദ്ദേഹത്തിന്റെ ശ്രമഫലമായിരുന്നു. ആവശ്യമായ സ്ഥലവും ആ സ്ഥാപനത്തിന് അദ്ദേഹം സംഭാവന ചെയ്തു.

പാമ്പാക്കുട പബ്ലിക്ക് ലൈബ്രറി സർവ്വീസ് സഹകരണ ബാങ്ക് മുതലായവയ്ക്കുടെ ത്യാഗമനുഷ്ഠിച്ചു പ്രവർത്തിച്ചിട്ടുള്ള നാടിന്റെ മറ്റൊരു പ്രിയപുത്രനാണ് അദ്ധ്യാപകനും സഹൃദയനുമായ ശ്രീ. M.C. തൊമ്മൻ മേലേത്ത്.

സ്വാതന്ത്ര്യ സമ്പാദനത്തിന്റെ ആക്കം കൂട്ടുന്നതിന് കോൺഗ്രസ്സ് വളന്റിയറന്മാരെ സംഘടിപ്പിക്കുകയും അവർക്കുവേണ്ട ഖദർ തൊപ്പിയും ഉടുവസ്ത്രവും സ്വന്തം പോക്കറ്റിൽ നിന്നും പണമെടുത്തുവാങ്ങികൊടുക്കുകയും മഹാത്മഗാന്ധി കി ജയ് വിളിച്ച് ഇവിടത്തെ തെരുവീഥികളിലൂടെ പദയാത്ര സംഘടിപ്പിക്കുകയും ചെയ്ത ഇടത്തൊട്ടിയിൽ ഇത്താക്കു വൈദ്യൻ മറ്റൊരു സ്മരണീയനത്രെ.

നാടകവും സിനിമയും സർവ്വസാധാരണമായ ഇക്കാലത്ത് പ്രാധാന്യമില്ലെങ്കിലും 40 - 50 കളിൽ നാടകങ്ങൾ അവതരിപ്പിച്ചും സിനിമാനടനായി മാറുകയും ചെയ്ത ചന്ദ്രത്തിൽ ചിന്നക്കുട്ടി സി. ജോർജ്ജ് ഈ ശുദ്ധനാട്ടുമ്പറത്ത് കലയുടെ നുറുങ്ങുവെട്ടം വാരിയെറിഞ്ഞതിൽ പ്രമുഖനത്രെ.

പ്രജാസഭാംഗങ്ങളായിരുന്ന ഫാദർ ജോൺ പുലയംകാട്ടിൽ കോനാട്ടു മാത്തൻ മല്പാൻ എന്നിവരെ കൂടാതെ പോയ തലമുറയിൽ മാരേക്കാട്ടു ജോസഫ് വക്കീൽ, പാലപ്പിള്ളിൽ ഇത്താപ്പിരി വൈദ്യർ കുന്നപ്പിള്ളിൽ രാഘവമേനോൻ മുതലായവരും സമൂഹതാല്പര്യത്തിനു നിലകൊണ്ടിരുന്നവരത്രെ.

കമ്യൂണിസം വളർന്നുതുടങ്ങിയ കാലഘട്ടത്തിൽ പാമ്പാക്കുടയിൽ ആ പ്രസ്ഥാനത്തിനു വേണ്ടി രക്തസാക്ഷിത്വം വരിച്ച പാമ്പാക്കുട അയ്യപ്പൻ ഈ നാടിന്റെ രാഷ്ട്രീയ ചരിത്രത്തിൽ അവിസ്മരണീയനത്രെ.

ഏതാനും പ്രമുഖ കടുംബങ്ങളെക്കൂടി സ്മരിക്കാതിരിക്കാൻ കഴിയില്ല. അവ വിലമതിക്കാനാവാത്ത സഹായങ്ങളാണ് സമൂഹത്തിന് നൽകിയിട്ടുള്ളത്.

| | | |
|---|---|---|
| ഒന്ന് കണികുന്നേൽ | രണ്ട് കാട്ടുമറ്റം | |
| മൂന്ന് ഊത്തുകുഴി | നാല് കുറ്റിച്ചിറ | അഞ്ച് കുമരംചിറ |

ഇവയെല്ലാം പ്രസിദ്ധ വൈദ്യകുടുംബങ്ങളാകുന്നു. ആരോഗ്യപരിപാലനവും രോഗനിവാരണവും ഒരു കീറാമുട്ടിയായിരുന്ന പഴയകാലത്ത്, ആധുനിക വൈദ്യസമ്പ്രദായം രൂപപ്പെടുകയും പ്രചരിക്കുകയും ചെയ്തിരുന്ന ദശാസന്ധികളിൽ നമ്മുടെ പൂർവികർക്ക് മേൽ കുടുംബങ്ങളിൽ നിന്നുമുണ്ടായ വൈദ്യ സംരക്ഷണം എങ്ങനെ അവിസ്മരണീയമല്ലാതാവും.

കോനാട്ടു മല്പാൻ കുടുംബം ക്രിസ്തീയ സമുദായത്തിനു നൽകിയ സേവനങ്ങൾ അനന്യമത്രെ. ഇവിടത്തെ മല്പാൻ പരമ്പര സംസ്ഥാനമൊട്ടാകെയുള്ള അസംഖ്യം വേദപഠിതാക്കൾക്ക് സുറിയാനിയും സമുദായ ചരിത്രവും പഠിപ്പിച്ചുകൊടുത്തു. വിദേശികൾ പോലും ഇവിടെ താമസിച്ചു വേദം പഠിച്ച് പോയിട്ടുണ്ട്. മല്പാൻകുടുംബം പണ്ടത്തെ ഗുരുകുല സമ്പ്രദായത്തിൽ പ്രവർത്തിച്ചിരുന്ന ഇവിടത്തെ ഏക പുണ്യാശ്രമം തന്നെ. യൂറോപ്യൻ നാടുകളിൽപ്പോലും കാണാത്തതും മതസംബന്ധിയായിട്ടുള്ളതും വിവിധ ഭാഷകളിലുള്ളതുമായ ഒരു വലിയ പുസ്തക ശേഖരം ഇവിടെയുണ്ട്. അച്ചടി സമ്പ്രദായം സമീപദേശത്തെങ്ങും ഇല്ലാതിരുന്ന കാലത്ത് സഭാനിയമങ്ങളും, കുർബാന ക്രമങ്ങളും മലയാളീകരിച്ച സങ്കീർത്തനസാരങ്ങളും വേദപുസ്തകങ്ങളും മല്പാൻ കുടുംബ

വക പ്രസ്സിൽ നിന്നും ധാരാളമായി അച്ചടിച്ചിറക്കിയിട്ടുണ്ട്. വിശ്വാസികൾക്ക് ജ്യോതിഷം വേദാംഗങ്ങളിലൊന്നാണ്. ആ വിഷയം വളരെ വിദഗ്ധമായി കൈകാര്യം ചെയ്യുന്നതിൽ പേരുകേട്ടതാണ്, കൈപ്പിള്ളിൽ കുടുംബം പാഴൂർ പടിപ്പുരയിൽ പ്രശ്നക്കാരായി സേവനം അനുഷ്ഠിച്ചിരുന്നതും ഈ കുടുംബാംഗങ്ങളായിരുന്നു. ദൂരദിക്കുകളിൽ നിന്നും ധാരാളം ആളുകൾ ഇവിടെ ഇന്നും വന്നുപോകുന്നതായി അറിയാം.

## വസ്ത്രം - പാർപ്പിടം - ഗതാഗതം

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ സമ്പന്ന കുടുംബങ്ങൾ വിരലിൽ എണ്ണുവാനേ ഉണ്ടായിരുന്നുള്ളു. അപ്പോൾ ഇവിടെ രാജഭരണമായിരുന്നല്ലോ നിലവിലിരുന്നത്.

ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാർ ജന്മിയെ ആശ്രയിച്ച് കഴിഞ്ഞുപോന്നു. കൃഷിപ്പണി തന്നെ അവർക്ക് മുഖ്യം. കുട്ട, വട്ടിനെയ്ത്ത്, ആശാരിപ്പണി, വാണിയൻ, ചക്കുകളിൽ കൊപ്രയാട്ട്, കലം മെനയൽ, പാനെയ്ത്ത്, കല്ലുവെട്ട് തുടങ്ങിയ പണികൾ ചെയ്ത് ജീവിത മാർഗ്ഗം കണ്ടെത്തിയ പാവങ്ങൾ.

വീടുകൾ മിക്കവയും പുല്ലും വൈക്കോലും മേഞ്ഞവയായിരുന്നു. ചാണകം മെഴുകിയ തറ. പാവങ്ങളും ഹരിജനങ്ങളും മെടലപ്പുരകളിൽ വസിച്ചു. കല്ലുകെട്ടിപണിത കെട്ടിടങ്ങൾ ചുരുക്കമായിരുന്നു. അത്തരം വീടികളിലെ മുറികൾക്ക് വേണ്ടത്ര വായുവും, വെളിച്ചവും കിട്ടിയിരുന്നില്ല. തലമുട്ടുന്ന വാതിലുകൾ. ഓടുമേഞ്ഞവ വിരലിൽ എണ്ണാവുന്നതും.

ഇന്ന് സ്ഥിതിയാകെ മാറി. വാർക്കകെട്ടിടങ്ങൾ പെരുകി മേൽക്കൂരയിൽ നിന്ന് മിക്കവയും ഓടുകളെ ഒഴിവാക്കി. ചാണകത്തിന് പകരം മാർബിളും ചിപ്സും സ്ഥാനമേറ്റു. വീടുകൾ രാജോചിതമാക്കുന്നതിൽ ഒരു മത്സരം തന്നെ നടക്കുന്ന്തായിട്ടുവേണം ഇന്ന് കരുതാൻ.

മാറ്റത്തിന്റെ ഈ ബഹളത്തിനിടയിൽ വീടും കുടിയും സ്വന്തമായിട്ടില്ലാത്ത ദരിദ്രർ ജനസംഖ്യയുടെ 10 ശതമാനമെങ്കിലും വരുമെന്നാണ് കണക്ക്. പുറമ്പോക്ക് വാസികളും ഇല്ലാതില്ല.

പണ്ടത്തെ പുരുഷന്മാർ അരമുണ്ട് മാത്രം ധരിക്കുന്നവരായിരുന്നു. വീട്ടിലിരിക്കുമ്പോഴും പുറത്തുപോകുമ്പോഴും തോൾമുണ്ടിടുന്നവർ നന്നേ ചുരുക്കം. കൃഷിപ്പണിയുടെ വേളയിൽ കച്ചത്തോർത്ത് മാത്രമായിരുന്നു ധരിച്ചിരുന്നത്. പാളതൊപ്പിയും, ഓലക്കുടയും അവർ ധാരാളമായി ഉപയോഗിച്ചിരുന്നു.

ജനങ്ങൾ ക്രിസ്ത്യാനികളും ഹിന്ദുക്കളും മാത്രമാണ്. മറ്റു മതക്കാരിവിടെയില്ല.

ക്രിസ്ത്യൻ സ്ത്രീകൾ മുണ്ടും ചട്ടയും ധരിക്കുന്നവരായിരുന്നു. ഹിന്ദു സ്ത്രീകൾക്ക് മുണ്ടും റൗക്കയും. മദ്ധ്യവയസ്സിനു മേലുള്ള ഹിന്ദു സ്ത്രീകൾ മാറിടം നഗ്നമാക്കിയിട്ടു നടന്നു വന്നു. പല വീടുകളിലും കന്യകമാർ മാറുമറച്ചിരുന്നില്ലെന്നും പറഞ്ഞുകേട്ടിട്ടുണ്ട്. താണ ജാതിക്കാർക്ക് മാറുമറക്കാനുള്ള അവകാശം നിഷേധിച്ചിരുന്നതായും കേട്ടിട്ടുണ്ട്.

തീണ്ടലും തൊടീലും അന്ധവിശ്വാസവും അനാചാരവും പണ്ട് വളരെ കൂടുതലായിരുന്നു. എല്ലായിടത്തേയും പോലെ ഇവിടെയും ബ്രാഹ്മണരെയാണ് മുന്തിയ ജാതിക്കാരായി കണക്കാക്കുന്നത്.

ഈ നൂറ്റാണ്ടിന്റെ അവസാനത്തിൽ വസ്ത്രധാരണ രംഗത്ത് വൻപിച്ചമാറ്റം ഉണ്ടായതായി കാണാം. മണ്ണിൽ പണിയെടുക്കുന്ന വേളയിലും ഇന്നുള്ളവർ ഷർട്ട് ധരിക്കുന്നു. സ്ത്രീകൾ വീട്ടുവേഷം സാരിയിലാക്കി, നൈറ്റിയെന്ന പുത്തനുടയാട ധരിക്കുന്ന കുടുംബിനികളും സുലഭം. പാവാടയ്ക്കു പകരം ചെറുപ്പക്കാരികൾ ചുരിദാറിലേക്കും പൈജാമയിലേക്കും വഴിമാറി.

ഓലക്കുടയും തൊപ്പിപ്പാളയും ഇന്നു തീർത്തും അപ്രത്യക്ഷം. ശീലക്കുടകൾ പല രൂപങ്ങളിൽ പെരുകി.

ആദികാലത്തു പൊതുവഴികൾ വളരെ വിരളമായിരുന്നു. ടാർ വഴികൾ ഉണ്ടായിരുന്നേ ഇല്ല. തൊണ്ടുകളും ഇടവഴികളും ചെമ്മൺപാതകളും നടവരമ്പുകളും മാത്രമായിരുന്നു സഞ്ചാരപഥങ്ങൾ. ഏവരും കാൽനട യാത്രക്കാർ. മഞ്ചലുകൾ മാടമ്പിമാർക്ക് മാത്രമുള്ള സൗകര്യമായിരുന്നു.

ഇന്ന് ഗ്രാമീണ റോഡുകൾ നൂറുകണക്കിനുണ്ടായി. ടാർ വീഥികൾ വളരെയേറെയും. തൊണ്ടുകൾ ഗ്രാമവീഥികളാക്കി വിപുലീകരിച്ചതിനു കണക്കില്ല.

കാളവണ്ടിയും കട്ടവണ്ടിയും ഇന്നു കണികാണാനില്ല. ബസ്സും ലോറിയും സൈക്കിളും ജീപ്പും ഓട്ടോറിക്ഷയും കാറും ഉൾനാടൻ വീഥികളിൽപ്പോലും തിരക്കിന്റെ ബഹളം നിറച്ചുകൊണ്ടിരിക്കുന്നു.

കാൽനടയാത്രക്കാർ ഇപ്പോൾ തീരെയില്ല. ഈ വിധം ഗതാഗത രംഗത്ത് ഈ അടുത്ത കാലത്തുണ്ടായ വമ്പിച്ച പുരോഗതി ഭയപ്പെടുത്തുന്ന വിധം പെരുകിക്കൊണ്ടിരിക്കുകയാണെന്നു വേണമെങ്കിൽ പറയാം.

സാമൂഹ്യ ക്ഷേമരംഗത്ത് നാനാതരത്തിൽ പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്ത് പ്രദേശത്തെ ഉൽപാദന മേഖല മുരടിച്ചു നിൽക്കുകയാണ്. തൊഴിലില്ലായ്മ പെരുകിവരുന്നു. സ്ത്രീകളോടുള്ള അവഗണനയ്ക്ക് കുറവുവന്നിട്ടില്ല. ജലക്ഷാമം അസഹ്യമാണ്. ലക്ഷ്യബോധത്തോടെയുള്ള കൂട്ടായ്മയ്ക്കു മാത്രമേ ഇതിനെല്ലാം പരിഹാരമുണ്ടാക്കാനാവൂ.

# ഭൂപ്രകൃതിയും വിഭവങ്ങളും

പഞ്ചായത്തിന്റെ ഭൂ പ്രകൃതി പൊതുവായി വിലയിരുത്തട്ടെ. കിഴക്കു നിന്നു പടിഞ്ഞാട്ടും വടക്കു നിന്നു തെക്കോട്ടും ചരിഞ്ഞു കിടക്കുന്നു. കുന്നിൻ പ്രദേശങ്ങളിൽ ധാരാളമായി ചെങ്കല്ലും കരിങ്കല്ലുമുണ്ട്. എന്നിരുന്നാലും സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള ആ പ്രദേശങ്ങളിൽ 95% വും റബ്ബർ കൃഷി നടത്തിയിട്ടുണ്ട്. മണ്ണും ചരൽക്കല്ലുകളും കലർന്ന സമതലങ്ങളിൽ തെങ്ങ്, കുരുമുളക്, വാഴ, കന്നാര, അപൂർവ്വം ജാതി ചെടികൾ, ഇടയ്ക്കിടെ റബ്ബർ എന്നിവയുടെ കൃഷിയുണ്ട്. ഇഞ്ചി, മഞ്ഞൾ, ചേന, കപ്പ മുതലായ കൃഷികൾ പണ്ടത്തേതിനെക്കാൾ നേർപകുതിയിൽ കൂടുതലായി കുറഞ്ഞിട്ടുണ്ട്. തനി മണ്ണ് നിറഞ്ഞതും ഏറ്റവും താഴ്ന്നതുമായ പ്രദേശങ്ങളിൽ നെല്ലും പച്ചക്കറിയു വിളയിക്കുന്നു.

30.09 ചതുരശ്ര കിലോമീറ്റർ മൊത്തം വിസ്തൃതിയുള്ള ഈ പ്രദേശത്ത് 15 ചതുരശ്ര കിലോമീറ്റർ ഭൂമിയിലും റബ്ബർ കൃഷിയാണുള്ളത്. 10 ച. കിലോ മീറ്റർ വിസ്തൃതിയാണ് മലഞ്ചരക്ക് ഉൽപ്പന്നങ്ങൾ വിളയിക്കുന്നതിനുപയോഗിക്കുന്നതിന്. 5 ചതുരശ്ര കിലോമീറ്റർ വരുന്ന നെൽപ്പാടങ്ങളിൽ മാത്രമേ നെല്ലും പച്ചക്കറികളും ഉല്പാദപ്പിക്കുന്നെള്ളു. നെൽപ്പാടങ്ങളുടെ വിസ്തീർണ്ണം കാലം ചെല്ലുന്തോറും കുറഞ്ഞ് കുറഞ്ഞ് വരികയാണ്. മണ്ണിട്ട് നികത്തി പുരയിടമാക്കുകയും, വീടുവയ്ക്കുകയും തേക്കുമാരികളിൽ റബ്ബർ നടുകയും മറ്റും ചെയ്യുന്നതുകൊണ്ടാണ് നെൽപ്പാടങ്ങൾ കുറഞ്ഞുവരുന്നത്. മാത്രവുമല്ല നെൽക്കൃഷി മുതൽ മുടക്കുമായി പൊരുത്തപ്പെടാത്തതിനാൽ മറ്റു കൃഷിചെയ്യാൻ കൃഷിക്കാർ നിർബന്ധിതരാവുന്നു. ഭാവിയിൽ നെൽപ്പാടങ്ങൾ പൂർണ്ണമായും മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഒരു സ്ഥിതിവിശേഷം സംജാതമാകാൻ ഇടയുണ്ടെന്നുപോലും സംശയിക്കാം.

കേരളത്തെ 13 കാർഷിക മേഖലകളായി തിരിച്ചിട്ടുണ്ട്. അതിൽ ഈ പഞ്ചായത്ത് സെൻട്രൽ മിഡ്‌ലാന്റ് സോയിൽ മേഖലയിൽ ഉൾപ്പെടുന്നു.

## കാലാവസ്ഥ

ഈ പ്രദേശത്ത് ഒരു വർഷം ഉദ്ദേശം 2800 മുതൽ 3000 ml വരെ മഴ ലഭ്യമാണ്. 25 മുതൽ 30 ഡിഗ്രി സെൽഷ്യസ് വരെ ചൂട് അനുഭവപ്പെടുന്നു.

മഴക്കാലം ജൂൺ മുതൽ സെപ്തംബർ വരെ മാസങ്ങളാണ്. ഒക്ടോബർ മുതൽ ഡിസംബർ വരെ മഞ്ഞുകാലം. ജനുവരി മുതൽ വേനലാരംഭിക്കുന്നു. ഏറിയും കുറഞ്ഞും ജൂൺ വരെ അത് തുടരുന്നു.

കാലവർഷമാണ് കൂടുതൽ മഴതരുന്നത്. 3 മാസക്കാലം വരെ അതു നീളും. തുലാവർഷം ഒരു മാസത്തിൽ കൂടുതൽ കൂടാറില്ല. ചിലപ്പോൾ ഒക്ടോബർ നവംബർ മാസത്തിന്റെ പൂർവ്വാർദ്ധം എന്നീ സമയങ്ങളിലും പെയ്യാറുണ്ട്. ശക്തിയായ ഇടിയും മിന്നലും തുലാവർഷത്തിന്റെ പ്രത്യേകതയത്രെ. ചിലകൊല്ലങ്ങളിൽ ആവശ്യത്തിനാവശ്യത്തിന് ഇടമഴകളും ലഭിക്കാറുണ്ട്. സ്ഥിരതയില്ല.

മഴയെ ആശ്രയിച്ചുള്ള കാർഷിക വ്യവസ്ഥയാണ് ഇവിടുള്ളത്. മഴയുടെ 70% കാലവർഷത്തിൽ നിന്നും ബാക്കിയുള്ളത് തുലാവർഷം ഇടമഴകൾ എന്നിവയിൽ നിന്നും ലഭിക്കുന്നു. വേനൽക്കാലത്ത് വരൾച്ചയും ജലക്ഷാമവും അതിരൂക്ഷമത്രെ. ഈ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഏറിയും കുറഞ്ഞും ജലക്ഷാമവുമുണ്ട്.

## ജല ലഭ്യത

മഴയെക്കൂടാതെ ജലലഭ്യതയ്ക്കുള്ള മാർഗ്ഗങ്ങൾ കിണറുകൾ തോടുകൾ കുളങ്ങൾ കുഴൽക്കിണറുകൾ തുടങ്ങിയവയത്രെ. ഇവയുടെ ഒരു പട്ടിക അന്യത്ര ചേർത്തിട്ടുണ്ട്. ഇവയുടെയെല്ലാം പ്രയോജനക്ഷമത വർദ്ധിപ്പി

ക്കുകയാണ് ഏറ്റവും അടിയന്തിരമായി ചെയ്യാനുള്ളത്. കൂടുതൽ കിണറുകൾ നിർമ്മിക്കുക, വറ്റാത്ത കുളങ്ങൾ ആഴം കൂട്ടി സൈഡുകെട്ടി സംരക്ഷിക്കുക, കാലാന്തരത്തിൽ നികന്നു പോയ കുളങ്ങൾ എവിടെയെല്ലാമുണ്ടോ അവയെല്ലാം കണ്ടെത്തി വീണ്ടും ഉപയോഗയോഗ്യമാക്കുക. നീർച്ചാലുകളും തോടുകളും തടയണകെട്ടിയും ആഴം കൂട്ടിയും കൂടുതൽ പ്രയോജനകരമാക്കി മാറ്റുക, പണി പൂർത്തിയാകാതെ കിടക്കുന്ന എം.വി.ഐ.പി. യുടെ ഇറിഗേഷൻ കനാലുകൾ പൂർത്തീകരിച്ചു ജല വിതരണം നടത്തുക, കുഴൽക്കിണറുകളുടെ എണ്ണം കൂട്ടുക, എല്ലാ വാർഡുകളിലുമുള്ള ഉയർന്ന കുന്നിൻപുറങ്ങളിൽ പ്രത്രേക പരിഗണന വച്ച് ജലം എത്തിക്കാനുള്ള എല്ലാ മാർഗ്ഗങ്ങളും ഉപയോഗിച്ച് അടിയന്തിരമായി ശ്രമിക്കുക മുതലായവയാണ് ജല ലഭ്യതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ.

പ്രസിദ്ധമായ അരുവിയ്ക്കൽ വെള്ളച്ചാട്ടം ഈ പഞ്ചായത്തിലാണ്. ഉദ്ദേശ്യം നൂറടിയോളം താഴ്ച വരും - ഇതിന്റെ ദർശനപരമായ ഘടകങ്ങൾ പരിഷ്കരിച്ച് ഒരു നല്ല ടൂറിസ്റ്റ് കേന്ദ്രം രൂപപ്പെടുത്താവുന്നതാണ്. വൈദ്യുതി ഉത്പാദനത്തിനുള്ള സാദ്ധ്യതകൾക്കും വേണ്ടി ഇവിടം പഠന വിധേയമാക്കേണ്ടതാണ്. വേനൽക്ക് ജലത്തിന്റെ അളവു കുറയുന്നതിനാൽ, നിലവിലുള്ള എം.വി.ഐ.പി.യുടെ ഏതെങ്കിലും ഒരു കനാൽ തുറന്നു വിട്ട് പ്രശ്നത്തിനു പരിഹാരം ഉണ്ടാക്കുവാൻ കഴിയും. ആവശ്യമായ പരസ്യവും പ്രചരണവും ഇല്ലാത്തതുകൊണ്ടാണ് ഈ വെള്ളച്ചാട്ടത്തിന്റെ പിന്നോക്കനിലയ്ക്കുള്ള കാരണങ്ങളെല്ലാം.

## മണ്ണ്

മലംകൃഷിയ്ക്കും റബറിനും തെങ്ങ് നെല്ല് മുതലായവയ്ക്കും ഉതകുന്നതാണ് ഇവിടുത്തെ മണ്ണ്. ചതുപ്പുകൾ ഒന്നും തന്നെയില്ല. മണൽ പ്രദേശങ്ങളും ഇല്ല. നിരന്ന പാറകളും ഇല്ല - അവയുടെ പോക്കറ്റുകൾ കുറെയെല്ലാമുണ്ട്-വെട്ടുകല്ലു നിറഞ്ഞ പ്രദേശങ്ങൾ ഉണ്ട്. അത്ര ശ്രമകരമല്ലാത്ത തരത്തിൽ കൃഷി ഭൂമിയാക്കി മാറ്റാൻ കഴിയുമെങ്കിലും സാധാരണ കൃഷിക്കാർക്ക് താങ്ങാനാവാത്ത അവസ്ഥയുണ്ട്. വളരെക്കാലമായതുകൊണ്ട് വീര്യം നഷ്ടപ്പെട്ടതല്ലാതെ, മണ്ണ് തീർത്തും വെയിസ്റ്റായി മാറിയിട്ടില്ല.

## ഭൂവിനിയോഗം

ഇതുസംബന്ധിച്ച പരാമർശങ്ങൾ ആരംഭത്തിലുണ്ട്. വിസ്തൃതിയുടെ മുഴുവൻഭാഗവും പലതരം കൃഷിയ്ക്കായി ഉപയോഗിച്ചുവരുന്നു. എല്ലാം സ്വകാര്യ വ്യക്തികളുടെ മേൽനോട്ടത്തിലും ഉടമസ്ഥതയിലുമാണ്. സർക്കാർ തോട്ടങ്ങളൊന്നും ഇവിടെയില്ല. മൈതാനങ്ങളുമില്ല. അമ്പലം പള്ളി മുതലായവയോടു ചേർന്ന് തരിശ്ശു ഭൂമികൾ ഒരുസ്ഥലത്തുമില്ല. തെങ്ങോ, റബറോ, അനുബന്ധ കൃഷികളോ ചെയ്തു വരുന്നു. ഉത്സവപ്പറമ്പുകൾ എന്ന നിലയിൽ ഒരിടത്തും ഒഴിവു പ്രദേശങ്ങൾ കാണുന്നില്ല.

റോഡ്, തോട്, അമ്പലം, പള്ളി, പുറംമ്പോക്കുകൾ എന്നിവയെ ഉൾപ്പെടുത്തി പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണത്തിന്റെ പത്ത് ശതമാനത്തിൽ താഴെ വരുന്ന ഭാഗമേ വിനിയോഗത്തിന്-കാർഷിക വിനിയോഗിക്കാതെ കിടപ്പുള്ളൂ.

## ജൈവസമ്പത്ത്

തത്സംബന്ധമായ സ്ഥിതിവിവരങ്ങൾ പട്ടികാരൂപത്തിൽ അന്യത്ര ചേർത്തിട്ടുണ്ട്.

## മനുഷ്യ വിഭവം

ഇതു സംബന്ധിച്ചും ഈ റിപ്പോർട്ടിന്റെ പലയിടത്തും പിന്നാലെ വരുന്നതിനാൽ ഇവിടെ പ്രത്യേക പരാമർശ വിധേയമാക്കുന്നില്ല. പുതിയ താലൂക്കുകൾ രൂപീകരിക്കുമ്പോൾ പരിഗണിക്കാൻ പറ്റിയത് പാമ്പാക്കുടയാകന്നു. ഇവിടെയുള്ള ബ്ലോക്കാസ്ഥാനത്ത് ആവശ്യത്തിന് സർക്കാർ ഭൂമിയണ്ട്.

അധ്യായം - 2

# പ്രാഥമിക മേഖല

## കൃഷിയും ജലസേചനവും

തികച്ചും ഒരു കർഷക ഗ്രാമമാണ് ഈ പഞ്ചായത്ത്. കുന്നുകൾ, ചരിവുകൾ, സമതലങ്ങൾ, പാടശേഖരങ്ങൾ ഇവയാണ് സമ്പന്നം. മുഖ്യ കൃഷി നെല്ലാണ്. കുന്നുകളിൽ റബ്ബർ. സമതലങ്ങളിൽ തെങ്ങ്, കമുക്, കുരുമുളക്, ജാതി, വാനില, കൊക്കോ എന്നിവയും ഇടവിളയായി വാഴ, കന്നാര, ഇഞ്ചി, മഞ്ഞൾ, മരച്ചീനി മുതലായവയും ഉല്പാദിപ്പിച്ചുവരുന്നു.

ചെറുകിട പരിമിത കർഷകരാണ് ഭൂരിഭാഗവും. 5 പാടശേഖര സമിതികൾ 12 നെല്ലുല്പാദക സമിതികൾ, 1 കേരവികസന സമിതി, 1 കു രുമുളകുവികസന സമിതി, 3 റബ്ബർ ഉല്പാദക സമിതി എന്നിവയാണ് ഇന്നു നിലവിലുള്ള കർഷക സംഘങ്ങൾ. 325 ഹെക്ടർ നിലവും, 2475 ഹെക്ടർ പുരയിടവും, 82 ഹെക്ടർ പുറമ്പോക്കും, 17 ഹെക്ടർ തരിശുമുൾപ്പെടെ 2899 ഹെക്ടർ സ്ഥലമാണ് ആകെയുള്ളത്.

പട്ടിക 5

### ഭൂവിനിയോഗം

| | വിനിയോഗം | വിസ്തീർണ്ണം |
|---|---|---|
| 1) | നെല്ല് 1 വിള (വിരിപ്പ്) | 300 ഹെക്ടർ |
| 2) | നെല്ല് 2 വിള (മുണ്ടകൻ) | 325 ഹെക്ടർ |
| 3) | നെല്ല് 3 വിള (പുഞ്ച) | 5 ഹെക്ടർ |
| 4) | പയർ | 175 ഹെക്ടർ |
| 5) | എള്ള് | 25 ഹെക്ടർ |
| 6) | പച്ചക്കറികൾ | 20 ഹെക്ടർ |
| 7) | തെങ്ങ് | 650 ഹെക്ടർ |
| 8) | വാഴ | 85 ഹെക്ടർ |
| 9) | മരച്ചീനി | 69 ഹെക്ടർ |
| 10) | കുരുമുളക് | 60 ഹെക്ടർ |
| 11) | പ്ലാവ് | 2 ഹെക്ടർ |
| 12) | കശുമാവ് | 1 ഹെക്ടർ |
| 13) | മാവ് | 1 ഹെക്ടർ |
| 14) | റബ്ബർ | 1256- |
| 15) | കമുക് | 5 - |
| 16) | കൊക്കോ | 10 - |
| 17) | ഇഞ്ചി | 10 - |
| 18) | ജാതി | 10 - |
| 19) | ഗ്രാമ്പു | 1 - |
| 20) | പൈനാപ്പിൾ | 44 - |

# കൃഷി

## 1. നെല്ല്

ഈ പഞ്ചായത്തിൽ മൊത്തം 325 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നു. നെൽകൃഷി സ്ഥലത്തെ 5 പാടശേഖരങ്ങളായി തിരിച്ചിരിക്കുന്നു. അവ (1) മേമുറി പാടശേഖരം (100 ഹെക്ടർ) (2) പിറമാടം പാടശേഖരം (50 ഹെക്ടർ) (3) ഓണക്കൂർ പാടശേഖരം (50 ഹെക്ടർ) (4) പെരിയപ്പുറം പാടശേഖരം (50 ഹെക്ടർ) (5) പാമ്പാക്കുട പാടശേഖരം 7 ഹെക്ടർ. ഈ പാടശേഖരങ്ങളിലെ കൃഷി നിർവഹിക്കുന്നതിന് 12 പാടശേഖര സമിതികളാണ്.

വർദ്ധിച്ച കൂലിചെലവ്, കർഷകതൊഴിലാളികളുടെ അഭാവം, ജൈവവളത്തിന്റെ ദൗർലഭ്യം, രാസവളങ്ങളുടേയും കീടനാശാനികളുടേയും വിലവർധനവ്, ജലസേചനത്തിനുള്ള അസൗകര്യം, യുവതലമുറക്ക് കാർഷിക വൃത്തിയിൽ താല്പര്യമില്ലായ്മ ഇവ മൂലം നെൽപാടങ്ങൾ നാണ്യവിളക്കായി പരിവർത്തനം ചെയ്തിട്ടുണ്ട്. നെൽകൃഷിക്ക് ലാഭകരമല്ലാത്തതിനാൽ യുവതലമുറയെ ആകർഷിക്കുവാൻ കഴയുന്നില്ല. കൃഷിഭൂമി തുണ്ടുതുണ്ടുകളായി കിടക്കുന്നതുകൊണ്ടും മൂപ്പുവ്യത്യാസമുള്ള വിവിധയിനം വിത്തുകൾ കൃഷിചെയ്യുന്നതുകൊണ്ടും കീടബാധ ഒഴിയാതെ നില്ക്കുന്നു. തൻമൂലം പൊതുവെ വിളവ് കുറവാകുന്നു.കൃഷിഭവൻ മുഖേന പാടശേഖര കമ്മറ്റികൾക്ക് സബ്സിഡിയോടുകൂടി ലഭിക്കുന്ന അത്യുല്പാദന ശേഷിയുള്ള വിത്തുകൾ, രാസവള കിറ്റുകൾ, കീടനാശിനികൾ, പമ്പുസെറ്റുകൾ, ഇവ ഇന്ന് കൃഷിക്ക് പൊതുവെ സഹായകരമാണ്. കൃഷിനാശം സംഭവിച്ച കർഷകർക്ക് സഹായം, കൃഷിക്ക് സൗജന്യ വൈദ്യുതി, കർഷക യുവാക്കൾക്ക് തൊഴിൽദാന പദ്ധതി, വിള ഇൻഷുറൻസ് മുതലായവയാണ് നിലവിലുള്ള കൃഷി വികസന പരിപാടികൾ.എന്നാൽ ഇവ തീരെ അപര്യാപ്തവുമാണ്.

മേമുറി പാടശേഖരത്തിന് 5 നെല്ലുല്പാദക സമിതികളും പിറമാടം പാടശെശേഖരത്തിൽ 2 നെല്ലുല്പാദക സമിതികളും ഓണക്കൂർ പാടശേഖരത്തിൽ 4 നെല്ലുല്പാദക സമിതികളും പാമ്പാക്കുട പാടശേഖരത്തിൽ 1 നെല്ലുല്പാദക സമിതിയും പിറമാടം പാടശേഖരത്തിൽ 2 നെല്ലുല്പാദക സമിതികളും നിലവിലുണ്ട്.

നമ്മുടെ ഗ്രാമ പഞ്ചായത്തിൽ 2 ഹെക്ടറിൽ മേൽ കൃഷി ചെയ്യുന്ന 170 വൻകിട കർഷകരും 1 ഹെക്ടറിനു മുകളിൽ 2 ഹെക്ടറിൽ താഴെ കൃഷി ചെയ്യുമന്ന ആയിരത്തോളം ചെറുകിട കർഷകരും 1 ഹെക്ടറിൽ താഴെ കൃഷി ചെയ്യുന്ന ആയിരത്തോളം കർഷകരും 1960 നാമമാത്ര കർഷകരും ഉണ്ട്. ആധുനിക രീതിയിലുള്ള കൃഷി സമ്പ്രദായം സ്വീകരിച്ച് ട്രാക്ടറുകൾ (12) ടില്ലറുകൾ (14) എന്നിവ ഉപയോഗിച്ചു കൃഷിയിറക്കിനുള്ള സമയം ലാഭിക്കുകയും കൂലിചെലവ് ഒരു പരിധിവരെ കുറക്കുവാൻ സാധിക്കുകയും ചെയ്യുന്നു. കീടബാധയെ തടയുന്നതിന് പാടശേഖര കമ്മറ്റികൾ 130 സ്പെയറുകൾ യഥാസമയം പ്രവർത്തിപ്പിക്കുന്നു.

1,3,4 എന്നീ വാർഡുകളിൽ കൂടി ഉഴവൂർ തോട് ഒഴുകുന്നു. ഒന്നാം വാർഡിലുള്ള കുളവയൽ - പുഞ്ചത്തോട് പടിഞ്ഞാറ് ഒഴുകി ഉഴവൂർ തോട്ടിൽ പതിക്കുന്നു. മറ്റൊന്നു വടക്കോട്ട് ഒഴുകി നാലാനിക്കുന്ന് - പുളിന്താനം കുന്ന് - അഞ്ചിച്ചിറ ഭാഗങ്ങളിലൂടെ സഞ്ചരിച്ച് ഉഴവൂർ തോട്ടിന്റെ മറ്റൊരു ഭാഗത്തു പതിക്കുന്നു. വാർഡ് 4 ൽ കുമ്പളക്കുന്നേൽപ്പടി മുതൽ പൂങ്കോട്ട് പടി വരെ ചെറുതോടൊഴുകുന്നു. 5,6 വാർഡുകളിൽ ഒഴുകി നാലാം വാർഡിനെ സ്പർശിച്ച് മുടക്കി തോട്ടിൽ ചേരുന്നതാണ് അരുവിക്കൽ - മുടക്ക് തോട് 4,5,6 വാർഡുകളിൽക്കൂടി 'മലയാം' തോടും ഒഴുകുന്നു. അരുവിക്കൽ നിന്നും വെള്ളംചേരി ഭാഗത്തു കൂടി പഴയ നാട്ടുതോട് അഞ്ചാം വാർഡിൽക്കൂടി ഒഴുകുന്നു. അരുവിക്കൽ കോനാട്ടു താഴം ചെറുതോട്, ഉറവുംപാടം ഇവ 5 ഉം 7ഉം വാർഡുകളിൽ കൂടി കടന്നു പോകുന്നു. 5 ൽക്കൂടി പാലപ്പിള്ളിത്താഴം എന്ന ചെറുതോടും ഒഴുകുന്നു. പൂങ്കോട്ട് - കവുങ്കോട്ടു തോട് കണികുന്നേൽ താഴം - ചൂരാലിൽ താഴം തോട്, തൊണ്ടൽ - കളപ്പുരത്താഴം കുഴുപ്പിള്ളിത്താഴം ചൂരാലിത്താഴം തോടുകൾ കുടി 5-ാം വാർഡിൽ കാണുന്നു.

6-ാം വാർഡിൽ പാണ്ടിപ്പിള്ളിത്താഴം - താറ്റുപാടം മടത്തേക്കാവ് - താറ്റുപാടം തോട് ഇവയുണ്ട്. ആശുപത്രിപ്പടി - മക്കിത്താഴം കാഞ്ഞിരം കുഴിത്തോട് ഇവ മറ്റുതോടുകളാണ്. 7--ാം വാർഡിലൂടെ പറക്കുളം - പെരുമാഞ്ചിറ വഴി മേമ്മുറിപ്പാടം നാട്ടുതോടൊഴുകുന്നു.

8-ാം വാർഡിലൂടെ ചെട്ടിക്കണ്ടം - ആറ്റുവേലിത്തോടൊഴുകുന്നു. ചേലയ്ക്കത്താഴം - ചാലുങ്കരത്താഴം മറ്റൊരു തോടാണ്. നെടുന്തടത്തിൽത്താഴം - മൂന്നുമുക്ക്, കുനംകുഴിത്താഴം - മൂന്നുമുക്കു തോട്, കരിങ്കുറ്റിക്കൽത്താഴം - കക്കാട്ടേൽത്താഴം തോട് എന്നിവ മറ്റ തോടുകളാണ്.

9-ാം വാർഡിലൂടെ പെരുങ്കുറ്റിക്കൽത്താഴം - കദളിമറ്റത്താഴം, കൊച്ചരീക്കൽ - ഇടുമുക്കുതോട്, നാമ്പടം - വലിയരീക്കൽ തോട് (ചെറുതും വലുതും), ചാലിക്കുളം - അരീക്കൽ തോട്, ഐക്കരക്കണ്ടം - മുന്നാനിക്കുഴി തോട്

എന്നിവയുമൊഴുകുന്നു. മേൽ തോടുകളിൽ ഉഴവൂർ തോട്ടിൽ മാത്രമാണ് 12 മാസവും ജലമുള്ളത്.

## ചിറകളെ സംബന്ധിച്ച വിശദാംശങ്ങൾ.

ഉഴവൂർ തോട്ടിൽ മൂന്നു ചിറകൾ:-

1) ചെമ്മിക്കാട്ട്, 2) മുട്ടുചിറ, 3) ഊരനാട്ടുചിറ.

അരീക്കൽ - മുടക്കുതോട്:-

1)കുന്നുമ്മേൽത്താഴം, 2) കാഞ്ഞിരംകുഴിത്താഴം,
3) കല്ലംപ്ലാക്കിൽത്താഴം, 4) പാലക്കോട്, 5) പത്തുപറപ്പടവ്, 6) ചേലക്കോട്.
7) കുമ്പളക്കുന്നേൽത്താഴം

## വറ്റാത്തകുളങ്ങൾ

വാർഡ് - 1
പെരിഞ്ചറക്കുളം, ഇരട്ടനാൽക്കുളം, പുഞ്ചക്കുളം

വാർഡ് - 2
മുട്ടത്തുകുളം, പുള്ളോലിക്കുളം, വിരിയപ്പള്ളിച്ചാല്, ചാലിക്കുളം, പെരുമ്മനം.

വാർഡ് - 3
കാരമലക്കുളം, വിച്ചാടൻ കുളം. കണ്ണൻ കുളം.

വാർഡ് - 4
മനയ്ക്കക്കുളം, മംഗലത്തുകുളം, പാറയ്ക്കാട്ടുകുഴിക്കുളം, ഇലവുങ്കൽക്കുളം, നടുവിലേടത്തുകുളം.

വാർഡ് - 5
കുഴിപ്പിള്ളിക്കുളം,മാനംകുളം, പുല്ലാന്തിക്കുളം, കുളങ്ങരക്കുളം.

വാർഡ് - 6
എരട്ടക്കുളം, നെടുമ്പാമ്പാക്കുടക്കുളം, മാക്കീക്കുളം.

വാർഡ് - 7
പെരുമാഞ്ചിറ, നീറുചിറ, വേലത്തിച്ചിറ, കുന്നത്തുകുളം, പറക്കുളം, വാര്യത്തുകുളം.

വാർഡ് - 8
പൊട്ടക്കുളം, ഒലിനാൽച്ചിറ, കല്ലിടുക്കിൽച്ചിറ, തടത്തിച്ചിറ.

വാർഡ് - 9
ചാലിക്കുളം, മുറിവായ്ക്കുളം, നെടുമ്പുറത്തുചിറ.

### തെങ്ങ്

നെൽക്കൃഷിയുൽപ്പാദനം ആദായകരമല്ലാത്തത് കൊണ്ട് നാണ്യവിള എന്ന നിലയിൽ നേരത്തെ ഉണ്ടായിരുന്നതിൽ കൂടുതൽ സ്ഥലങ്ങൾ തെങ്ങുകൃഷി ചെയ്യാൻ കർഷകർക്കു പ്രേരണ നൽകി. ഇന്ന് ഉദ്ദേശം 650 ഹെക്ടർ സ്ഥലം ഇതിനായി ഉപയോഗിച്ച് വരുന്നു 130026 തെങ്ങുകൾ ഈ സ്ഥലത്തുവളരുന്നു. ഇതിൽ നിന്നുമുള്ള ശരാശരി തന്നാണ്ടുൽപ്പാദനം 3150650 നാളികേരമാണ്. 5201040 നാളികേരം കിട്ടേണ്ട സ്ഥാനത്ത് മേൽ സൂചിപ്പിച്ച വിളവാണുണ്ടായത്.

തെങ്ങിന്റെ ഉൽപ്പാദനക്ഷമത കുറയുന്നതിനുള്ള കാരണങ്ങളിലൊന്ന് അശാസ്ത്രീയമായ കാർഷിക മുറകളാണ്. മറ്റൊരു ഘടകമാണ് വൃക്ഷസാന്ദ്രത. ഇടവിള കൃഷി സാധിക്കത്തക്കവിധത്തിൽ ഏക്കറിന് 75- 80 തെങ്ങകൾ വരെ നടാം. പക്ഷെ ഇവിടെ ഏക്കറിന് ശരാശരി 120 തെങ്ങുകൾ വരെ കാണുന്നു. വീടിനു നീക്കി വച്ച സ്ഥലം കൂടി കണക്കാക്കിയാൽ സാന്ദ്രത വീണ്ടും കൂടും. പുരയിടത്തിന്റെ വിസ്തീർണ്ണം കൂടുന്നതിനനുസരിച്ച് സാന്ദ്രത വീണ്ടും കൂടുന്നതായി കാണുന്നു. വൃക്ഷസാന്ദ്രത കൂടിയാൽ ഉൽപ്പാദനം കുറയുമെങ്കിലും, ആകെ ഫലം കൂടുമെന്ന് ഒരു കണക്കുണ്ട്. കർഷകരെ സംബന്ധിച്ചിടത്തോളം അതാണ് ആദായകരം. ഈ സാഹചര്യത്തിൽ

ശാസ്ത്രീയമായ കൃഷിരീതികൾ പ്രചരിപ്പിക്കുക വളരെ പ്രയാസമാണ്. ഇടവിളക്കൃഷിയും ശാസ്ത്രീയമായ കൃഷി മുറകളും സ്വീകരിക്കാതെ കൃത്യമയ അകലം സൃഷ്ടിച്ചതു കൊണ്ട്മാത്രം കൃഷിക്കാരുടെ മൊത്ത വരുമാനം വർദ്ധിക്കുകയില്ല.

ഈ അകലത്തിന്റെ കാര്യത്തിൽ മാത്രമല്ല നടീൽ സമ്പ്രദായത്തിലുമുണ്ട് തകരാറുകൾ. നികത്തിയ പാടശേഖരങ്ങളിലാണ് ഈ പ്രശ്നം കൂടുതലായീട്ടുള്ളത്. നല്ല വായുസഞ്ചാരവും നീർവാർച്ചയുമുള്ള മണ്ണാണ് തെങ്ങു കൃഷിക്ക് ഏറ്റവും അനുയോജ്യം. ജലാംശം കൂടുതലുള്ള സ്ഥലത്തു തെങ്ങിന്റെ തടിയിൽ വേരുകൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. അതിനാൽ നീർക്കെട്ടുള്ള സ്ഥലങ്ങളിൽ മൺകൂനകളിലാണ് ചെറുതൈകൾ നടേണ്ടത്. എന്നാൽ ഇവിടെ നീർക്കെട്ടുള്ള സ്ഥലങ്ങളിലും കുഴികൾ എടുത്തു തൈകൾ നടുന്നതായി കണ്ടുവരുന്നു. ചിലേടത്ത് കൂനകളിൽ നടുന്ന രീതി നിലവിൽ വന്നിട്ടുണ്ടെങ്കിലും അത് അപര്യാപ്തമാണ്. നീർക്കെട്ട് തീർക്കുന്നതിൽ കാര്യമായ ശ്രദ്ധ ഇതു വരെ ഉണ്ടയിട്ടില്ല.

ഉപയോഗിക്കുന്ന നടീൽ വസ്തു ഗുണനിലവാരം കുറഞ്ഞതാണ്. അത്യുല്പാദന ശേഷിയുള്ള ഇനങ്ങളെ അപേക്ഷിച്ച് പരമ്പരാഗത നാടൻ ഇനങ്ങൾ നടുന്നതിലാണ് കൃഷിക്കാർക്കു താല്പര്യം. കൂടുതൽ കാലം വിളവു നൽകുന്നതിനു നാടൻ ഇനങ്ങൾക്കു കഴിവുണ്ട് എന്നതാണ്. മറ്റൊന്ന് രോഗപ്രധിരോധശക്തി കൂടുതൽ ഉണ്ട്. നാടൻ ഇനങ്ങളിൽ തന്നെ മെച്ചപ്പെട്ട വിത്തുകൾ തിരഞ്ഞെടുക്കുന്നതിനുള്ള സൗകര്യം നിലവിലില്ല. കൂടാതെ ജലസേചന സൗകര്യവും കുറവാണ്.

ഇതിനെല്ലാം പരിഹാരമെന്നോണം 1992 ൽ സർക്കാർ സമഗ്രകേര വികസന പദ്ധതി നടപ്പിലാക്കി (C.C.D.P) 1995-96 സാമ്പത്തീക വർഷത്തിൽ ഈ പദ്ധതി പ്രകാരം 33 കർഷകർക്ക് പമ്പ് സെറ്റ് വാങ്ങുന്നതിന് 77995 രൂപയും ജലസേചന സൗകര്യത്തിനായി കിണർകുഴിക്കുന്നതിന്35 കർഷകർക്ക് 52120 രൂപയും സഹായം കൃഷി വകുപ്പിൽ നിന്നും നൽകിയിട്ടുണ്ട്. കേരവികസന സമിതി മുഖേന 3 സ്പ്രെയറുകൾ വാങ്ങുന്നതിന് 3000/- രൂപാ സബ്സിഡി അനുവദിച്ചിട്ടുണ്ട്.1995-96 വർഷത്തെ ഫണ്ടിൽ പമ്പ് സെറ്റ് വാങ്ങുന്നതിന് 7005 ബാക്കിയുള്ളതും ഉടൻ ചിലവഴിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. 1995-96 വർഷത്തെ അപേക്ഷകൾ കേരസമിതികൾ മുഖേന സ്വീകരിച്ച് കിണർ, പമ്പുസെററു എന്നിവയ്ക്കുള്ള അനുകൂല്യങ്ങൾ പഞ്ചായത്തു മുഖേന നടപ്പിലാക്കുവാൻ ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലക്ഷ്യമിട്ടിരിക്കുന്നത് 25 കിണർ, 30 പമ്പ്സെറ്റ് ഗ്രൂപ്പ് ഇറിഗേഷൻ സ്കീം ഒന്ന്.

കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതിയിൽ സബ്സിഡിയായി 3060,00/- രൂപാ പഞ്ചായത്ത് അനുവദിക്കുകയും ശ്രീ. എം.എ. പരമേശ്വരൻ നായർ കൺവീനറായുള്ള കമ്മറ്റിക്ക് കുളത്തിന്റെ നിർമ്മാണത്തിനായി 24225 രൂപാ അഡ്വാൻസായി അനുവദിക്കുകയും ചെയ്തു. പമ്പ്സെറ്റ് സ്ഥാപിക്കൽ, ടാങ്ക് നിർമ്മാണം എന്നീ പദ്ധതികളുടെ പുരോഗതി അനുസരിച്ച് പഞ്ചായത്തുമുഖേന ബാക്കി പണം വിനിയോഗിക്കാവുന്നതാണ്.

1996-97 വർഷം കേര കർഷകർക്ക് നൽകുന്നതിനായി 645 രാസവള കിറ്റുകൾക്കുള്ള അപേക്ഷ കേരസമിതി മുഖേന സ്വീകരിച്ചു വരുന്നു. പഞ്ചായത്തിൽ 3 സ്വകാര്യ മേഖലയിലും ഒരു സഹകരണമേഖലയിലുമായീട്ട് 4 രാസവല കേന്ദ്രങ്ങളാണുള്ളത്. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം ശാസ്ത്രീയമാക്കാനുള്ള സംവിധാനങ്ങളൊന്നും നാളിതുവരെ ഉണ്ടായീട്ടില്ല. ജൈവവളപ്രയോഗമാവട്ടെ കാലിസമ്പത്ത് ശോഷിച്ചതോടു കൂടി വളരെ കുറഞ്ഞുപോവുകയും ചെയ്തു.

വിദഗ്ദ്ധ കർഷക തൊഴിലാളികളെ കിട്ടാനില്ലാത്ത അവസ്ഥയാണിന്നുള്ളത്. ഈ രംഗത്ത് യന്ത്രോപകരണങ്ങളുടെ ഉപയോഗവും ഈ പ്രദേശത്തുണ്ടായീട്ടില്ല.

അത്യുൽപ്പാദനശേഷിയുള്ള സങ്കരയിനം വിത്തുകൾ ലഭ്യമാക്കുക. ശാസ്ത്രീയകൃഷിരീതി കർഷകർക്കു നൽകുക. നേഴ്സറികൾ നിർമ്മിച്ച് വിത്തുകൾ ഇവിടെ തന്നെ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുക. രോഗപ്രധിരോധമാർഗ്ഗങ്ങൾ കാര്യക്ഷമമായി നടത്തുക. വിദഗ്ധ ഉപദേശം ലഭ്യമാക്കുക. കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റി നല്ലയിനം തൈകൾ കൃഷിചെയ്യുക. ജലസേചന സൗകര്യം ഉണ്ടാക്കുക. കാലാകാലങ്ങളിൽ വളപ്രയോഗം ശാസ്ത്രീയമായി നൽകുക. ജൈവവള പ്രയോഗം പ്രോത്സാഹിപ്പിക്കുകയും ലഭ്യത ഉറപ്പു വരുത്തുകയും ചെയ്യുക.

## റബ്ബർ

ഉയർന്ന ഭാഗങ്ങൾ മുഴുവനും തെങ്ങ്, നെല്ല് കൃഷി ചെയ്തിരുന്ന കുറെ ഭാങ്ങളും ഇന്ന് ആളുകൾ റബ്ബർ കൃഷി ചെയ്തു വരുന്നു. 1256 ഹെക്ടർ സ്ഥലത്തു ഈ കൃഷി ചെയ്തു വരുന്നുണ്ട്. മൊത്തം ഉൽപ്പാദനം ഏകദേശം 1004,8 ടൺ ആണ്. തെങ്ങ്, നെല്ല് എന്നിവയെ അപേക്ഷിച്ച് കൂടുതൽ സാമ്പത്തിക നേട്ടം അനുഭവപ്പട്ടതിനെ തുടർന്ന് നല്ലൊരു വിഭാഗം ആളുകൾ ഈ കൃഷിയിലേക്കു മാറിക്കൊണ്ടിരിക്കുന്നു. മറ്റു രംഗങ്ങളിൽ കിട്ടുന്ന ധനസഹായത്തേക്കാൾ കൂടുതൽ ഈ കൃഷിക്കു റബ്ബർ ബോർഡിൽ നിന്നും അനുകൂല്യങ്ങൾ ലഭിച്ചു കൊണ്ടിരി

ക്കുന്നു. റബർ കർഷക സംഘങ്ങൾ രൂപീകരിച്ചും ഇല, മണ്ണ് ഇവ പരിശോധിച്ചും കർഷകർക്കു വേണ്ടമാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയും റബർകൃഷിക്കാരെ പ്രോത്സാഹിപ്പിക്കാൻ റബ്ബർ ബോർഡ് നിരന്തരം ശ്രദ്ധിക്കുന്നുണ്ട്.

തെങ്ങിൻ തോപ്പുകളിലും പുരയിടങ്ങളിലും ഇടവിളയായി കാച്ചിൽ, ചെറുകിഴങ്ങ്, കന്നാര, വാഴ, ഇഞ്ചി, മഞ്ഞൾ, കച്ചോലം, ചേന, ചേമ്പ്, മരച്ചീനി മുതലായവ കൃഷിചെയ്യുന്നുണ്ട്.

## കുരുമുളക്

കുരുമുളക് സമീപകാലത്ത് ദ്രുതവാട്ടം എന്ന രോഗത്തിന് അടിമപ്പെട്ടിരിക്കുകയാണ്. ഇതിനു പ്രതിവിധി നാളിതു വരെ കണ്ടുപിടിക്കപ്പെട്ടിട്ടില്ല. കറുത്ത പൊന്ന് എന്ന് അറിയപ്പെടുന്ന കുരുമുളകിന്റെ നാശം കർഷകന്റെ തീരാനഷ്ടമാണ്. കുരുമുളക് ശാസ്ത്രീയമായി കൃഷിചെയ്യുന്നതിനും മറ്റുമായി കൃഷിവകുപ്പിൽ നിന്നും സമിതികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നല്ലയിനം വിത്തുകൾ ഉൽപ്പാദിപ്പിച്ച് കർഷകന് നൽകുവാനുള്ള സംവിധാനം ഇന്നും കൈക്കൊണ്ടിട്ടില്ല. കുറെ നാമമാത്രമായ വളക്കിറ്റുകൾ നൽകുന്നുണ്ടെങ്കിലും അതൊന്നും ഈ കൃഷിയെ പ്രോത്സാഹിപ്പിക്കാൻ വേണ്ടത്ര സഹായകമാകുന്നില്ല. ഇന്നത്തെ നിലയിൽ പോവുകയാണെങ്കിൽ ഈ കൃഷി ഈ നാട്ടിൽ നിന്നും അപ്രത്യക്ഷ മാകാനാണ് സാദ്ധ്യത. മറ്റ് കാർഷിക മേഖലയെ അപേക്ഷിച്ച് ഈ കൃഷിക്ക് താരതമ്യേന ചിലവും അദ്ധ്വാനവും കുറവാണ്. എന്നാൽ ആദായം താരതമ്യേന കൂടുതലുമാണ്.

## പരിഹാരമാർഗ്ഗങ്ങൾ

1) തുണ്ടുഭൂമികൾ ലാഭകരമായി കൃഷിചെയ്യുവാൻ സാധിക്കുന്നില്ല. നെൽക്കൃഷിചെയ്യുന്ന തുണ്ടുതുണ്ടു ഭൂമികൾ കൂട്ടുകൃഷി സമ്പ്രദായത്തിൽ വിത്തിറക്കലും വിളവെടുക്കലും ഒരുമിച്ചാക്കിയാൽ കൂടുതൽ ലാഭകരമാക്കാം.

2) മണ്ണു പരിശോധനാ കാലാകാലങ്ങളിൽ നടത്തി വളപ്രയോഗം നിർദ്ദശിക്കണം.

3) അത്യുൽപ്പാദനശേഷിയുള്ള നല്ലയിനം വിത്തുകൾ കർഷകസമിതിക്ക് സൗജന്യമായി നൽകണം.

4) നെൽക്കൃഷിക്കാവശ്യമായ ജൈവവളവും രാസവളവും കീടനാശനികളും യഥാസമയം സൗജന്യ നിരക്കിൽ ലഭ്യമാക്കണം.

# ജലസേചനം

1) ഈ പഞ്ചായത്തിൽ ധാരാളം കുളങ്ങളും ചിറകളും ഉണ്ടെങ്കിലും വേണ്ടവണ്ണം പ്രയോജനപ്പെടുന്നില്ല. അതിനാൽ കുളങ്ങൾ താഴ്ത്തി വശങ്ങൾ കെട്ടുകയും, തോടുകളിൽ തടയിണകൾ നിർമ്മിച്ചും, ഉചിതസ്ഥാനങ്ങളിൽ പമ്പു സെറ്റുകൾ സ്ഥാപിച്ചും M.V.I.P യുടെ പണി പൂർത്തിയാകാത്ത കനാലുകൾ എത്രയും വേഗം പണിപൂർത്തിയാക്കി ലിംഗ് കനാലുകൾ സ്ഥാപിച്ചും അവ വഴി ജലം ഒഴുക്കിയും പഞ്ചായത്തുതലത്തിൽ ജീവനക്കാരെ നിശ്ചയിച്ചും ജലസേചന സൗകര്യം വർദ്ധിപ്പിക്കണം. നാട്ടുതോടുകൾ തെളിച്ചും കെട്ടിയും അപൂർണ്ണമായിക്കിടക്കുന്നത് പൂർണ്ണമാക്കുകയും ചെയ്യേണ്ടതാണ്.

2) കൃഷിനാശം ഉണ്ടാകാത്ത രീതിയിൽ ഡ്രൈനേജുകൾ പരിഷ്കരിക്കുകയും ഇല്ലാത്ത സ്ഥലങ്ങളിൽ നിർമ്മിക്കുകയും ചെയ്യുക.

3) ഈ പഞ്ചായത്തിൽ ആവശ്യമായ വിത്തുകൾ ഇവിടെത്തന്നെ ഉൽപ്പാദിപ്പിച്ച് ഇവിടെത്തന്നെ യഥാസമയം വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

4) പാടശേഖരങ്ങളിലേക്ക് അത്യാവശ്യമായ ഫാം റോഡുകൾ നിർമ്മിക്കണം.

5) കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുവാനും വിതരണം ചെയ്യുവാനുമുള്ള പൊതു കേന്ദ്രം ആരംഭിക്കണം.

6) കൃഷിക്കാർക്കുള്ള വായ്പാ സൗകര്യങ്ങൾ ഉദാരമാക്കുകയും എളുപ്പത്തിൽ ലഭ്യമാക്കാനുള്ള സൗകര്യങ്ങളും

ഉണ്ടാകണം.

7) പ്രകൃതിക്ഷോഭം മൂലം കർഷകർക്കുണ്ടാകുന്ന നഷ്ടം തക്ക സമയത്തു മുഴുവനായും നഷ്ടപരിഹാരമായി നല്കണം.

8) വിള ഇൻഷുറൻസിന്റെ ചുമതല ഗ്രാമപഞ്ചായത്തു ഏറ്റെടുക്കുന്നു.

9) കാർഷികവൃത്തി മാന്യമായ തൊഴിലായി പ്രഖ്യാപിക്കുകയും അർഹരായ കർഷകരെ കാലാകാലങ്ങളിൽ ആരംഭിക്കുകയും ചെയ്യുക.

10. നാളികേരത്തിത്തിനെ എണ്ണക്കുരുവായി പ്രഖ്യാപിച്ചിരിക്കുന്ന തറവില പുനഃപരിശോധിച്ച് അയ്യായിരമായി മാറ്റുകും ചെയ്യണം.

11. കാർഷികത്തൊഴിലാളികളുടെ കൂലിനിരക്കി പഞ്ചായത്തടിസ്ഥാനത്തിൽ ഏകീകരിക്കുക.

12. ഒരേ സ്വഭാവമുള്ള തൊഴിലുകൾക്ക് സ്ത്രീ പുരുഷ ഭേദമന്യെകൂലി നിശ്ചയിക്കുക.

13. പഞ്ചായത്തിന്റെ മേൽ നോട്ടത്തിൽ വാർഡുകൾ തോറും ജൈവവള യൂണിറ്റുകൾ ആരംഭിക്കണം.

14. കൃഷിക്കാർക്കാവശ്യമായ ട്രാക്ടർ, സ്പെയർ പമ്പുകൾ, കൊയ്യുന്നതിനും, മെതിക്കുന്നതിനുമുള്ള യന്ത്രങ്ങൾ, നടീൽ യന്ത്രങ്ങൾ എന്നിവ കർഷകസമിതികൾക്കും വ്യക്തിക്കൾക്കും നൽകണം.

15. പഞ്ചായത്ത് തലത്തിൽ തെങ്ങുകയറ്റ തൊഴിലാളികൾക്കു പരിശീലനവും സൗജന്യ ഇൻഷുറൻസും നൽകണം.

16. കർഷകന് സാങ്കേതിക ഉപദേശം കൃഷിവകുപ്പിൽ നിന്നും യഥാസമയം ലഭിക്കണം.

## ജലസേചനം പൂർത്തിയാക്കിയ പദ്ധതികൾ

1. 6-ാം വാർഡിൽ കല്ലംപ്ലാക്കൽ താഴത്തു ഒരു ക്രോസ് ബാർ 1993 ൽ പൂർത്തിയാക്കിയിട്ടുണ്ട്. ഏകദേശം 3 ഹെക്ടർ സ്ഥലത്ത് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

2. 7-ാം വാർഡിൽ മേമ്മുറി പാടം നടുതോടിന് വിസ്താരം വിസ്താരംകൂട്ടുകയും വശങ്ങൾ കെട്ടുകയും ചെയ്തു പൂർത്തിയാക്കി 6 ഹെക്ടർ സ്ഥലത്തു ഇതിന്റെ പ്രയോജനങ്ങൾ ലഭിക്കുന്നുണ്ട്.

3. വാതൃത്തു കുളത്തിന്റെ സംരക്ഷണം 3 ഹെക്ടർ സ്ഥലത്ത് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

4. മനയ്ക്കൽ - പുഞ്ചത്തോട് സൈഡ് സംരക്ഷണം ജോലികൾ പൂർത്തിയാക്കി - 5 ഹെക്ടർ സ്ഥലത്ത് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

5. (1) പാമ്പാക്കുട ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൽപ്പെടുത്തി മോട്ടോറും പമ്പുസെറ്റും സ്ഥാപിച്ചു. പ്രയോജനം 18 ഹെക്ടർ സ്ഥലത്ത്.

6. (2) ,,

7. ഒന്നാം വാർഡിൽ മുട്ടത്തുകുളം നന്നാക്കി 4 ഹെക്ടർ സ്ഥലത്തു പ്രയോജനം കിട്ടുന്നു.

8. എട്ടാം വാർഡിൽ തെക്കേത്താഴം പുഞ്ച - വശം കെട്ടി സംരക്ഷിച്ചു 1994 ൽ. പ്രയോജനം 6 ഹെക്ടർ സ്ഥല്ത്തു കിട്ടുന്നു.

9. മാടപ്പറമ്പിൽ താഴത്തു അരീക്കൽ - മുടക്കിൽ തോടിൽ ഒരു ക്രോസ്സ് ബാർ നിർമ്മിച്ചു. 9 സ്ഥലത്തു പ്രയോജനം.

10. അരീക്കൽ - മുടക്കിൽ തോടിലുള്ള മൂന്നു മുക്കിൽ സംരക്ഷിക്കുന്ന ഭിത്തികെട്ടി ക്രോസ്സ് ബാർ നിർമ്മിച്ചു. പ്രയോജനം 8 ഹെക്ടർ സ്ഥലത്തു ലഭിക്കുന്നു.

11. പുല്ലാന്തിക്കുളം നന്നാക്കി. പ്രയോജനം 4 ഹെക്ടർ സ്ഥലത്തു കിട്ടുന്നു.

12. ഊറനാട്ടു ചിറ നന്നാക്കി പ്രയോജനം 54.58 ഹെക്ടർ സ്ഥലത്തു ലഭിക്കുന്നു.

13. അഞ്ചാം വാർഡിൽ മരങ്ങാട്ട് പാടം തൊട്ട് തോടു നന്നാക്കി 8 ഹെക്ടർ സ്ഥലത്തു പ്രയോജനം.

14. ആറാം വാർഡിൽ - അരീക്കൽ - മുടക്കിത്തോടു നന്നാക്കുകയും സൈഡ് സംരക്ഷണ ജോലികൾ ചെയ്തു. 6 ഹെക്ടർ സ്ഥലത്തു പ്രയോജനം.

15. മാനാളായി താഴം തോടിന്റെ വശങ്ങൾ കെട്ടി സംരക്ഷണ ജോലികൾ നിർവ്വഹിച്ചു. 402 ഹെക്ടർ സ്ഥലത്തു

പ്രയോജനം.

16. ആനാട്ടേൽ താഴെ തോട് സൈഡ് സംരക്ഷണം. 8 ഹെക്ടർ സ്ഥലത്തു പ്രയോജനം.

17. കുളവയൽ പുഞ്ച ആഴവും വിസ്താരവും കൂട്ടി വശങ്ങൾ കെട്ടി. 40 ഹെക്ടർ സ്ഥലത്തു പ്രയോജനം കിട്ടി.

18. ആറാം വാർഡിൽ തോട്ടുങ്കൽ താഴം കാഞ്ഞിരം കുഴിത്താഴം തോടിന്റെ വശങ്ങൾ കെട്ടി 6 ഹെക്ടർ സ്ഥലത്തു പ്രയോജനം.

19. ഊറനാട്ടു തോടിന്റെ സംരക്ഷണ ഭിത്തി കെട്ടി. 25 ഹെക്ടർ സ്ഥലത്തു പ്രയോജനം.

20. ഏഴാം വാർഡിൽ മേമ്മുറിപ്പാടംനാട്ടു തോടിന്റെ വശങ്ങൾ സംരക്ഷണഭിത്തി കെട്ടി. 2ഹെക്ടർ സ്ഥലത്തിനു പ്രയോജനം. മറിയായി കരട്ട തൊട്ടിൽ നിന്നും.

22. ഏഴാം വാർഡിൽ തൃക്കോത്താഴം പുഞ്ചത്തോടിന്റെ വീതിയും ആഴവും കൂട്ടി സംരക്ഷണഭിത്തി കെട്ടി. 16 ഹെക്ടർ സ്ഥലത്തു പ്രയോജനം.

23. ഒമ്പതാം വാർഡിൽ കൊച്ചരിക്കൽ വാട്ടർ ഷെഡ് പദ്ധതിയിൽ കയ്യാല സബ്സിഡിയായി 77000 രൂപയും തെങ്ങിന് തടം എടുക്കുന്നതിന് 109988 രൂപയും വളക്കുഴി നിർമ്മാണത്തിന് 2289 രൂപയും അനുവദിച്ചു. കക്ക, തുരിശ്, വളം എന്നിവയ്ക്കായി 40713 രൂപ ചിലവഴിച്ചു. 91200 രൂപയുടെ കാലിത്തീറ്റ വിതരണം ചെയ്തു. 1000 രൂപ സബ്സിഡി നിരക്കിൽ 75 തയ്യൽ മെഷീൻ വിതരണം ചെയ്തു. 3400 രൂപയുടെ മിനറൽ മിക്സ്ചർ വിതരണം ചെയ്തു. സോയിൽ കൺസർവ്വേഷൻ മുഖേന കയ്യാല, തെങ്ങിനു തടം, സോയിൽ കിറ്റ് എന്നിവയ്ക്കായി മൊത്തം 73000/- രൂപയ്ക്കുള്ള അപേക്ഷകൾ സ്വീകരിച്ച് തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പച്ചക്കറി വികസനത്തിനായി 5500/- നടപ്പുവർഷം ചിലവഴിച്ചു. ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി പ്രകാരം കർഷകർക്കായി 13500 സബ്സിഡി അനുവദിച്ചു. കൂടുതൽ കർഷകരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

## നിർദ്ദേശങ്ങൾ

1. വട്ടക്കുന്നേൽ ഭാഗം നാലാനിക്കുന്ന്, പുളിന്താനംകുന്ന് എന്നീ സ്ഥലങ്ങളിൽ കൃഷിക്കാവശ്യമായ ജലം ലഭ്യമാക്കണം. ഇരട്ടനാൽക്കുളം, പെരുഞ്ചറക്കുളം ഇവ താഴ്ത്തി വശങ്ങൾ കെട്ടി ജലസേചനം വർദ്ധിപ്പിക്കുക.

2. ഒന്നാം വാർഡിലെ ചിറകളും കൈതോടുകളും നന്നാക്കി ജലസേചനത്തിന് സൗകര്യം ഉണ്ടാക്കുക.

3. ഓണക്കൂർ ചത്തംപടവ് പാടത്തിന്റെ നട കെട്ടുക, കുളവയൽ പുഞ്ചത്തോടിന്റെ വശം കെട്ടുക, കടലായിത്തോട് വീതികൂട്ടി ജലംസംഭരിച്ച് കൃഷിക്ക് ഉപയോഗിക്കത്തക്കവിധത്തിൽ ലീഡിംഗ് ചാനൽ നിർമ്മിക്കുക.

4. കിഴക്കനടി വെള്ളനടി നിലങ്ങളുടെ വശങ്ങൾ കെട്ടുക, ഇരുവാക്കത്തോട് വശം കെട്ടുക. പൂള്ളോലിക്കുളം, പെരുമാനത്തുകുളം, ഞാറക്കുളം, വിരിയപ്പിള്ളിച്ചാൽ ഇവ താഴ്ത്തി കെട്ടി ലീഡിംഗ് ചാനൽ നിർമ്മിച്ച് ഉഴവൂർ തോട്ടിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ നടപ്പാക്കുക.

5. ഉഴവൂർ തോടിന്റെ ഇരു സൈഡും കെട്ടി മണ്ണിടിച്ചിൽ തടയുക. ഊറനാട്ട് ചിറയിൽ നിന്നുംപടിഞ്ഞാറോട്ടും കിഴക്കോട്ടുമുള്ള ലീഡിംഗ് ചാനൽ താഴ്ത്തുകയും ചെയ്യുക.

6. ഉഴവൂർ തോട്ടിൽ സ്ഥാപിക്കുന്ന ലിഫ്റ്റ് ഇറിഗേഷന്റെ പ്രയോജനം മൂന്നാം വാർഡിലെ പാടശേഖരങ്ങൾക്കും ലഭ്യമാക്കുക. ഊറനാട്ടുചിറ പാടശേഖരങ്ങളിലുള്ള മുഴുവൻ ലീഡിംഗ് ചാനലുകളും താഴ്ത്തി സൈഡ് കെട്ടി സംരക്ഷിക്കുക.

7. താമരച്ചാൽനിന്നും തോട് നിർമ്മിക്കുക.

8. ഉഴവൂർ തോടുമുതൽ വടക്കോട്ട് എണ്ണക്കലോടി വരെ വശങ്ങൾ കെട്ടുക.

9. പൂവള്ളി മുതൽ പുഞ്ചത്തോടുവരെ വശങ്ങൾ കെട്ടുക.

10. കാരിക്കഴി മുതൽ ചാലിതു ചിറ വരെയും താമരച്ചാൽ മുതൽ വാരിക്കാട്ട് വരെയും വശങ്ങൾ കെട്ടുക.

11. ഉഴവൂർ തോട്ടിൽ ചാലിയത്തു ചിറയിൽ ചെക്കുഡാം നിർമ്മിക്കുക.

12. ഫാം റോഡുകൾ നിർമ്മിക്കുക.

13. ചെമ്മിക്കാട് ചിറ വരെ വശങ്ങൾ കെട്ടുക.

14. അരുവിക്കൽ - മുടക്കനൊട്ടുതോട്ടിൽ വശങ്ങൾ കെട്ടുക.

15. കുമ്പതു കുന്നേൽപ്പടി മുതൽ പൂക്കോട്ടു പടി വരെ തോടിന്റെ വശങ്ങൾ കെട്ടുക.

16. ഇലവനാൽ പാടത്തു ലീഡിംഗ് ചാനൽ നിർമ്മിക്കുക.

17. M.V.I.P. യിൽ നിന്ന് കല്ലറപ്പാടം , ചാലിയത്തുചിറ റോഡ് പുതിയന്തടം ഭാഗത്തു നിന്നും വടക്കനാൽപ്പാടം വരെ ലീഡിംഗ് ചാനൽ നിർമ്മിക്കണം.

18. അരുവിക്കൽ, വാഴമറ്റം, ഊത്തുകുഴി, പുതുവാ, ചെറുകുറ്റിക്കാട്, ചന്ദ്രത്തിൽത്താഴം അരുവിക്കൽ മുടക്കു നാട്ടു തോട് എന്നീ ഭാഗങ്ങളിൽ ക്രോസ്സ് ബാറുകളും ട്രാക്ടർ പാലങ്ങളും നിർമ്മിക്കുക.

19. പാലക്കാട്ട് കുഴി മുതൽ താക്കോലിപ്പാടം വരെ ഉപകനാൽ നിർമ്മിക്കുക.

20. തോട്ടത്തിൽപ്പടി, ചാലിയത്തുചിറ റോഡ് മുറിച്ചുകയക്കുന്ന ഭാഗത്തു നിന്നും പാഴുക്കോട്ടിൽത്താഴം വരെ ഉപകനാൽ നിർമ്മിക്കുക.

21. ചെമ്മിക്കാവു ചിറയിൽ നിന്നും മുട്ടത്തുപാടത്തേയ്ക്കു വെള്ളം കൊണ്ടു പോകുന്ന തോടിന്റെ വശങ്ങൾ കെട്ടുക.

22. പഞ്ചായത്തു മോട്ടറിൽ നിന്നും വെള്ളം കൊണ്ടു പോകുന്ന ചാനലിന്റെ വശങ്ങൾ കെട്ടുക.

23. M.V.I.P യുടെ രാമംഗലം ബ്രാഞ്ചുകനാലിൽ നിന്നും അരുവിക്കൽ ഭാതത്തുനിന്നും 200 മീറ്റർ പടിഞ്ഞാട്ട് മാറി മാളികയിൽതാഴം, പാലപ്പിള്ളിത്താഴം കയാനി ലക്ഷം വീടു കോളനി, കണികുന്നെൽത്താഴം, കുടി താറ്റു പാടം ഭാഗത്തേക്ക് ഒരു സബ് കനാൽ ആരംഭിക്കണം.

24. ഉറവുപാടം മുതൽ കോനാട്ടു താഴം വരെയും കളപ്പുരത്താഴം മുതൽ ആലുങ്കൽത്താഴം വരെയും മുതുകുളം മുതൽ ചന്ദ്രത്തിൻ താഴം വരെയും കുഴുപ്പള്ളിത്താഴം മുതൽ ചൂരാലിത്താഴം വരെയും പുല്ലാന്തിക്കുളം മുതൽ ചന്ദ്രത്തിൻ താഴം വരെയും വശങ്ങളിലെ ഭിത്തികെട്ടുക.

25. അഞ്ചൽപ്പെട്ടി - കയനി റോഡ് മുതൽ കുഴുപ്പള്ളിത്താഴം വരേയും തോടിന്റെ വശം കെട്ടേണ്ടതാണ്.

26. വട്ടക്കുളം മുതൽ പടിഞ്ഞറ് കുഴുപ്പള്ളിത്തോട് വഴി ചൂരാലിത്താഴം വരെയും, ആശുപത്രിപ്പടി - കോച്ചേരിപ്പടി ക്കുളം റോഡിന് താഴെ ചൂരാലിൽ താഴം മുതൽ ആശുപത്രി വരെയും റോഡിന്റെ സൈഡ് കെട്ടി ബലപ്പെടു ത്തുക.

27. രാമമംഗലം, പാമ്പാക്കുട ലിഫ്റ്റ് ഇറിഗേഷന്റെ അവസാന ഭാഗത്തുനിന്നും ആളോത്തുമാരി വരെ ഒരു ലീഡിംഗ് ചാനൽ നിർമ്മിക്കണം.

28. അരീക്കൽ മുതൽ മുട്ടത്തുതാഴം വരെയും നടപ്പുറത്തുനിന്നും പറയൻക്കുടിതാഴംവഴി ഞാറ്റുതൊട്ടിവരെയും പറയൻക്കുടിതാഴം മുതൽ പറയിടം വരെയും വീണ്ടും പറയൻക്കുടിതാഴം മുതൽതൊണൽ വരെയും പാലപ്പി ള്ളിത്താഴം വരെയും അരുവിക്കൽത്താഴം മുതൽ വലതുവശത്തു കരിം തകരമാരി ഞവരാൽ പുത്തംകുള ങ്ങര കോളനി ഭാഗത്തേയ്ക്കും ഓരോ ലീഡിംഗ് ചാനൽ നിർമ്മിച്ച് ജലസേചന സൗകര്യം നിലനിറുത്തണം.

29. കുഴുപ്പിള്ളിത്താഴം പഞ്ചായത്തുകുളം മുതൽ ഒരു ലീഡിംഗ് ചാനൽ നിർമ്മിക്കുക.

30. M.V.I.P. യുടെ മാമലശ്ശേരി കനാലിൽനിന്നും എറുമ്പേത്തുപടി ഇരട്ടക്കുളം ഭാഗത്തുകൂടി കുളവേലി പുഞ്ചയി ലേക്കും ലീഡിംഗ് കനാൽ അനുവദിക്കണം. ടി കനാലിന്റെ എഴുമോളേൽ ഭാഗത്തു നിന്നും ഒരു ലീഡിംഗ് ചാനൽ തെക്കോട്ടുപോയി താററുപാടം ഭാഗം വരെ എത്തണം. മടത്തേക്കാവ് താഴം റോഡ് ചാലുനിലം വരെ ലീഡിംഗ് ചാനൽ നിർമ്മിക്കണം.

31. ആലുഞ്ചരിത്താഴത്തു നിന്നും ആനാട്ടേൽത്താഴം വരെ ലീഡിംഗ് ചാനൽ നിർമ്മിക്കണം. ആനാട്ടേൽത്താഴം ചാറ്റുപാടം റോഡിന്റെ വശംകെട്ടുക. തോട്ടുങ്കൽ കല്ലുംപ്ലാക്കൽത്താഴം, ചൂരാലിത്താഴം-മാക്കിത്താഴം, പൊമ്മിക്കര മലത്താഴം-കാളക്കുഴിത്താഴം, എന്നീ തോടുകൾ ഇരു സൈഡും കെട്ടുക.

32. പെരുമാംചിറ, കുന്നത്തുകുളം, കണിയാൻ കുളം എന്നിവ നന്നാക്കി ജലസേചനത്തിന് സൗകര്യപ്പെടുത്തണം. നീറുചിറയുടെ താഴേട്ടുള്ള ഭാഗത്തു തോടിന്റെ വശങ്ങൾ കെട്ടുക. പറക്കുളം മുതൽ പെരുമാൾ ചിറവരെ ലീഡിംഗ് ചാനൽ നിർമ്മിച്ച് വശങ്ങൾ കെട്ടുക. വാര്യത്തുകുളത്തിന്റെ താഴെയുള്ള ലീഡിംഗ് ചാനലിന്റെ പണിപൂർത്തിയാക്കുക. പാമ്പാക്കുട ലിഫ്റ്റ് ഇറിഗേഷൻ കനാലിൽ നിന്നും ലീഡിംഗ് ചാനൽ തെക്കോട്ടും പടിഞ്ഞാട്ടും നീട്ടുക.പെരുമാഞ്ചിറ - പഴപ്പുരത്താഴം വരെയുള്ള തോടിന്റെ കെട്ടാത്ത ഭാഗങ്ങൾ സൈഡ്ഭിത്തി കെട്ടുകയും വശങ്ങൾ കോൺക്രീറ്റ് ചെയ്യുകയും ചെയ്യുക.

33. M.V.I.P. യുടെ മാമ്മലശ്ശേരി M.I.D യിൽ നിന്നും എറുമ്പോത്തുപടി - ആലുങ്കേരി ഭാഗത്തു ഒരു ലീഡിംഗ് ചാനൽ വെട്ടി ഉയർന്ന സ്ഥലങ്ങളിൽ വെള്ളം എത്തിക്കുക.

34. നാലുകണ്ടം ഭാഗത്തേക്ക് കൃഷിയാവശ്യത്തിന് പാമ്പാക്കുട ലിഫ്റ്റ് ഇറിഗേഷൻ കനാലിൽ നിന്നും ലീഡിംഗ് ചാനൽ നിർമ്മിക്കുക.

35. ചുണ്ടൻ മലയിൻ താഴം മുതൽ കപ്പക്കാട്ട് താഴം വരെ പെരും തോടിന്റെ വശങ്ങൾ കെട്ടുക.

36. പുല്ലാട്ട് മഠം മുതൽ പടിഞ്ഞാറേക്കുടി വരയുള്ള തോട് കെട്ടി ജലസേചനം വർദ്ധിപ്പിക്കുക. കുട്ടൻ ചിറ വിസ്താരപ്പെടുത്തി ജലസേചന സൗകര്യം കൂട്ടുക. ചാലുങ്കൽ താഴം മുതൽ - ചേലക്കൽത്താഴം വരെ തോടിന്റെ വശങ്ങൾ കെട്ടുക. തട്ടച്ചിറ വശങ്ങൾ കെട്ടുക. പാമ്പാക്കുട ലിഫ്റ്റ് ഇറിഗേഷനിൽ നിന്നും കല്ലേലി മറ്റം ഭാഗത്തേക്കും ചേലിക്കൽ ഭാഗത്തേക്കും സബ് കനാൽ നിർമ്മിക്കുക. നെയ്ത്തുശാലപ്പടി റോഡ് സൈഡിൽക്കൂടി ഒരു ലീഡിംഗ് ചാനൽ നിർമ്മിക്കുക. മൂവാറ്റുപുഴ വാലിയുടെ രാമമംഗലം M.D പൂർത്തിയാക്കുക.

37. ചെത്തുനാൽ ചിറകെട്ടി സംരക്ഷിക്കുക. നെടുംതടത്തിൽ നിന്നും മൂന്നുമുക്കു വരെ തോട് സൈഡ് കെട്ടുക. മാതേക്കര ഭാഗത്തുനിന്നും തെക്കുഭാഗത്തേക്ക് ലീഡിംഗ് ചാനൽ നിർമ്മിക്കുക. വെളിനാൽ ചിറകെട്ടി സംരക്ഷിക്കുക. ഒലിപ്പാട് ഭാഗത്തുനിന്നും കക്ഷായിഭാഗം കൂടി മാരിത്താഴത്തെക്ക് സബ് കനാൽ നിർമ്മിക്കുക. കൂനം കുഴി കൊട്ടയിൽ നിന്നും വെള്ളം പോകുന്ന തോട്കെട്ടുക. കരീം കുറ്റിക്കൽ താഴം മുതൽ വെള്ളാപ്പിള്ളിത്താഴം വരെ തോട് സൈഡ് കെട്ടുക. ചേലക്കൽത്താഴം മുതൽ ചാലുങ്കൽ താഴം വരെയുള്ള തോടിന്റെ ഇരുവശവും കെട്ടുക. മൂന്നു മുക്കു മുതൽ കപ്പക്കാടു വരെ പെരും തോടിന്റെ വശങ്ങൾ കെട്ടുക. മാളികത്താഴം മുതൽ അറക്കക്കുളങ്ങര താഴം വരെ തോട് താഴ്ത്തി വീതികൂട്ടുക.

38. കനാലുകൾ ഇല്ലാത്ത ഉയർന്ന പ്രദേശമായ ഒമ്പതാം വാർഡിന്റെ ഭാഗങ്ങളിൽ നാവോളി മറ്റം വരെ ലിഫ്റ്റ് ഇറിഗേഷൻ നടപ്പാക്കി ജലസേചനസൗകര്യം ഉണ്ടാക്കുക.

39. അരീക്കൽ ചെക്കുഡാം എത്രയും വേഗം പൂർത്തിയാക്കുക. നാമ്പടം മുതൽ അരുവിക്കൽ വരെയും ചാലിക്കൽ മുതൽ അരുവിക്കൽ വരെയും കപ്പപ്പിള്ളിത്താഴം മുതൽ കദളിമറ്റം വരേയും പാറയ്ക്കാമാരി മുതൽ ഇടുമുക്ക് വരെയും ഉള്ള തോടിന്റെ സൈഡ് കെട്ടുക.

# മൃഗപരിപാലനം

അധികം പുറകോട്ടില്ല. ഏറിയാൽ 3 പതിറ്റാണ്ട് അല്ലെങ്കിൽ 4. അതിനകം ഈ രംഗത്തുണ്ടായ മാറ്റങ്ങളെ മാത്രമേ പരിശോധിക്കുന്നുള്ളു. അതും ഹ്രസ്വമായി. വളർത്തുന്നവയിൽ മുഖ്യം കന്നുകാലിയാണ്. കറവക്ക്, ഉഴവിന്, വണ്ടിക്ക്. ഇന്ന് കറവക്കാണ് പ്രാധാന്യം. ഉഴാൻ യന്ത്രങ്ങളും, ഗതാഗതത്തിന് മോട്ടോർ വാഹനങ്ങളും വന്നതോടെ കാളയ്ക്കുണ്ടോ വല്ല പ്രധാന്യവും? അപൂർവ്വം ചിലർ ഉഴവിന് ഉപയോഗിച്ചെങ്കിൽ ആയി. പണ്ട് നാടൻ പശുക്കൾ ധാരാളം. അവ തരുന്ന പാലിന്റെ അളവ് നിസ്സാരം. രണ്ടിടങ്ങഴിപ്പാൽ കറക്കുന്ന പശു ഒരു വലിയ അത്ഭുതം തന്നെ. ഇന്ന് 6ഉം 8ഉം 12ഉം ലിറ്റർ പാൽ കറക്കുന്ന പശുക്കൾ പോലും ഒരു വാർത്തയല്ല.

ഗുണമേന്മയുള്ള സങ്കരവർഗ്ഗം പ്രചാരത്തിലായതാണ് ഇതിനു കാരണം മിക്കവീടുകളിലും അത്യുല്പാദനശേഷിയുള്ള പശുക്കളാണ് ഇന്നുള്ളത്. പാലിന്റെ ഉപയോഗം ഇന്നു വളരെ കൂടിയിട്ടുണ്ട്. ക്ഷീരസംസ്ക്കരണ വ്യവസായം ഇന്നിന്റെ സൃഷ്ടിയാണ്. ചായ, കാപ്പി മുതലായവ പണ്ട് ഒരു അപൂർവ്വ പാനീയമായിരുന്നു. പഴങ്കഞ്ഞിയും, ചോറും മാത്രമാണ് മിക്കവീടുകളിലെയും ഭക്ഷ്യം. ഇന്ന് ആ നിലയില്ല. കാപ്പിയും ചായയും ഏതുസമയവും ഉപയോഗിച്ചു വരുന്നു. ചായപ്പീടികകൾ പെരുകി. പുറത്തു സഞ്ചരിക്കുന്നവർ ധാരാളം. ജനസംഖ്യയും അനേകം മടങ്ങായി. പാലിൽ നിന്നും പുതിയ പല ഉപജന്യപദാർത്ഥങ്ങളും വിപണിയിലായി.

മിൽമപോലെയുള്ള സംഭരണവിപണന പ്രസ്ഥാനങ്ങൾ നിലവിൽ വന്നു. വെണ്ണയുടേയും നെയ്യിന്റെയുമൊക്കെ ഉപയോഗം വർദ്ധിച്ചു. സ്വന്തം ആവശ്യത്തിനുള്ള പണ്ടത്തെ സമീപനം പൊയ്പോയി. നാട്ടിൻ പുറങ്ങളിൽ പാലുല്പാദനം ഒരു നല്ല ജീവനോപാധിയാക്കി മാറ്റാൻ സാദ്ധ്യത വളരെയാണ്. പിന്നോക്ക വരുമാനക്കാരായ ഗ്രാമീണരെ സംബന്ധിച്ചിച്ച് പ്രത്യേകിച്ചും. പക്ഷേ ഈ രംഗവും ഒരുപാട് വെല്ലുവിളികളെ നേരിട്ടുവരുന്നു.

പണ്ട്, ചവറു മലകളും പുല്ലുനിറഞ്ഞ വെളിംപ്രദേശങ്ങളും പാടശേഖരവും സുലഭമായിരുന്നു. അവിടേക്കു

കാലികളെ അഴിച്ചുവിട്ടു തീറ്റിക്കാൻ സൗകര്യമുണ്ടായിരുന്നു. പുല്ലും പച്ചിലകളും വേണ്ടത്ര. ഇന്ന് അതെല്ലാം പൊയ്പോയി. റബ്ബർതോട്ടങ്ങൾ വന്നു. തരിശു ഭൂമികൾ തീർന്നു. പുൽപ്രദേശങ്ങൾ മാഞ്ഞു. ഇന്ന് പ്രകൃതിയിൽ നിന്നും നേരിട്ടു ഭക്ഷ്യം കിട്ടാത്ത അവസ്ഥ.

മനുഷ്യരേപ്പോലെ മൃഗങ്ങൾക്കും പ്രിപ്പേഡ് ഫുഡ്കൊണ്ടു ജീവിക്കേണ്ട സ്ഥിതി. ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തനം വിൽപ്പനരംഗത്ത് സഹായം ചെയ്തുവരുന്നു. പക്ഷെ, പഞ്ചായത്തു പ്രദേശങ്ങളിൽക്കൂടി സംഘം പ്രവർത്തനം തുടങ്ങേണ്ടതുണ്ട്. ഇല്ലങ്കിൽ വിപണനം ഫലപ്രദമാവില്ല. മൃഗാശുപത്രിയുടെ പ്രവർത്തനവും കാലിവളർത്തലിനെ പോഷിപ്പിക്കുന്ന ഘടകങ്ങൾ തന്നെ. കുറേക്കൂടി വ്യാപകമായാൽ ഏറെ നന്ന്. അതിന് യുക്തമായ സ്ഥാനങ്ങളിൽ പുതിയ ആശുപത്രികൾ ഒന്നോ രണ്ടോ കൂടി സ്ഥാപിച്ചാൽ മതിയാകും.

പശുവളർത്തൽ ഗ്രാമീണർ ഉപേക്ഷിക്കേണ്ട സ്ഥിതിയിലേക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നതെന്ന് തോന്നുന്നു. കാലിത്തീറ്റയുടെ അമിതവില സഹകരണസംഘങ്ങൾ ഉത്പാദകരുടെ താത്പര്യത്തിനല്ല, അവരുടെ വളർച്ചക്കാണ് ഇന്ന് ഊന്നൽ നല്കുന്നത്. പിണ്ണാക്ക് മുതലായവ ചില സീസണിൽ വിലക്കുതന്നെ കിട്ടാനില്ലാത്ത സാഹചര്യവും ഉണ്ടാകുന്നുണ്ട്. ഇവക്കെല്ലാം ഫലപ്രദമായ പരിഹാരമുണ്ടായാലേ ഈ രംഗം മെച്ചപ്പെടുത്തിയെടുക്കാനാവൂ. കാലികളുടെ ചാണകം ഒരു നല്ല ജൈവവളമാണല്ലോ. അതിനുവേണ്ടിയെങ്കിലും മൃഗപാലനം മെച്ചപ്പെടുത്തേണ്ടതുണ്ട്. പാലുപോലെതന്നെ കാലികളുടെ മാംസത്തിന് വളരെയധികം വില്പനസാധ്യതയുണ്ട്. ആ രംഗത്തെ വികസനവും സാധ്യമാകുന്ന തരത്തിലുള്ള നടപടികൾ ഉണ്ടാകണം. ഇറച്ചിക്കടകൾ, അറവുശാലകൾ, കോൾഡു സ്റ്റോറേജുകൾ മുതലായവ സ്വകാര്യസ്ഥാപനങ്ങളായി തുടരുന്ന അവസ്ഥക്കു മാറ്റം വരണം. ലാഭേച്ഛ, ഉല്പാദകരെ ചൂഷണം ചെയ്യാനേ പോരൂ. ആടുവളർത്തലും കുറഞ്ഞുകൊണ്ടിരിക്കുന്നു. കാരണങ്ങൾ മുകളിൽപറഞ്ഞതുതന്നെ. തരിശായിക്കിടക്കുന്ന കുന്നിൻപുറങ്ങൾ ഇന്ന് ഇല്ലേ ഇല്ല.

ആടു കടിക്കാത്ത ഇലയോ ഭ്രാന്തൻ പറയാത്ത വാക്കോ ഇല്ലെന്നല്ലേ ചൊല്ല്. കുറ്റിച്ചെടികൾ ഇന്ന് ഒരിടത്തുമില്ല. പാലിനല്ല മാംസത്തിനു വേണ്ടിയാണ് അന്നും ഇന്നും അജപാലനം ചെയ്യുന്നത്. മാംസവും പാലും ആയുർവ്വേദത്തിൽ നല്ല ഔഷധങ്ങളായിട്ടാണ് വിധിച്ചിരിക്കുന്നത്. ആട്ടിൻ സൂപ്പ്, അജമാംസരസായനം പാൽക്കഷായങ്ങൾ ഇവയെപ്പറ്റി കേൾക്കാത്തവരില്ലല്ലോ. പോത്ത്, എരുമ എന്നിവയും നമ്മുടെ വളർത്തുമൃഗങ്ങളാണ്. പന്നിവളർത്തൽ നാട്ടിൽ കുറഞ്ഞുകൊണ്ടിരുക്കുന്നു. നാടൻ പന്നികളേക്കാൾ ആദായകരമാണ് ശീമപന്നികൾ. ഹോട്ടലിൽ നിന്നും മറ്റും വെയ്സ്റ്റുകൾ ധാരാളമായി കിട്ടാനുള്ള ഭാഗങ്ങളിൽ പന്നിവളർത്തൽ ചെലവുകുറഞ്ഞതും ആദായകരവുമാക്കാം.

വളർത്തുനായ്ക്കൾ വീട്ടുകാവലിനു വേണ്ടിയാണ് ഇന്നും ഉപാകാരപ്പെടുന്നത്. സങ്കരയിനം നായ്ക്കുട്ടികളെ ഉത്പാദിപ്പിച്ച് വിപണിയിലെത്തിച്ചാൽ നല്ല വില കിട്ടുമെന്നു പറയപ്പെടുന്നു. ഇവിടെ ആരും തന്നെ അത് ഒരു തൊഴിലായി സ്വീകരിച്ചിട്ടില്ല.

കോഴി ഒരു നല്ല വളർത്തുപക്ഷിയാണ്. പൗരാണികം [illegible] തന്നെ ഇത് പ്രധാനപ്പെട്ടിരിക്കുന്നു. നാടൻ കോഴികൾ ഇല്ലാത്ത ഒരു വീടുപോലുമില്ല. ഇവയുടെ മാംസം മുട്ട എന്നിവ നല്ലവണ്ണം ഉപയോഗിച്ചു വരുന്ന ഭക്ഷ്യ വസ്തുക്കളത്രെ. മുട്ടക്കോഴികളും, ഇറച്ചിക്കോഴികളും വാണിജ്യാടിസ്ഥാലത്തിൽ വളർത്തപ്പെടുന്ന കേന്ദ്രങ്ങൾ ഉണ്ടാകണം. ഇറച്ചിക്കോഴിവളർത്തൽ കേന്ദ്രങ്ങൾ ആറെണ്ണമാണ് ഇപ്പോൾ നിലവിലുള്ളത്. വാർഡുതോറും ഒരു കേന്ദ്രമെന്ന നിലയിൽ അതുവർദ്ധിക്കേണ്ടതുണ്ട്. മുട്ടക്കോഴികൾക്ക് പ്രത്യേക വളർത്തുകേന്ദ്രങ്ങളില്ല. അതും വാർഡുതോറും ഒന്നെങ്കിലും വച്ച് ഉണ്ടാകേണ്ടതുണ്ട്. ഗവൺമെന്റെ അംഗീകൃത പൗൾട്രിഫാമുകൾ ഒന്നു പോലും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. വസന്ത വന്ന് പെട്ടെന്ന് ചത്തൊടുങ്ങാൻ സാധ്യതയുള്ളതാണ് കോഴികൾ. ഇവയ്ക്കുള്ള കുത്തിവയ്പുകൾ സാർവ്വത്രീകമാക്കേണ്ടതുണ്ട്. ഒരു മൃഗാശുപത്രിയാണ് ഇവിടെയുള്ളത്. അതു വികസിപ്പിച്ചും കൂടുതൽ ഫീൽഡു സ്റ്റാഫുകളെ നിയമിച്ചും മേൽ പ്രശ്നത്തിനു പരിഹാരമുണ്ടാക്കണം. പ്രയോജനക്ഷമത കൂടിയ സങ്കരയിനം കോഴികളെ മൃഗസംരക്ഷണ വകുപ്പിന്റെ മേൽ നോട്ടത്തിൽ പഞ്ചായത്തു പ്രദേശത്താകെ വിതരണം ചെയ്യാനുള്ള ക്രമീകരണങ്ങൾ ഏർപ്പടുത്തണം. സ്വയംതൊഴിലിന്റെ മേഖലയിൽ ഗ്രാമീണർക്ക് കോഴിവളർത്തൽ ഏറെ യോജ്യം. വീട്ടു പരിസരങ്ങളിൽ ജല ലഭ്യതയുള്ളവർക്ക് ചുരുങ്ങിയ തോതിൽ താറാവു വളർത്താവുന്നതാണ്. മുയലുകളെ വളർത്തി മാംസ ഭക്ഷണത്തിന്റെ അളവു കൂട്ടാൻ കഴിയും. പുതിയവർഗ്ഗങ്ങളെ വിതരണം ചെയ്തും, ശാസ്ത്രീയ വളർത്തുരീതികൾ പഠിപ്പിച്ചും പ്രചാരണങ്ങൾ സംഘടിപ്പിച്ചും ഈ രംഗം മെച്ചപ്പെടുത്തിയെടുക്കേണ്ടതുണ്ട്. കാട, പ്രാവ്, അണ്ണാൻ, കാട്ടുകോഴി മുതലായവയെ പ്രകൃതിതന്നെ നല്ല രീതിയിൽ പോറ്റി വരുന്നു. ഇവയെ പിടിച്ചെടുത്ത് ഭക്ഷ്യമാക്കാൻ കഴിഞ്ഞാൽ പോഷകാഹാരക്കുറവ് ഒരു പരിധിവരെ നിയന്ത്രിക്കാനാവും. പിടിച്ചെടുക്കാനുള്ള തന്ത്രങ്ങൾ കൂടുതൽ സുഗമമാവണം. അതിനുള്ള കണ്ടുപിടുത്തങ്ങളിലേയ്ക്ക് നമ്മുടെ ശ്രദ്ധതിരിയേണ്ടിയിരിക്കുന്നു.

നായ വളർത്തൽ നമുക്കു പ്രിയപ്പെട്ടതുതന്നെ. മിക്കവീടുകളിലും അതിനെ കാണാം. പലരും ഇതിന്റെ സാമൂഹ്യ പ്രാധാന്യം ശ്രദ്ധിക്കാത്തവരത്രെ. അക്കൂട്ടരാണ് ഒന്നിലധികം നായ്ക്കളെ വളർത്തുന്നത്. 20 പട്ടികളെ വരെ പോറ്റുന്ന വീടുകൾ ഈ പഞ്ചായത്തിലുണ്ട്. പലരും വേണ്ടത്ര ആഹാരം കൊടുക്കുന്നില്ല. പിടിച്ചുകെട്ടുന്നില്ല.

സമയാ സമയങ്ങളിൽ പ്രധിരോധ കുത്തിവയ്പുകൾക്കു വിധേയമാക്കുന്നില്ല. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നില്ല. നാടൻ പ്രദേശങ്ങളിൽ പട്ടിശല്യം വിശിഷ്യ വളരെ കൂടുതലാണ്. പേപ്പട്ടിശല്യവും പെരുകിയിട്ടുണ്ട്. അത്യാവശ്യം കഴിച്ച് ബാക്കി വരുന്ന പട്ടികളെ കൊന്നുകളയാൻ വീട്ടുകാർ തയ്യാറായേ പറ്റൂ. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളമെ കൊന്നുകളയാനുള്ള ചുമതല മൃഗവകുപ്പും പഞ്ചായത്തും ഏറ്റെടുക്കണം. ആണ്ടിൽ ഒരു വട്ടം ഇപ്പോൾ പഞ്ചായത്ത് നായപിടുത്തം നടത്തിവരുന്നുണ്ട്. ഇത് കുറേക്കൂടി വർദ്ധിപ്പിക്കുകയും പ്രാധാന്യം കല്പിക്കുകയും വേണം. കുത്തിവയ്പുകൾക്കുള്ള മരുന്നുകൾക്കു കടുത്ത ക്ഷാമമാണ്. ഈ നില പരിഹരിച്ചേപറ്റൂ.

അനാവശ്യമായി പോറ്റുന്ന നായ്ക്കളുടെ ലിസ്റ്റടുത്ത് അവയെ വീട്ടുടമകളേക്കൊണ്ട് കൊന്നൊടുപ്പിക്കാൻ പഞ്ചായത്ത് മുൻകൈയെടുക്കണം. ഈ അദ്ധ്യായം അവസാനിപ്പിക്കുന്നതിന് മുമ്പ് ഉഴവുകാളകളെ രൂപപ്പെടുത്തി ക്കൊണ്ടിരുന്നതിനേപ്പറ്റി അല്പം പ്രതിപാദിക്കട്ടെ. കൃഷി ആവശ്യത്തിനു വേണ്ടി മൂരിക്കുട്ടന്മാരെ രൂപപ്പെടുത്തി യെടുക്കേണ്ടിയിരുന്നു. അതിനു വേണ്ടി 3-4 വയസ്സു പ്രായമുള്ള മൂരിക്കുട്ടന്മാരെ അവയുടെ വൃഷ്ണം പ്രത്യേക രീതിയിൽ തയ്യാറാക്കിയ ഉടച്ച് (ഏരുതിട്ട്) അവയുടെ ഉൽപ്പാദന ശേഷി നശിപ്പിച്ചിരുന്നു. ഈ സമ്പ്രദായം അവയ്ക്ക് വളരെയേറെ വേദനയുളവാക്കിയിരുന്നതും പ്രാകൃതവുമായിരുന്നു. ഏരുതിട്ടതിനു ശേഷം കാളക്കുട്ടന് പ്രത്യേകരീ തിയിലുള്ള ഭക്ഷണങ്ങളും പരിചരണങ്ങളും നൽകിയിരുന്നു. ഇങ്ങനെ വളർത്തിയെടുത്ത മൂരിക്കുട്ടന്മാരെയാണ് നിലം ഉഴുന്നതിനും വണ്ടിവലിക്കുന്നതിനും ഉപയോഗിച്ചിരുന്നത്. ഒരു കാളക്കുട്ടിയെ ആദ്യമായി പാടത്തിറക്കി പൂട്ടുന്ന സമ്പ്രദായത്തിന് പൂണാരം പൂട്ടൽ എന്നാണ് പറഞ്ഞിരുന്നത്.

പശു പ്രസവിച്ചാൽ അക്കാലങ്ങളിൽ 16 രാവു കഴിഞ്ഞാൽ മാത്രമേ പാൽതിളപ്പിച്ച് ഉപയോഗിച്ചിരുന്നുള്ളൂ. പശു പ്രസവിച്ച് നാലാം ദിവസം മുതൽ കിട്ടുന്ന പാൽ മുഴുവൻ തിളപ്പിക്കാതെ ഉറയൊഴിച്ച് കട്ടത്തൈരാക്കി മഞ്ഞൾ കറിവേപ്പില ഇവ ചതച്ചിട്ട് പശുവിനു കൊടുക്കുകയും കിടാവിന്റെ വായിൽ തൊട്ടുതേക്കുകയും അയൽ വീടുക ളിൽ കൊടുക്കുകയും ചെയ്തിരുന്ന സമ്പ്രദായത്തിന് "കാടൻ ഊട്ട്" എന്നു പറഞ്ഞിരുന്നു.

**നല്ല സങ്കരയിനത്തിൽപ്പെട്ട ഏതാനും പശുക്കൾ**

1) ജെഴ്സി 2) സുനന്ദിനി 3)സ്വിസ്സ് ബ്രൗൺ.

**വിപണനവും മൃഗപരിപാലനവുമായി ബന്ധപ്പെട്ട ഏതാനും സ്ഥാപനങ്ങൾ**

1) 7-ാം വാർഡിലുള്ള മൃഗാശുപത്രി.

2) 1ഉം 2ഉം 3ഉം 4ഉം വാർഡുകൾ മുട്ടിയുരുമ്മുന്ന ഓണക്കൂർ പാലം പ്രദേശത്ത് ഒരു ഇന്റെൻസീവ് ക്യാറ്റിൽ ഡവലപ്പ്മെന്റ് കേന്ദ്രം.

3) ഓണക്കൂർ പാലത്തിങ്കലും പാമ്പാക്കുട ആശുപത്രി പടിക്കലും ഓരോ പാൽ സംഭരണകേന്ദ്രം.

# മത്സ്യബന്ധനം

ഈ സംഗതി ഇന്നോളം ഇവിടെ വിപുലമായ തരത്തിൽ ആരംഭിച്ചിട്ടില്ല. ആരംഭിക്കാൻ ഒട്ടേറെ സാദ്ധ്യതക ളുണ്ട്- എന്നിരുന്നാലും അവയിലേയ്ക്കാണ് ഈ അദ്ധ്യായത്തിന്റെ ചുവടുവയ്പ്. ഉപഭോഗം മുഴുവൻ ഇറക്കുമതി യിലൂടെയാണ് നടക്കുക. ശരാശരി 1100 കി.ഗ്രാം മത്സ്യം ഇവിടെ വിറ്റഴിക്കപ്പെടുന്നു. സൈക്കിളിലും, മോപ്പെടിലും, ഓട്ടോറിക്ഷയിലും, തലച്ചുമടായും ആണ് അന്യദിക്കിൽ നിന്നും അവ ഇവിടെ എത്തിച്ചേരുന്നത്. ശരാശരി 35 രൂപ കിലോയ്ക്ക് വില കൊടുക്കണം. ഇവിടത്തെ കുത്തരിച്ചോറും മീൻകറിയും വളരെ പ്രസിദ്ധമാണ്. ശരാശരി 38000 രൂപക്കുള്ള മത്സ്യവ്യാപാരം നിത്യവും ഇവിടെ നടക്കുന്നു. മത്സ്യബന്ധനത്തിനുള്ള പദ്ധതികൾ എത്രയും വേഗം നടപ്പിലാക്കിയില്ലെങ്കിൽ നമ്മുടെ പണം മുഴുവൻ അന്യനാടുകളിലേക്ക് ഒഴുകിയകലും. ഈ പഞ്ചായത്തിലെ 9 വാർഡുകളിലും മത്സ്യകൃഷിക്കാവശ്യമായ ജലാശയങ്ങളും നീർത്തടങ്ങളുമുണ്ട്. മറ്റു കൃഷിക്കു പറ്റാത്ത അത്തരം ഭാഗങ്ങളിൽ മത്സ്യകൃഷിചെയ്യുന്നതിന് തടസ്സമാകുന്നില്ല. ഒന്നും രണ്ടും മൂന്നും വാർഡുകളിലുള്ള കുളവയൽ പുഞ്ച പ്രദേശം ഉൾനാടൻ മത്സ്യം വളർത്തലിന് തികച്ചും അനുയോജ്യമാണ്.

നാലാം വാർഡിൽ 8 1/2 ഏക്കർ വിസ്തീർണ്ണതയിൽ 7 അടിതാഴ്ചയുള്ളതും 12 മാസം വെള്ളം കെട്ടിക്കിടക്ക ന്നതും, മറ്റുകൃഷിയൊന്നു ചെയ്യാത്തതുമായ വെങ്ങളത്തുചാലിനെ മറ്റൊരു വളർത്തൽ കേന്ദ്രമാക്കാം. നാലാം വാർഡിൽ തന്നെയുള്ള മറ്റൊരു ജലാശയമാണ് കളപ്പുരച്ചാൽ. അഞ്ചാം വാർഡിലെ പുല്ലാന്തിക്കുളം, കുളങ്ങർക്കുളം,മാനംകുളം. ആറാം വാർഡിലെ ഇരട്ടക്കുളം, പൊട്ടയിൽക്കുളം. ഏഴാം വാർഡിലെ പൊരുമാഞ്ചിറ, നീർച്ചിറ. എട്ടാം വാർഡിലെ മാനാംകോട്ട് പുഞ്ച ഒമ്പതാം വാർഡിലെ നെടുമ്പുറത്തുചിറ ഇവയെല്ലാം മത്സ്യകൃഷിക്കു പറ്റിയതുതന്നെ.


| ജലാശയം / കുളം | വിസ്തീർണ്ണം | കൂടിയ താഴ്ച |
|---|---|---|
| കുളവയൽ പുഞ്ച | 50 ഏക്കർ | 6 അടി |
| വെങ്ങളത്തുചാൽ | 8 1/2 ഏക്കർ | 8 അടി |
| കളപ്പുരച്ചാൽ | 1 ഏക്കർ | 8 അടി |
| പുല്ലാന്തിക്കുളം | 8 സെ. | 10 അടി |
| കുളങ്ങരക്കുളം | 22 സെ. | 14 അടി |
| മാനംകുളം | 9സെ. | 12അടി |
| ഇരട്ടക്കുളം | 16 സെ. | 14 അടി |
| പൊട്ടയിൽക്കുളം | 9 സെ. | 12 അടി |
| പെരുമാഞ്ചിറ | 1 ഏക്കർ | 8 അടി |
| നീർച്ചിറ | 30 സെ. | 10 അടി |
| മാനാംകോട്ടുപുഞ്ച | 5 ഏക്കർ | 7 അടി |
| നെടുംപുറത്തു ചിറ | 41 സെ. | 10 അടി |

ഏലിയാമ്മ ഫിലിപ്പ്
ബ്ലോക്ക് മെമ്പർ



ജോസഫ് ജോൺ
ബ്ലോക്ക് മെമ്പർ

അനിൽ ചെറിയാൻ
ബ്ലോക്ക് പ്രസിഡന്റ്



സുധാദേവി പി.പി.
ജില്ലാ മെമ്പർ

മോളി വർഗീസ്
ജില്ലാ മെമ്പർ

# വ്യവസായം

ഏതൊരു പ്രദേശത്തിന്റെയും വികസനത്തിനും സമ്പദ്ഘടനക്കും ഒരു പരിധിവരെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും വ്യവസായം അനുപക്ഷമീയമാണ്. വൻകിട, ഇടത്തരം, ചെറുകിട വ്യവസായ രംഗത്ത് ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന എറണാകുളം ജില്ലയിലെ ഗ്രാമപഞ്ചായത്താണ് നമ്മുടേത്. വ്യവസായ സാദ്ധ്യതകൾ ധാരാളമുള്ള ഒരു പ്രദേശമാണ് നമ്മുടേത്. വിഭവങ്ങളും മറ്റ് അനുയോജ്യമായ പിരിതസ്തിതികളും മുഴുവനായി ഉപയോഗപ്പെടുത്തി കൊണ്ട് വ്യവസായം പുരോഗതിക്ക് ആസൂത്രിതമായ ഒരു പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

ഈ പ്രദോശത്തെ വ്യവസായത്തിനാവശ്യമായ വിദ്യുച്ഛക്തിയും, സുലഭമായി ലഭിക്കുവാൻ അരിവക്കൽ വെള്ളച്ചാട്ടത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള ശ്രമം ആരംഭിച്ചാൽ മതിയകും. തികച്ചും കാർശിക പ്രദേശമായ ഈ ഗ്രാമം കൃഷിമേഖലയെ വ്യവസായമായി പ്രഖ്യാപിക്കേണ്ടതാണ്. കൃഷിയിൽ നിന്നും ലഭിക്കുന്ന അസംസ്കൃസാധനങ്ങൾ ഉപയോഗിച്ച് ധാരാളം ചെറുകിട വ്യവസായങ്ങൾ ആരംബിക്കുവാൻ കഴിയും. പഞ്ചായത്ത് തലത്തിൽ വാർഡുകൾതോറും ഇവിടെ ലഭ്യമാകുന് അസംസ്കൃതസാധനങ്ങൾ ഉപയോഗിച്ച് ഓരോ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുകയും അവിടെ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ വിപണനം ചെയ്യുന്നതിന് പഞ്ചായത്തു ആസ്ഥാനത്ത് വിപണന കേന്ദ്രം ആരംഭിക്കുകയും ചെയ്താൽ വികസനപുരോഗതിക്കും തദ്വാര ഒരു പരിധിവരെ തൊഴിലില്ലായ്മ പരിഹരത്തിനും ഇത് കാരണമായിത്തീരും. വൻകിട വ്.വസായങ്ങളെ അപേക്ഷിച്ച് ചുരുങ്ങിയ മൂലധനം കൊണ്ട് കൂടുതൽ പേർക്ക് തൊഴിലവസരങ്ങൾ സിദ്ധിക്കുന്നു. ചെറുകിട വ്യവസായങ്ങളുടെ ആസൂത്രിതവിതസനം കൊണ്ടു മാത്രമെ തൊഴിലില്ലായ്മ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കുകയുള്ളു.

കാർഷിക ഉല്പന്നങ്ങളിൽ നിന്നും ലഭിക്കുന്ന അസംസ്കൃത സാദനങ്ങൾക്ക് പുറമെ സഹകരണാടിസ്ഥാനത്തിൽ ഗേറ്റുകൾ, ജനലുകൾ, വെന്റിലേറ്ററുകൾ, ടാങ്കുകൾ, വീപ്പകൾ, ഷട്ടർ മുതലയവ നിർമ്മിക്കുന്ന ചെറുകിട യൂണിറ്റുകൾ ആരംഭിക്കാം.

അതുപോലെ തന്നെ ധാരാളം റബ്ബർ കർഷകർ ഉള്ള നാട്ടിൽ റബ്ബറിനെ അടിസ്ഥാനമാക്കി ചെറുകിടവ്യവസായങ്ങൾ പ്ലാസ്റ്റിക് ഉപകരണങ്ങൾ, പെയിന്റുകൾ, വാർണിഷ്, കീടനാശിനികൾ, സോപ്പ്, മെഴുകുതിരികൾ. ചന്ദനത്തിരികൾ എന്നിവ അടിസ്ഥാനമാക്കി വിവിധതരത്തിലുള്ള വ്യവസായങ്ങൾ വളരെയേറെ വികസന സാദ്ധ്യതയുണ്ട്. ഇതിനു പുറമെ അച്ചടി ശാലയും പഴസംസ്കരണ യൂണിറ്റകൾ, അച്ചാറുയൂണിറ്റുകൾ. കൊട്ട, പനമ്പ്. ഇഷ്ടിക, കയർ, കൈത്തറി, മുതലായ പാരമ്പര്യ വ്യവസായ യൂണിറ്റുകളും ആരംഭിക്കാവുന്നതാണ്.

അടുത്തതായി ധാരാളം കേരകർഷകർ ഉള്ള ഈ നാട്ടിൽ കേരോല്പന്നങ്ങളിൽ നിന്നും ലഭിക്കുന്ന അസംസ്കൃതസാധനങ്ങൾ ഉപയോഗിച്ച് ധാരാളം വ്യവസായങ്ങൾ ആരംഭിക്കാവുന്നതാണ്. വർഷങ്ങൾക്കു മുമ്പ് അഞ്ചൽപ്പെട്ടിയിൽ ത്രീകിംഗ്സ് ഫർണസ് പ്രവർത്തിച്ചിരുന്നുവെങ്കിലും ഇപ്പോൾ പ്രവർത്തനം നിലച്ചിരിക്കുകയാണ്. തീപ്പെട്ടി വ്യവസായം, തടി വ്യവസായം, ഏതാനും മെഴുകുതിരി യൂണിറ്റുകൾ. വർക്കുഷോപ്പുകൾ എന്നിവ മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. അതും പ്രൈവറ്റുമേഖലയിൽ മാത്രമാണ്. പരമ്പരാഗത വ്യവസായങ്ങളും ഇന്ന് അധഃപതിച്ചിരിക്കുകയാണ്. കാർഷികോല്പന്നങ്ങളിൽ നിന്നും ലഭ്യമാകുന്ന അസംസ്കൃതസാധനങ്ങൾ ഉപയോഗിച്ചുള്ള വ്യവസായം ഇവിടം ഇല്ലെന്നുതന്നെ പറയാം. ഇതിനു പുറമെ പ്രൈവറ്റു മേഖലയിൽ ഏതാനും റെഡിമേയ്ഡ് യൂണിറ്റുകളുടെ ഒരു ശൃംഖല തന്നെയുണ്ട്.

അസംസ്കൃതസാധനങ്ങൾ ധാരാളമുണ്ടെങ്കിലും ഈ പ്രദേശത്തു വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുവാൻ പല പ്രശ്നങ്ങളും വേറെയുണ്ട്

1. ആവശ്യത്തിനുള്ള വൈദ്യുതിയുടെ അഭാവം
2. ബാങ്കുകളുടെ നിസ്സഹരണം.
3. പരിസ്ഥിതി - പ്രശ്നം

4. ഗതാഗത സൗകര്യകുറവ്
5. തൊഴിൽ പ്രശ്നങ്ങൾ
6. അനുയോജ്യമായ ഭൂമിയുടെ ലഭ്യതക്കുറവ്

## പരിഹാരമാർഗ്ഗങ്ങൾ

1. ചെറുകിട വ്യവസായയൂണിറ്റുകൾ ആരംഭിക്കുവാൻ ആവശ്യമായ വൈദ്യുതി 30 ദിവസത്തിനകം ലഭ്യമാകുമെന്നുറപ്പു വരുത്തുക.
2. യഥാസമയം വായ്പകൾ ലഭ്യമാക്കുകയും അവയ്ക്കുള്ള നടപടികൾ ലഘൂകരിക്കുകയും ചെയ്യുക.
3. പരിസ്ഥിതി സംബന്ധിച്ച് വിദഗ്ദരുടെ സേവനം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകുക. ലൈസൻസ് ഉൾപ്പടെയുള്ള വ്യവസായ അധിഷ്ടിത സംരംഭങ്ങൾക്കുള്ള അധികാരം പഞ്ചായത്തിന് നൽകുക.
4. ഇന്നുള്ള ഗതാഗത സൗകര്യം വർദ്ധിപ്പിക്കുക
5. തൊഴിലാളികളുടെ സേവനവേതന വ്യവസ്ഥകൾ ഭദ്രമാക്കുക.
6. അനുയോജ്യമായ ഭൂമികൾ പിടിക്കുന്നതിനും ലഭ്യമാക്കുന്നതിനും വിലനിശ്ചയിക്കുന്നതിനുമുള്ള അധികാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു കൊടുക്കുക.

## ആവശ്യങ്ങൾ

1. ഒരു വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുവാൻ വേണ്ട സത്വര നടപടി സ്വീകരിക്കുക. ഈ എസ്റ്റേറ്റ് അർഹരായവർക്ക് ലഭ്യമാക്കുക. ഭൂമിയുടെ പരിപൂർണ്ണാധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക മാത്രമായിരിക്കേണ്ടതും യൂണിറ്റുകൾ 6 മാസം 8 മാസം കാലഘട്ടത്തിൽ പ്രവർത്തിക്കാതെ വരുന്ന പക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് മറ്റ് സംരംഭകർക്ക് ലഭ്യമാക്കുവാൻ ഉതകുന്ന അധികാരം നൽകുന്നു.
2. പാരമ്പര്യ കൈ തൊഴിലുകൾ പുനരുദ്ധരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.
3. എല്ലാ വാർഡിലും വനിതാ വ്യവസായ സഹരണ സംഘങ്ങൾ സ്ഥാപിച്ച് വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. അതോടനുബന്ധിച്ച് ബാലവാടി കൂടി ആരംഭിക്കകെ.
4. തീപ്പെട്ടി, കറിപൗഡറുകൾ, മെഴുകുതിരി, കുടനിർമ്മാണം, സ്കൂൾ ബാഗ് നിർമ്മാണം എന്നീ യൂണിറ്റുകൾ ആരംഭിക്കുന്ന നടപടി സ്വീകരിക്കുക.
5. അഞ്ചൽപ്പെട്ടി കേന്ദ്രമാക്കി മാർക്കറ്റ് സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുക.
6. നാളികേരാധിഷ്ടിത വ്യവസായം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുക.
7. നെല്ല് കുത്തു വ്യവസായം ആരംഭിക്കാൻ നടപടി സ്വീകരിക്കുക.
8. തൊഴിൽവേതന വാങ്ങുന്നവർ നിശ്ചിതകാലം തദ്ദേശ സേവനം അനുഷ്ഠിക്കാൻ വേണ്ട ആരംഭിക്കാൻ നടപടി സ്വീകരിക്കുക.
9. സിമന്റ്, ഇഷ്ടിക നിർമ്മാണ യൂണിറ്റ്, ബുക്ക് ബയിന്റിംഗ്, റെഡിമേയ്ഡ് വസ്ത്ര നിർമ്മാണം, ക്ഷീരവ്യവസയം എന്നിവ ആരംഭിക്കാൻ നടപടി സ്വീകരിക്കുക.
10. എല്ലാ വാർഡിലും റബ്ബറധിഷ്ടിതവ്യവസായ യൂണിറ്റ് ആരംഭിക്കാൻ നടപടി സ്വീകരിക്കുക.
11. പഞ്ചായത്തു തലത്തിൽ ഒരു പൈനാപ്പിൾ സംസ്കരണയൂണിറ്റ് ആരംഭിക്കുക.
12. ആട്ടോമൊബൈൽ ഷോപ്പ് ഇലക്ട്രോണിക് ഉപകരണ നിർമ്മാണ യൂണിറ്റ് എന്നിവ ആരംഭിക്കുക.
13. പഞ്ചായത്തു തലത്തിൽ ഖാദി ഗ്രാമവ്യവസായ കേന്ദ്രം നടത്തുക.
14. പഞ്ചായത്തുതലത്തിൽ ഒരു ഇരുമ്പ് ഉപകരണ യൂണിറ്റ് സ്ഥാപിക്കുക.

# ഊർജ്ജം, ഗതാഗതം

വികസനത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് വൈദ്യുതി. അനുഭവത്തിൽ അംഗീകരിക്കപ്പെട്ട ഒരു വസ്തുതയും കൂടിയാണിത്. ഏറ്റവും അടുത്തകാലത്തെ സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ചാൽ ഇവിടെ ഒരാൾ കൊല്ലത്തിൽ ശരാശരി 80 കിലോവാട്ട് വൈദ്യുതി ഉപയോഗിക്കുന്നതായി കാണാം. മറ്റു രാജ്യങ്ങളിലെ ആളോഹരി വൈദ്യുതി ഉപയോഗം നോക്കുമ്പോൾ നമ്മൾ വളരെ താഴ്ന്നപടിയിലാണെന്നു കാണാം. വളരെ പ്രതികൂലമായ പരിതസ്ഥിതികളും പരിമിതമായ പ്രകൃതി വിഭവങ്ങളും മാത്രമുള്ള ജപ്പാനിലും സ്വീഡനിലും വൈദ്യുതി ഉൽപ്പാദനത്തിലും ഉപയോഗത്തിലും ഉള്ള വളർച്ച അത്ഭുതാ വഹമാണ്. അവർക്ക് ഇത്രയും പുരോഗതി ഉണ്ടാകുമ്പോൾ നമുക്ക് ഒരംശമെങ്കിലും പുരോഗതി കൈവരുത്തുവാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് നാം ചിന്തിക്കണം.

വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് മുമ്പ് നാം ഊർജ്ജത്തിനു വേണ്ടി വിറക്, മണ്ണെണ്ണ, ഡീസൽ, പെട്രോൾ, കൽക്കരി എന്നിവയെ ആശ്രയിച്ചിരുന്നു. എന്നാൽ കാലം പുരോഗമിച്ചതോടുകൂടി വിറകിന് ദൗർലഭ്യവും വിലകൂടുതലും ഉപയോഗിക്കുവാനുള്ള അസൗകര്യവും കാരണം മറ്റ് ഊർജ്ജസ്രോതസ്സുകളെ ആശ്രയിക്കുവാൻ തുടങ്ങി. പാചകാവശ്യത്തിന് മണ്ണെണ്ണ സ്റ്റൗ ഉപയോഗിക്കുവാൻ തുടങ്ങി. കാലം പുരോഗമിച്ചതോടുകൂടി ഭക്ഷ്യാവശ്യത്തിന് വൈദ്യുതി ഹീറ്ററുകൾ ഉപയോഗിക്കുവാൻ തുടങ്ങി. വൈദ്യുതിയുടെ കുറവ്, അപകട സാദ്ധ്യത അമിതമായ സാമ്പത്തിക നഷ്ടം എന്നീ കാരണങ്ങളാൽ ഇന്ന് പാചക വാതക ഗ്യാസിനെ ആശ്രയിക്കാൻ തുടങ്ങി. ഇന്ന് ഗ്യാസിനും ക്ഷാമം അനുഭവപ്പെട്ടു തുടങ്ങിയിട്ടുണ്ട്. മാത്രവുമല്ല വൈദ്യുതി ഉപയോഗവും ഇവിടെ ആവശ്യാനുസരണം നമുക്ക് ലഭിക്കുന്നില്ല. ഈ സാഹചര്യത്തിൽ നാം മറ്റു ഊർജ്ജസ്രോതസ്സുകളെ കണ്ടെത്തേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിൽ 3572 ഗാർഹീക കണക്ഷനുകൾ നാളിതുവരെയായി നൽകിയിട്ടുണ്ട്. ഇനി 500 ൽപ്പരം കുടുംബങ്ങൾക്കുകൂടി വൈദ്യുതി എത്താനുണ്ട്. വ്യാപാരാവശ്യങ്ങൾക്ക് 925 ഉം കാർഷീകാവശ്യങ്ങൾക്ക് 1120 ഉം കണക്ഷനുകൾ നൽകിയതായി കണക്കുകൾ സൂചിപ്പിക്കുന്നു. അവസാനമായി 22-10-96 ലാണ് ഈ പഞ്ചായത്തിൽ കണക്ഷൻ നൽകിയിട്ടുള്ളത്. തൻവർഷം ഓർഡിനറിയിൽ 9 ഉം O.T.P യിൽ 21 ഉം O.Y.E.C. യിൽ 116 ഉം കണക്ഷനുകൾ നൽകിയിട്ടുണ്ട്. സ്ട്രീറ്റ് ലൈറ്റായി പഞ്ചായത്തിൽ നിന്നും 228 ബൾബുകളും 30 ട്യൂബുകളും സ്ഥാപിച്ചിട്ടുണ്ട്.

പഞ്ചായത്തു പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്നതിന് താഴെ പറയുന്ന സ്ഥലങ്ങളിൽ L.T.ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചിട്ടുണ്ട്.

1. താറ്റുപാടം 2. ഓണക്കൂർ പള്ളിപ്പടി 3. ഓണക്കൂർ പാലം 4. പെരിയപുറം 5. പുതുശ്ശേരിപ്പടി 6. അഞ്ചൽപ്പെട്ടി 7. പാമ്പാക്കുട 250 K.V. 8. പപ്പുക്കവല (100K.V) 9. കൗതുക്കുഴി (100 K.V.) 10. പാമ്പാക്കുട ടൗൺ (250 K.V) 11. പിറമാടം (100 K.V) 12. വിലങ്ങുപാറ 13. സൗത്ത് പിറമാടം. 14. കൊച്ചു പമ്പാക്കുട.

പാമ്പക്കുട പഞ്ചാത്തിൽ 5 ലക്ഷം വീടു കോളനിയും ഏതാനും പട്ടികജാതി പട്ടികവർഗ്ഗ കോളനികളും ഉണ്ട്.ഭൂരിഭാഗം ആളുകൾക്കും ഇനിയും വൈദ്യുതി കിട്ടേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിൽ ഗാർഹികാവശ്യങ്ങൾക്കും കൃഷിക്കും വ്യാപാരവ്യവസായ ആവശ്യങ്ങൾക്കും ഊർജ്ജം അത്യന്താപേക്ഷിതമാണ്. ഇന്ന് ആവശ്യമുള്ള ഊർജ്ജം വിവിധ മണ്ഡലങ്ങളിൽ നിന്നാണ് ലഭിക്കുന്നത്. ഇത് നമ്മുടെ ഇന്നത്തെ ആവശ്യത്തിന് പര്യാപ്തമാകുന്നില്ല. ഏതെല്ലാം സ്രോതസ്സുകളിൽ നിന്ന് കിട്ടിയാലും ഇവിടത്തെ ഇന്നത്തെ ഊർജ്ജാവശ്യം പരാഹരിക്കാൻ പര്യാപ്തമല്ല. ഇന്നത്തെ നിലയിൽ മന്നോട്ടുപോയാൽ ഏതാനും വർഷങ്ങൾക്കുള്ളിൽ മനുഷ്യ ജീവിതം തന്നെ അസാദ്ധ്യമായിത്തീരും.അത്കൊണ്ട് കിട്ടാവുന്ന സ്രോതസ്സുകളിൽ നിന്നും പരമാവധി ഊർജ്ജം ഉൽപാദിപ്പിക്കുവാൻ യത്നിക്കേണ്ടിയിരിക്കുന്നു. ഊർജ്ജം ലഭിക്കാൻ സാദ്ധ്യതയുള്ള ഏതാനും സ്രോതസ്സുകളുടെ വിവരം താഴെ ചേർക്കുന്നു.

1. വിറക് 2. പെട്രോളിയോൽപന്നങ്ങൾ 3. ബയോഗ്യാസ്
4. ജലവൈദ്യുതി 5. സൗരോർജ്ജം 6. കാറ്റിൽ നിന്ന് മുതലായവയാണ്.

ഇന്നുള്ള വൈദ്യുതി വിതരണ സമ്പ്രദായങ്ങളിൽ പ്രസരണനഷ്ടം വളരെ കൂടുതലാണ്. തൻമൂലം ഉൽപാദിപ്പിക്കുന്ന വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭിക്കുന്നില്ല. യന്ത്രോപകരണങ്ങളുടെ ഗുണനിലവാരമില്ലായ്മ, ചൂഷണം എന്നിവയും പ്രസരണനഷ്ടത്തിനു കാരണമാകുന്നു.

1. എല്ലാ ഭവനങ്ങളിലും ഗോബർഗ്യാസ് സ്ഥാപിച്ച് പാചകത്തിനും പ്രകാശത്തിനും പ്രയോചജനപ്പെടുത്തുക.
2. സോളാർ വിളക്കുകളും കുക്കറും പ്രചരിപ്പിക്കുക.
3. കാർഷികാവശ്യങ്ങൾക്കും വീട്ടാവശ്യങ്ങൾക്കും സോളാർ മോട്ടോറുകൾ കൂടുതലായി ഉപയോഗിക്കാൻ പ്രേരിപ്പിക്കുക.
4. സോളാർ പദ്ധതിപ്രകാരമുള്ള ഊർജ്ജോപകരണങ്ങൾ വാങ്ങുന്നതിന് കൂടുതൽ സബ്സിഡി ലഭ്യമാക്കുക.
5. പ്രസരണനഷ്ടം കുറയ്ക്കുന്നതിന് വേണ്ടി വൈദ്യുതി ലൈനുകളിൽ തൊട്ടുകിടക്കുന്ന വൃക്ഷങ്ങൾ വെട്ടിമാറ്റുക.
6. പതിയതായി വലിക്കുന്ന ലൈനുകൾ കഴിയുന്നിടത്തോളം റോഡുസൈഡിലാക്കുന്നത് പ്രസരണ നഷ്ടം ഒഴിവാക്കാൻ സാധിക്കുന്നു.
7. നിലവിലുള്ള ലൈൻ സൗകര്യപ്രദമായ രീതിയിൽ പുനഃക്രമീകരിച്ചാൽ പ്രസരണനഷ്ടം ഒഴിവാക്കുന്നതിനും സാമ്പത്തികനേട്ടം ഉണ്ടാക്കുവാനും സഹായിക്കുന്നു.
8. ട്രാൻസ്ഫോമറുകൾ ബോക്സിനകത്താക്കി ലോക്ക് ചെയ്യണം.
9. ഈ പഞ്ചായത്തിലെ അരിവിക്കൽ വെള്ളച്ചാട്ടം ഉപയോഗപ്പെടുത്തി വൈദ്യുതി ഉൽപാദപ്പിക്കാനുള്ള പദ്ധതിക്കു രൂപം നൽകിയാൽ പാമ്പാക്കുട ഗ്രമപഞ്ചായത്തിൽ പൂർണമായും ബ്ലോക്കതിർത്തിയിൽ പെട്ട മറു പഞ്ചായത്തു പ്രദേശത്തും ആവശ്യത്തിന് വൈദ്യുതി ലഭിക്കുന്നതാണ്.
10. ഈ പഞ്ചായത്തിൽ കുന്നുകളുണ്ട് . ഇവിടെ കാറ്റാടി യന്ത്രങ്ങൾ ഉപയോഗിച്ച് 0കാറ്റിൽ നിന്ന് 1വൈദ്യുതി ഉൽപാദിപ്പിക്കുവാനുള്ള സൗകര്യം പ്രയോജനപ്പെടുത്തണം.
11. സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള സത്വര നടപടിയും ആരംഭിക്കുക.

## നിർദ്ദേശങ്ങൾ

1. ഓണക്കൂർ ഇടത്തൊട്ടിപ്പടി-ഇരട്ടനാൽകുളം ഭാഗത്ത് ഏകദേശം 20 വീടുകൾക്ക് വൈദ്യുതി ലഭിക്കാനുണ്ട്. ആവശ്യമായ നടപടികൾ എത്രയും വേഗം സ്വീകരിക്കുക.
2. അരിയപ്പുറത്തുള്ള വോൾട്ടേജ്ക്ഷാമം പരിഹരിക്കണം.
3. 7ഓണക്കൂർ സൗത്ത് കിരാതമംഗലം റോഡിലും മണ്ണാത്തിക്കുളംപടി കാക്കൂർ റോഡിൽ ഓണക്കൂർ സെഹിയോൺ പള്ളി മുതൽ പഞ്ചായത്ത് അതിർത്തി വരെ സ്ട്രീറ്റുലൈറ്റുകൾ സ്ഥാപിക്കുക.
4. വാലെപ്പടി റോഡിന്റെ കീപ്പാള്ളി ഭാഗത്ത് 10 വീടുകൾ കൂടി വൈദ്യുതീകരിക്കണം. ഈ ഭാഗത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.
5. പാണ്ടിയൻപാറ, നെച്ചൂർ കടവ് റോഡ്, വാലേപ്പടി-കീപ്പാള്ളി റോഡ് ഓണക്കൂർ കരിയില തോട് റോഡ് , കല്ലിൽതാഴാ റോഡ്, ഊരനാട്ട് ചിറ റോഡ്, പുളിക്കടവ് റോഡ്, ആലുംചിറ റോഡ് എന്നീ റോഡുകളിൽ സ്ട്രീറ്റുലൈറ്റുകൾ സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുക.
6. കക്കയത്ത് അനുവദിച്ചിരിക്കുന്ന ട്രാൻസ്ഫോമർ എത്രയും വേഗം സ്ഥാപിക്കണം.
7. ഓണക്കൂർ ലക്ഷം വീടുകോളനിയിൽ വൈദ്യുതി ഇല്ലാത്ത വീടുകൾ വൈദ്യുതീകരിക്കാനും സ്ട്രീറ്റുലൈറ്റുകൾ സ്ഥാപിക്കുവാനും നടപടികൾ സ്വീകരിക്കുക.
8. പുതുശ്ശേരിപ്പടി --മാമലശ്ശേരി റോഡിൽ S.N.D.P.ജംഗ്ഷൻ മുതലുള്ള സിംഗിൾ ഫേസ് ലൈൻ ത്രീഫേസാക്കി പാലിയത്തുചിറ ട്രൻസ്ഫോമറുമായി ബന്ധിപ്പിക്കുകയും അവിടത്തെ ട്രാൻസ്ഫോമറിന്റെ ശക്തി വർദ്ധിപ്പിക്കുകയും ചെയ്യുക.

9. കല്ലറപ്പാടം ചാലിയത്തു റോഡിൽ സ്ട്രീറ്റുലൈറ്റുകൾ സ്ഥാപിക്കുക.

10. പുതുശ്ശേരി-മാമലശ്ശേരി റോഡിലെ സ്ട്രീറ്റുലൈറ്റിന്റെ അറ്റകുറ്റപ്പണികൾ നടത്തുക.

11. ചെറിയ പാമ്പാക്കുടയിൽ സ്ഥാപിച്ചിട്ടുള്ള മാതൃകാ ട്രാൻസ്ഫോമർവഴി ഇപ്പോൾ വൈദ്യുതി ലൈനുകൾ പോകുന്നത് റബ്ബർതോട്ടങ്ങളിലൂടെയാണ്.ഈ ലൈനുകൾ റോഡുകളിൽക്കൂടിയാക്കുവാൻ സത്വരനടപടികൾ സ്വീകരിക്കുക.

12. മുന്നാനിക്കുഴി, ചെറിയ പാമ്പാക്കുട, കയനിപറക്കോട്ടിൽ, എന്നീ ഭാഗങ്ങളിലെ വോൾട്ടേജ്ക്ഷാമം പരിഹരിക്കാൻ പുതിയ ട്രാൻസ്ഫോമ റുകൾ സ്ഥാപിക്കുക.

13. പട്ടികജാതി, പട്ടികവർഗ്ഗ കോളനി, ലക്ഷംവീട് കോളനി , പാമ്പാക്കുട ഈസ്റ്റ് കോളനി എന്നിവിടങ്ങളിൽ വൈദ്യുതി കണക്ഷൻ എത്രയും വേഗം നൽകുക.

14. പാമ്പാക്കുട -ആത്താനിക്കൽ റോഡ്, ആശുപത്രി കൊച്ചേരിക്കുളം റോഡ്, അഞ്ചൽ പെട്ടി- കയനി റോഡ്, കാക്കൂർ -അരീക്കൽ റോഡ് , പുലക്കാവിൻ താഴം- കയനി റോഡ്, ചെറയപള്ളിക്കവല- പാറ റോഡ്, മുന്നാനിക്കുഴി- ഞവരാലി റോഡ്, പാപ്പു കവല- മണ്ണത്തൂർ റോഡ് എന്നിവിടങ്ങളിൽ ഒന്നിടവിട്ട പോസ്റ്റുകളിൽ സ്ട്രീറ്റുലൈറ്റ് സ്ഥാപിക്കുക.

15. 1) തെങ്ങുപറമ്പ് ഹരിജൻ കോളനിയിൽ എല്ലാ ഭവനങ്ങൾക്കും കണക്ഷൻ ലഭ്യമാക്കണം.

2) മടത്തേക്കാവ്-മണലിപ്പടി റോഡ്, ആലുഞ്ചേരിത്തടം-മണലിപ്പടി റോഡ്, എറുമ്പേത്തു പടി-പാലക്കോട് റോഡ്, ഗവ. ഹൈസ്ക്കൂൾ പടി- പരുത്തിക്കുന്നുമല റോഡ്, കടയ്ക്കനാട്ടേൽ-പനച്ചിക്കോട് റോഡ് എന്നിവിടങ്ങളിൽ സ്ട്രീറ്റുലൈറ്റുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

ആറാം വാർഡിൽ വൈദ്യുതിക്കായി അപേക്ഷ നൽകിയ എല്ലാവർക്കും എത്രയും വേഗം കണക്ഷൻ നൽകണം.വോൾട്ടേജ്ക്ഷാമം പരിഹരിക്കാൻ ആലുഞ്ചരിത്താഴത്ത് ഒരു ട്രാൻസ്ഫോമർ സ്ഥാപിക്കുക.

16. പാമ്പാക്കുട -കിഴുമുറി റോഡിൽ വൈദ്യുതി ലൈൻ ഇല്ലാത്ത ഭാഗം ലൈൻ ലിങ്ക് ചെയ്ത് ആവശ്യമായ സ്ട്രീറ്റുലൈറ്റുകൾ സ്ഥാപിക്കുക. നെയ്തു ശാലപ്പടി-അയ്യന്താനം കോളനി,മുട്ടമല കോളനി, മരേക്കാട്ടുതാഴം - പുളിഞ്ചോട്,കഴഞ്ചിത്തടം ഈ ഭാഗങ്ങളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നെയ്തു ശാലപ്പടിയിൽ ഒരു ട്രാൻസ്ഫോമർ സ്ഥാപിക്കുക.

ഓലിനാക്കുന്നുഭാഗത്ത് വൈദ്യുതി എത്തിക്കാനുള്ള നടപടി സ്വീകരിക്കുക.

ആലുഞ്ചരിത്താഴം-പഴപുര-നെയ്തു ശാലപ്പടി റോഡ്,നീറുന്താനം- നെയ്തു ശാലപ്പടി റോഡ് എന്നിവയുടെ സമീപപ്രദേശങ്ങളിൽ താമസിക്കുന്ന പ്രദേശത്തെ വൈദ്യുതി നാളിതുവരെ എത്തിയിട്ടില്ല.വൈദ്യുതി ലഭിക്കാനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കുക.

പെരുമാൻചിറയുടെ ചുറ്റുപാടും താമസിക്കുന്ന കുടുംബങ്ങൾക്ക് വൈദ്യുതി ലഭിക്കാനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കുക.

പാമ്പാക്കുട ടൗൺ, പള്ളിത്താഴം P.H. സെന്റർ, അഞ്ചൽപെട്ടി, മാരേക്കാട്ടുകവല,നെയ്തു ശാലപ്പടി, ചെട്ടിക്കണ്ടം, വെട്ടിമൂട്കവല, കയനി, ഓണക്കൂർ പള്ളിപ്പടി, പെരിയപ്പുറം വലിയകുരിശ്,ഓണക്കൂർ പാലം, അരുവിക്കൽ കൊച്ചു പാമ്പാക്കുട, വടക്കൻ പിറമാടം, എറമ്പേത്ത് പടി (ഗാന്ധി ജംഗ്ഷൻ) എന്നിവിടങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക. മേമ്മുറി-ഉള്ളോപ്പിള്ളി റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

9-ാം വാർഡിലെ -ഇടുമുക്കിൽ -അരുവിക്കൽ ഭാഗത്ത് കണക്ഷന് അപേക്ഷിച്ചവർക്ക് എത്രയും വേഗം വൈദ്യുതി നൽകാൻ നടപടി സ്വീകരിക്കുക.

പാമ്പാക്കുട ടൗണിൽ ഒരു ഗ്യാസ് ഏജൻസി ആരംഭിക്കുവാനുള്ള നടപടി ഉടനെ സ്വീകരിക്കുക.പുകയില്ലാത്ത അടുപ്പ് സൗരോർജ്ജം കൊണ്ട് പ്രവർത്തിക്കുന്ന ഉപകരണങ്ങളും ഇവിടെ ലഭിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുക.

രാമമംഗലം-തൊടുപുഴ C.C. റോഡിൽ മണ്ണത്തൂർ ലൈനിൽ നിന്നുള്ള ലൈനും അരീക്കൽ ലൈനും തമ്മിൽ യോജിപ്പിക്കുക.

# ഗതാഗതം.

ഒരു പ്രദേശത്തിന്റെ വികസനത്തിന്റെ സൂചിക അവിടുത്തെ നിർമ്മാണപ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്ന തുകയുടെ തോത് അനുസരിച്ചാണ് സ്ഥിതി ചെയ്യുന്നത് എന്ന് പറഞ്ഞാൽ തെല്ലും അതിശയോക്തിയായിരിക്കില്ല. എല്ലാ വകുപ്പുകൾക്കും അതിന്റേതായ വികസനപരിപാടികൾക്കനുസൃതമായ നിർമ്മാണ പ്രവർത്തനങ്ങൾ നട ക്കേണ്ടതായിട്ടുണ്ട്. ഇതിൽ ഗണ്യമായ സ്ഥാനം കെട്ടിടങ്ങൾ നിർമ്മിക്കുക, ഗതാഗത സൗകര്യങ്ങൾ ഉണ്ടാക്കുക എന്നിവയാണ്.കൃഷി,വ്യവസായം,വാണിജ്യം എന്നു വേണ്ട നാനാ തുറകളിലുള്ള പ്രവർത്തനങ്ങൾക്ക് ഗതാഗത സൗകര്യം അനിവാര്യമാണ്.ഈ ഗതാഗതം എല്ലാക്കാലങ്ങളിലും എല്ലാ സമയങ്ങളിലും നിർബോധം സാധിക്കുന്ന തിന് നിലവിലുള്ള റോഡുകളുടെ സംരക്ഷണം വളരെ പ്രാധന്യമർഹിക്കുന്നു. വർദ്ധിച്ച് വരുന്ന ഗതാഗതം സുഗമ മാക്കുന്നതിന് പുതിയ റോഡുകളും ടാർ ഇട്ട റോഡുകളും അനിവാര്യമാണ് .അവികസിതമായ ഈ പ്രദേശത്ത് ഇനയും കൂടുതൽ റോഡുകളും യാത്രാസൗകര്യങ്ങളും ഉണ്ടാക്കേണ്ടിയിരിക്കുന്നു.റോഡിന്റെ നിർമ്മാണം പൂർത്തി യാകുന്നതോടു കൂടി ഈ പ്രദേശത്തിന് കൂടുതൽ പുരോഗതി ഉണ്ടാകുകയും തൽഫലമായി റോഡിന്റെ ഇരുവശ ത്തുമുള്ള ഭൂമിക്ക് വില വർദ്ധിക്കുകയും ചെയ്തു. പ്രശ്നങ്ങളുടെ എല്ലാ വശങ്ങളും കണക്കിലെടുത്ത് സമഗ്രമായ ഒരു പരിപാടി അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുമാണ്.അതി നുള്ള ഒരു പരിശ്രമമാണ് നാമിവിടെ ആരംഭിക്കുന്നത്.

വികസനപ്രവർത്തനങ്ങൾ രണ്ടു വിധത്തിലുണ്ട് .ഒന്നാമതയി അവികസിത പ്രദേശങ്ങളിൽ പുതിയ റോഡു കൾ നിർമ്മിക്കുക. രണ്ടാമതായി നിലവിലുള്ള റോഡുകളെ ഗതാഗതത്തിന്റെ ആധിക്യം കണക്കിലെടുത്ത് വീതി കൂട്ടുക, വളവ് നിവർത്തുക, ആവശ്യമായ സ്ഥലങ്ങളിൽ നടപ്പാത നിർമ്മിക്കുക, മുതലായവയാണ്. നമ്മുടെ പ്രദ ശത്തെ കൃഷി, വ്യവസായങ്ങൾ ആരംഭിക്കുക, വാണിജ്യം മുതലായവ വികസിപ്പിക്കുന്നതിനും ആരംഭിക്കുന്ന തിനും കൂടുതൽ യാത്രാസൗകര്യങ്ങൾ ആവശ്യമാണ്.ഇവിടത്തെയാളുകൾക്ക് നഗരത്തിൽ സ്ഥിതി ചെയ്യുന്ന വ്യവ സായകേന്ദ്രങ്ങളിൽ നിത്യേന പോയി വരുവാനും വിദ്യാഭ്യസം, വൈദ്യസഹായം എന്നീ പ്രാഥമികാവശ്യങ്ങൾ സുലഭമായി ലഭിക്കുവാനും പുതിയ റോഡുകൾ അത്യന്താപേക്ഷിതമാണ്.

ഈ പഞ്ചായത്തിലെ നിലവിലിരിക്കുന്ന റോഡുകളുടെ ഏകദേശരൂപം താഴെ കൊടുക്കുന്നു.

## Ward 1

പിറവം -- മൂവാറ്റുപുഴ

ഓണക്കൂർ -- അന്ത്യാൽ റോഡ്

ഓണക്കൂർ - -കാക്കൂർ റോഡ്

കണ്ണിക്കുളത്തിൽപടി - -കുളവയൽ പുഞ്ച

പുന്നശ്ശേരിപ്പടി - തകിടിത്താഴം റോഡ്

പള്ളിപ്പടി - കിരാതമംഗലം റോഡ്

അമ്പലം പടി - -എരട്ടനാക്കുളം റോഡ്

ചേലകത്തിനാൽ റോഡ്

അണ്ടിച്ചിറ —വിലങ്ങു പാറ റോഡ്

പാലച്ചുവട് - -കാക്കൂർ റോഡ്

## Ward 2

പിറവം - -മൂവാറ്റുപുഴ റോഡ്

കാക്കൂർ - പാലച്ചുവട് റോഡ്

കരയോഗം —കക്കയം റോഡ്

ഓണക്കൂർ - കിരാതമംഗലം റോഡ്

ഓണക്കൂർ —ഇടപ്പള്ളിച്ചിറ റോഡ്

ഐറ്റിച്ചാലിപ്പടി —കൊമ്പനാമല റോഡ്

ചെന്നമ്പിള്ളി - -മുണ്ടൻപുതി റോഡ്

തൊടുവക്കുഴി - -ഇരുവാക്കൽ റോഡ്

ഓണക്കൂർ - ലക്ഷംവീടുകോളനി റോഡ്

ഓണക്കൂർ - -പള്ളിപ്പടി നാലുകണ്ടത്തിൽപടി റോഡ്

തൊടുവക്കുഴി —ചെള്ളിക്കുന്നേൽപ്പടി റോഡ്

## Ward 3.

ഓണക്കൂർ - പിറവം റോഡ്

ഓണക്കൂർ - നെച്ചൂർക്കടവ് റോഡ്

കണ്ണംകുളം - -വാലേപ്പടി റോഡ്

ബഥനിപ്പള്ളി - മുക്കംകാട്ടിൽ റോഡ്

ഊരനാട്ടുചിറ റോഡ് -

മോളേപ്പടി - -കഴക്കനേടത്തു കടവ് റോഡ്

പെരുമനത്തു പടി റോഡ്

കാലാപ്പിള്ളി —പുളിക്കൽ കടവ് റോഡ്

ആലുങ്ങോട്—പുളിക്കൽകടവ് റോഡ്

## Ward 4.

മാമലശ്ശേരി—മാവിൻ ചോട് റോഡ്

അഞ്ചൽപെട്ടി—കുത്താട്ടുകുളം റോഡ്

മാവിൻചുവട്—പിറവം റോഡ്

മാമലശ്ശേരി-പുതുശ്ശേരിപ്പടി റോഡ്-N.E.S.ബ്ലോക്ക് റോഡ്

കളപ്പുരയിൽ-നടക്കൽ കോളനി ഫാം റോഡ്

## Ward 5

മൂവാറ്റുപുഴ—പിറവം റോഡ്

പാപ്പുകവല-അരീക്കൽ റോഡ്

പാമ്പാക്കുട -വെട്ടിമൂടുകവല —കൊച്ചുപാമ്പാക്കുട റോഡ്

ആശുപത്രിപ്പടി —കൊച്ചേരിക്കുളം റോഡ്

അഞ്ചൽപെട്ടി —കയനി റോഡ്

അഞ്ചൽപെട്ടി —കാക്കൂർ റോഡ്

അരീക്കൽ —കാക്കൂർ റോഡ്

കൊച്ചു പാമ്പാക്കുട —പാറ റോഡ്

പറയം കുടിതാഴം —അരീക്കൽ താഴം റോഡ്

പുലക്കാവിൻ താഴം —പുതുവ റോഡ്

കുന്നപ്പിള്ളിത്താഴം —ഇലഞ്ഞിക്കുഴിത്താഴം റോഡ്

പുലക്കാവിൻ താഴം —കയനി റോഡ്

കയനി - മുക്കിനേത്ത ഭാഗം റോഡ്

കയനി —പാലപ്പിള്ളിത്താഴം റോഡ്

മുന്നാനിക്കുഴി —ഞവരാൽ റോഡ്

ഇലഞ്ഞിക്കുഴിത്താഴം റോഡ്

## Ward 6

മൂവാറ്റുപുഴ —പിറവം റോഡ്

പാമ്പാക്കുട --കിഴുമുറി റോഡ്

പാമ്പാക്കുട —പരുത്തിക്കുന്നുമല റോഡ്

(ഗാന്ധിജംഗ്ഷൻ) എറുമ്പേത്തുപടി —-പാലക്കോടു റോഡ്

ആലഞ്ചേരിത്താഴം —-മണലിപ്പടി റോഡ്

മടത്തേക്കാവ് —മണലിപ്പടി റോഡ്

മാവിൻചുവട് —-മാമ്മലശ്ശേരി റോഡ്

Ward 7

Main Road Tar

പിറവം —-മൂവാറ്റുപുഴ റോഡ്

മാറേക്കാട്ട് കവല —-രാമമംഗലം റോഡ്

പാമ്പാക്കുട പള്ളിത്താഴം —-കീഴുമുറി റോഡ്

തിയേറ്റർ പടി —-മാർതോമപള്ളി റോഡ്

പാലത്തിങ്കൽപ്പടി —ചെന്നായ്കോട്

പാമ്പാക്കുട ടൗൺ —-പുള്ളോൻതടം കൂടി മാർത്തോമാപ്പള്ളി റോഡ്

വിഷവൈദ്യപ്പടി —-കീച്ചേരിത്താഴം റോഡ്

ആലുഞ്ചേരിത്താഴം —- അന്ത്യാലുങ്കൽ

നീറുന്താനം —-നെയ്ത്തുശാലപ്പടി

പഴപുരത്താഴം —-അമ്പലപ്പടി

ചിറക്കടവ് —-പെരുമാഞ്ചിറ റോഡ്

വാർഡ് VIII

മൂവാറ്റുപുഴ —പിറവം

സി.എസ്.ഐ. പള്ളി —-മങ്ങാട്ടുകുഴമ്പിൽ അയ്യന്താനം റോഡ്

എഴുകാമറ്റം —-എലവും പാറ-അയ്യന്താനം

നെയ്ത്തുശാലപ്പടി —-ഊരമന

ചെട്ടിക്കണ്ടം —-പുളിഞ്ചോട്

നെയ്തുശാലപ്പടി —-ഉള്ളോപ്പടി

പുളിഞ്ചോട് —-കാർത്തുള്ളിപ്പടി

എലവുംപാറ —-കടമ്പനാട്ടുതാഴം

ചിറക്കടവ് —-ഐയ്യന്താനം കോളനി

പയ്യനാനിക്കൽപ്പടി —- പൊട്ടച്ചിറ

കക്ഷായിപ്പടി —-കമ്പനിപ്പടി

പുല്ല്യാട്ടുപടി —-അയ്യന്താനം

കക്ഷായിപ്പടി--മുട്ടമല

വാർഡ് iX

കോൽപ്പാറ--വിലങ്ങുപാറ

ഐക്കരക്കണ്ടം —-കടുവക്കാട്

പിറവം —മൂവാറ്റുപുഴ

അരുവിയ്ക്കൽ —- വിലങ്ങുപാറ

എട്ടുപറപ്പടവ് —-ചക്കുംചിറ

ഈ പഞ്ചായത്തിൽ പഞ്ചായത്തു റോഡുകൾ 5 കി. മീ. മാത്രമാണ് ടാർ ചെയ്തിട്ടുള്ളത്. ഉദ്ദേശ്യം 86 കി.മീ. ദൈർഘ്യം റോഡ് ടാർ ചെയ്യാത്തതാണ്. ഈ പഞ്ചായത്തിൽക്കൂടി 33 കി.മീ. ദൈർഘ്യം P.W.D. റോഡ് കടന്നു പോകുന്നുണ്ട്. ഈ പഞ്ചായത്തിൽ മിക്ക വാർഡുകളിലും ഗതാഗത സൗകര്യം വളരെ കുറവാണ്. ചാലിയത്തുചിറ-കല്ലറകോട് റോഡിൽ അറ്റകുറ്റപ്പണി ചെയ്തതിന് 4500 രൂപയും ചെട്ടിക്കണ്ടം-ചിറപ്പാട് റോഡിന്റെ വികസനവേലയ്ക്കും ടാറിങ്ങിനും 4 ലക്ഷം രൂപയും അഞ്ചൽപ്പെട്ടി കയനി റോഡിന് 2 ലക്ഷം രൂപയും കോൽപ്പാറ-വിലങ്ങുപാറ റോഡിന് 1 ലക്ഷം രൂപയും അമ്പലംപടി-ഇരട്ടനാക്കുളം റോഡിന് അറ്റകുറ്റപ്പണിക്ക് 4500 രൂപയും ഐറ്റിചാലിപ്പടി-കൊമ്പനാമല റോഡിന്റെ അറ്റകുറ്റപ്പണിക്ക് 2500 രൂപയും ചേന്നമ്പിള്ളി-മുണ്ടൻപടി റോഡിന്റെ അറ്റകുറ്റഫ്ഫണിക്ക് 2500 രൂപയും പാലത്തിങ്കൽ-ചെന്നായ്കോട് റോഡിന്റെ അറ്റകുറ്റപ്പണിക്ക് 1500 രൂപയും അഞ്ചൽപ്പെട്ടി-പാലക്കോട് റോഡിന്റെ അറ്റകുറ്റപ്പണിക്ക് 1500 രൂപയും എറുമ്പേത്തുപടി-പാലക്കോട് റോഡിന് 3000 രൂപയും ഉൾപ്പെടെ 724000 രൂപയും 6 മാസത്തിനുള്ളിൽ പഞ്ചായത്തിൽ നിന്നും ചിലവഴിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ പഞ്ചായത്തുവക പൊതുമാർക്കറ്റ് ഉണ്ട് ആഴ്ചയിൽ ചൊവ്വ ശനി ദിവസങ്ങളിൽ ചന്ത കൂടുന്നു. പൊതുവെ പറഞ്ഞാൽ ഈ പഞ്ചായത്ത് അതിർത്തിയിൽ ഉള്ള റോഡുകൾ മിക്കവയും ഗതാഗതത്തിനും സഞ്ചാരത്തിനും അപര്യാപ്തമാണ്. ഈ പഞ്ചായത്തിൽ ഏറ്റവും ഗതാഗതം കൂടുതലുള്ള റോഡുകൾ പിറവം-മൂവാറ്റുപുഴ, രാമമംഗലം-തൊടുപുഴ, പിറവം അഞ്ചൽപ്പെട്ടി വഴി കൂത്താട്ടുകുളം, കൂത്താട്ടുകുളം പാമ്പാക്കുട വഴി കോലഞ്ചേരി, കൂത്താട്ടുകുളം പാമ്പാക്കുട വഴി എറണാകുളം, ആലുവ പാമ്പാക്കുട വഴി കൂത്താട്ടുകുളം, കോലഞ്ചേരി പാമ്പാക്കുട വഴി കോട്ടയം, പിറവം കോതമംഗലം, പിറവം അഞ്ചൽപ്പെട്ടി വഴി സുൽത്താൻ ബത്തേരി, വൈയ്ക്കം-പൊൻമുടി എന്നിവയാകുന്നു.

ഗതാഗത്തെ സംബന്ധിച്ച് ഈ പ്രദേശത്തുള്ള പ്രശ്നങ്ങളും പരിഹാരങ്ങളും താഴെ ചേർക്കുന്നു.

1. ഈ പഞ്ചായത്തിന്റെ ഹൃദയ ഭാഗത്ത് ബസ്സുകൾ പാർക്കു ചെയ്യുന്നതിന് ഒരു ബസ്സ് സ്റ്റാന്റും, ഓട്ടോ, കാർ, ജീപ്പ് മുതലായ വാഹനങ്ങൾ പാർക്കു ചെയ്യുന്നതിന് ആവശ്യമായ ടാക്സി സ്റ്റാന്റും അടിയന്തിരമായി നിർമ്മിക്കണം. ആവശ്യമായ സ്ഥലം പൊന്നും വിലയ്ക്ക് എടുക്കേണ്ടതാണ്.
2. നാനാഭാഗത്തേയ്ക്കും ഗതാഗതസൗകര്യക്കിന് ഉതകും വിധം ഇവിടെ നിന്ന് പുറപ്പെടുന്ന ബസ്സുകൾ ആരംഭിക്കുവാൻ സത്വര നടപടികൾ ആരംഭിക്കുക.
3. കുണ്ടുകുഴിയമായി കിടക്കുന്ന എല്ലാ റോഡുകളും പുനരുദ്ധാരണംചെയ്തു ടാർ ചെയ്യുക.
4. തീർത്ഥാടനകേന്ദ്രമായ ശബരിമലയിലേയ്ക്ക് അന്യനാടുകളിൽ നിന്നു പോലും ധാരാളം തീർത്ഥാടകരെ വഹിച്ചുകൊണ്ടുള്ള വാഹനങ്ങൾ ഈ പഞ്ചായത്തിൽക്കൂടി കടന്നു പോകുന്നു. അതിനാൽ പ്രധാന റോഡുകളുടെ വീതി കൂട്ടി വളവുകൾ നിവർത്തി വാഹനങ്ങൾ സുഗമമായി ഓടിക്കുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കുക.
5. നിർദ്ദിഷ്ട എറണാകുളം ശബരിമല ഹൈവേയും ആലപ്പുഴ-മൂവാറ്റുപുഴ ഹൈവേയും ഈ പഞ്ചായത്തിൽ കൂടിയാണ് കടന്നു പോകുന്നത്. ഈ രണ്ടു ഹൈവേയുടേയും പണികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ എന്നിവിടങ്ങളിൽ നിന്നും പുറപ്പെടുന്ന ഏതാനും സർവ്വീസുകൾ എങ്കിലും പാമ്പാക്കുട ഗ്രാമപഞ്ചായത്തിൽക്കൂടി (പാമ്പാക്കുട, പിറവം റോഡിൽക്കൂടി കടന്ന്) തിരുവനന്തപുരത്തേയ്ക്ക് എത്തിച്ചേരുന്നതിന് സർവ്വീസ് നടത്തുവാൻ നടപടികൾ സ്വീകരിക്കുക.

എറണാകുളത്തുനിന്നും പാമ്പാക്കുട വഴി തൊടുപുഴ ഇടുക്കി സ്ഥലങ്ങളിലേയ്ക്ക് ബസ് സർവ്വിസ് ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുക.

നിർദ്ദേശങ്ങൾ

1. ഓണക്കൂർ-അനത്യാൽ റോഡിൽ പാലയ്ക്കൽ വളവിൽനിന്നും മനയ്ക്കപുഞ്ചവഴി ഓണക്കൂർ സെഹിയോൻ പള്ളിപ്പടിവരെയുള്ള റോഡിനുവേണ്ടി മനയ്ക്കപ്പുഞ്ചയിൽ ഒരു നടപ്പാത നിർമ്മിക്കുക.

2. കിരാതമംഗലം-ഇരട്ടനാൽകുളം റോഡിൽ രണ്ടര കി.മീ. നീളവും ഒണക്കൂർ സൗത്ത് യു.പി.എസ്സ്. ചേലകത്തിനാൽ റോഡും ഇരട്ടനാൽകുളം റോഡും വിലങ്ങുപാറ റോഡും, ഓണക്കൂർ-പെരിയപ്പുറം റോഡും പുന്നശ്ശേരി മുതൽ തകിടിത്താഴം വരെയുള്ള റോഡ് പാടത്തേയ്ക്ക് മുറിച്ച് വശം കെട്ടിയും ടാർ ചെയ്തും ഗതാഗതയോഗ്യമാക്കുക.

3. കണ്ണിക്കുളം മുതൽ-മാളിയേയ്ക്കൽതാഴം പാടംവരെയുള്ള റോഡ് വാഹനസഞ്ചാരയോഗ്യമാക്കുക.

4. പാണ്ടിയൻപാറ-നെച്ചൂർക്കടവ് റോഡ് കലുങ്കുഭിത്തിയും കെട്ടി റീ-ടാർചെയ്ത് റോഡിന്റെ ഇന്നത്തെ ശോച്യാവസ്ഥ പരിഹരിക്കുക.

5. വാലേപ്പടി റോഡ്-കല്ലീത്താഴം റോഡ് ഊറനാട്ടുചിറ റോഡ്, പുളിക്കക്കടവ്-ആലിഞ്ചുവട് റോഡ് ഇവ അറ്റകുറ്റപ്പണികൾ തീർത്ത് ടാർ ചെയ്യുക. മനയ്ക്കപ്പടി-മോളേൽപ്പടിറോഡ് മോളേൽപ്പടി-കിഴക്കിനേത്ത് റോഡ് ഇവയുടെ പുനരുദ്ധാരണവേലകൾ നടത്തുക.

6. കമ്പനിപ്പടി - മടത്തുംപടി റോഡ് പുതുയതായി നിർമ്മിക്കുന്നതിന് സത്വരനടപടി സ്വീകരിക്കുക.

7. ഓണക്കൂർ ലക്ഷംവീട് കോളനിയിൽ കലുങ്ക് തീർത്തു് വശം കെട്ടി പുനരുദ്ധാരിക്കേണ്ടതും ആലപ്പാട്ടുപടു - പുള്ളോളിക്കുളങ്ങര റോഡ് കുന്നുകൾ താഴ്ത്തി കലുങ്ക് തീർത്തു പുനരുദ്ധരിക്കേണ്ടതാണ്.

8. ഐറ്റിച്ചാലിപ്പടു റോഡ് - കൊമ്പനാൽ മല റോഡ് അറ്റകുറ്റ പണികൾ ചെയ്തു ടാർ ചെയ്യുക.

9. ചേന്നാമ്പള്ളി - മുണ്ടൻപതി റോഡ് - പെരിയപ്പുറം - പ്രിയദർശിനി നഗർ റോഡ്, ഓണക്കൂർ പള്ളിപ്പടി - നാലുകണ്ടത്തിൻപടി കിരാതമംഗലം റോഡ്, തൊട്ടാവാക്കുഴി - ഇരുവായിക്കൽ റോഡ്, ആർക്കാക്കുന്ന് - കോഴിപ്പാറ ഹരിജൻ കോളനി റോഡ്, എന്നിവയിൽ ആവശ്യമുള്ള സ്ഥലത്ത് കലുങ്കുകൾ തീർത്ത് വശങ്ങൾ കെട്ടി ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുക.

10. കുന്നപ്പാംമറ്റം - താമാച്ചാൽ റോഡ്, കല്ലറപാടം, - ചാലിയത്തുചിറ റോഡ്, പുതുശ്ശേരിപ്പടി - മൈലാടുംനിരപ്പ് റോഡ്, അഞ്ചൽപ്പെട്ടി- മംഗലത്തുത്താഴം റോഡ്, ബ്ലോക്ക് റോഡ്, കാക്കനാട്ട് പടി - മേമുട്ടത്തുപാടം റോഡ്, വാക്കശ്ശേരി പടി - നാർക്കോലി പാടം റോഡ്, എന്നിവ പുനഃരുദ്ധരിച്ച് സൈഡ് കെട്ടി ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.

11. അഞ്ചൽപ്പെട്ടി - എസ്.എൻ.ഡി.പി. ജെഗ്ഷനിൽ കലുങ്കും കാനയും നിർമ്മിക്കുക. പുലക്കാവിൽ താഴം - കയനി റെഡ്, ആശുപത്രി പടി - കോച്ചേരിക്കുളം, അഞ്ചൽപ്പെട്ടി - കയനി. വാഴമറ്റം- താന്നികുന്നേൽതാഴം, ചെറുയപള്ളിക്കവല - പാറ, പുലക്കാവിൽപടി - പുതുവാ, പറയൻകുടിതാഴം - അരീക്കൽ താഴം, കയനി-മൂക്കനേത്തുപടി, കയനി - കാക്കൂർ, കുന്നപ്പിള്ളി താഴം, ഇലഞ്ഞിക്കുഴി, മൂന്നാണിക്കുഴി-ഞവരാൽ, കല്ലുവളവിൽ - പാരക്കോട്ടിൽ, പള്ളിത്താഴം- ഇലഞ്ഞിക്കുഴി എന്നീ റോഡുകളുടെ പുനരുദ്ധാരണ ജോലികൾ ചെയ്ത് ടാറിംഗ് നടത്തുക.

12. കരിമ്പനായ്ക്കാൽ തഴത്തുനിന്ന് ഈസ്റ്റ് SC/ST കോളനി ഇലഞ്ഞിക്കുഴി താഴം വെട്ടിമൂട് കവല കൂടി ആലുങ്കൽതാഴത്തു വരെ മുൻപുണ്ടായിരുന്നതും ഇപ്പോൾ നിലവിൽ ഇല്ലാത്തതുമായ റോഡ് പുതിയതായി നിർമ്മിക്കുക. ( ഈഭാഗത്തു വുറംമ്പോക്ക് ഭൂമി പലരും കൈവശും വച്ചിരിക്കുന്നു) അതുങ് തിട്പ്പെടുത്തി ഈ ഭൂമി റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുക. അരീക്കൽ നിന്നും നെടും പാമ്പാക്കുട ഭഭാഗത്തേക്ക് പോകുന്ന കൈതോടിന്റെ വശത്തു പുറംപോക്ക് ഭൂമി ഉപയോഗപ്പെടുത്തി സൈഡിൽ ഗതാഗതയോഗ്യമായ റോഡ് നിർമ്മിക്കുക.

13. മടത്തേക്കാവ് - മണലിപ്പടി റോഡ്, ആലുഞ്ചേരിത്താഴം - മണലിപ്പടി ഹരിജൻ കോളനി, എറുമ്പേത്തുപടി - പാലക്കോട്, അഞ്ചൽപ്പെട്ടി - പാലക്കോട്, ഗവ. ഹൈസ്കൂൾ പടി - നെട്ടലംകുടിതാഴം, കടക്കനാട്ടേൽ പടി - പനച്ചിൽകോട് എന്നീ റോഡുകളുടെ അറ്റകുറ്റ പണികൾ തീർത്ത് ഗതാഗതയോഗ്യമാക്കുക.

14. ചുവടുകാലായിൽ താഴം, ആനാട്ടേൽ താഴം, കാളക്കുഴി താഴം, പാണ്ടിപ്പിള്ളി താഴം എന്നീ പുതിയ റോഡുകൾ നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കുക.

    എറുമ്പത്തുപടി - പാലക്കോട് റോഡ്, അഞ്ചൽപ്പെട്ടി - പാലകോട് റോഡു വഴി ബന്ധിപ്പിച്ച് ഒരു ലിങ്ക് റോഡ് നിർമ്മിക്കുക.

15. പാമ്പാക്കുട കിഴുമുറി റോഡിൽ ഗവ. ഹൈസ്കൂളിന് പടിഞ്ഞാറു വശത്തു അസഹ്യമായ വെള്ളകെട്ട് ഒഴിവാക്കി റോഡ് സംരക്ഷിക്കാൻ വേണ്ട നടപടി സ്വീകരിക്കുക.

പഴപുര - നീറുന്താനത്ത് പടി

പാമ്പാക്കുട - നെയ്ത്തുശാലപ്പടി

പാലത്തിങ്കൽപടി - ചെന്നായ്കോട്

കൊള്ളിക്കാട്ട് പടി - മോളേൽ പടി

എന്നീ റോഡുകൾ അറ്റകുറ്റ പണികൾ ചെയ്തു ടാർ ചെയ്യുക.

16. കൊള്ളിക്കാലപടി - മോളേൽ പടി റോഡ് ഗവ.ഹൈസ്കൂളിന്റെ വശത്തുകൂടി പാമ്പാക്കുട കിഴിമുറി റോഡലേക്ക് ബന്ധിപ്പിച്ച് സഞ്ചാരയോഗ്യമാക്കുക.

പാലത്തിങ്കൽപടി - ചെന്നായ്കോട് റോഡ് തീയേറ്റർ പടി റോഡുമായി ഉഴുന്നുമലപ്പടി - മേമ്മുറി പാടം റോഡ് പാമ്പാക്കുട രാമമംഗലം റോഡുമായി ബന്ധിപ്പിക്കുവാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കുക.

17. 7-ാം വാർഡിലെ ലക്ഷം വീട് കോളനിയിലെക്കുള്ള 100 മീറ്റർ റോഡ് ടാർ ചെയ്യുക.

18. കൊള്ളിക്കാട്ടിൽ പടിക്കൽ നിന്നും CSI പള്ളിപ്പടിയിലേക്ക് ഒരു ലിങ്ക് റോഡ് നിർമ്മിക്കുക.

19. വിഷവൈദ്യശാലപ്പടി മുതൽ കീച്ചേരിതാഴം വരെ വന്നിനിൽക്കുന്ന റോഡ് പെരുമാൾചിറ ഭാഗത്ത വന്നു നിൽക്കുന്ന റോഡുമായി ബന്ധിപ്പിക്കാൻ സത്വരനടപടികൾ സ്വീകരിക്കുക.

20. നെയ്ത്തുശാലപ്പടി - ഉള്ളാപ്പിള്ളി, ചെട്ടിക്കണ്ടം, ചിറപ്പാടം, റോഡിന്റെ അവശേഷിക്കുന്ന 100 മറ്റർ നീളം റോഡ്, പുളിംചുവട് - കാർത്തിള്ളി പിട, CSI പള്ളിപ്പടിഅയ്യന്താനംമ ഹരിജൻ കോളനി, ഇലവം പാറ - കടമ്പനാട് താഴം - അയ്യന്താനം ഹരിജൻ കോളനി, എഴുകാമറ്റം - അയ്യന്താനം ഹരിജൻ കോളനി

പയ്യാനിക്കൽ പടി - പൊട്ടച്ചിറ

കക്ഷായി പടി - കമ്പനിപ്പടി

നെയ്ത്തുശാലപ്പടി - ചേലക്കൽതാഴം- ഉള്ളാപ്പിള്ളി

പുല്യാട്ടുമഠം - അയ്യന്താനം ഹരിജൻ കോളനി

മാനാം കോട്ടുതാഴം - വട്ടത്തുരുത്തേൽ

കക്ഷായി പടി - മുട്ടമല ഹരിജൻ കോളനി

എന്നീ റോഡുകൾ അടിയന്തിരമായി അറ്റകുറ്റപണികൾ ചെയ്തു ടാർ ചെയ്യുക.

21. മേമ്മുറി സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ സൗകര്യങ്ങളാർത്ഥം മാനാം കോട്ടുതാഴം - കരീംകുറ്റിക്കൽ റോഡ് പുനരുദ്ധരിച്ച് സഞ്ചാരയോഗ്യമാക്കുക.

22. എലവുംപാറത്താഴം - ഓലിനാൽകുന്ന് റോഡ് നിർമ്മിക്കുക.

23. 8- ാം വാർഡിൽകൂടി പോകുന്ന MVIPബ്രാഞ്ച് കനാലിന്റെ ഒരു വശത്ത് കൂടി ഇൻസ്പെക്ഷൻ റോഡ് നിർമ്മിക്കുക.

24. നെയ്ത്തുശാലപ്പടി - ഊരമന PWD റോഡിന്റെ മേമ്മുറി സ്കൂളിന് സമീപം പൂർത്തിയാകാതെ കിടക്കന്ന പണി എത്രയും വേഗം തീർക്കുക.

25. കോൽപാറ - വിലങ്ങുപാറ റോഡ് പണി പൂർത്തിയാക്കി സഞ്ചാരയോഗ്യമാക്കുക.

26. ഐക്കരണ്ടം - കടുവാക്കാട് റോഡ് സഞ്ചാരയോഗ്യമാക്കുക.

27. മൂവാറ്റുപുഴ - പിറവം റോഡ് പാമ്പാക്കുട മാരേക്കാട് കവല മുതൽ അഞ്ചൽപ്പെട്ടി കവല വരെ (പാമ്പാക്കുട ടൗൺ) റോഡിന്റെ ഇരുവശവും കാന നിർമ്മിച്ച് സ്ലാബ് ഇടുക.

28. ഓണക്കൂർ - ഇടപ്പിള്ളിച്ചിറ റോഡ് ടാർ ചെയ്യുക.

29. പഞ്ചായത്തിലെ PWD റോഡുകളുടെ സൈഡ് കാനകൾ നിർമ്മിച്ച് നീരൊഴുക്ക് ഉറപ്പുവരുത്തി റോഡ് സുരക്ഷിതവും ഭദ്രവുമാക്കുക.

30. അഞ്ചൽപ്പെട്ടിയിൽ ഒരു മിനി ടാക്സി സ്റ്റാന്റ് നിർമ്മിക്കുകയും കവലയിൽ ഒരു ട്രാഫിക് ഐലന്റ്

ഏർപ്പെടുത്തുകയും ചെയ്യുക.

പഞ്ചായത്തതിർത്തിയിൽ പയ്യാനിപ്പടി, പാപ്പുകവല, വെട്ടിമൂട് കവല, മാവിൻചുവട്, പുതുശ്ശേരിപ്പടി, കരയോഗപ്പടി, ലക്ഷംവീട് കോളനി, നിരപ്പ് താറ്റുപാടം, മണലിപ്പടി, മടത്തേക്കാവ്, ആലുഞ്ചേരിത്താഴം, എറുമ്പേത്തുപടി (ഗാന്ധി ജംഗ്ഷൻ) ചിറക്കടവ്, പെരിയപ്പുറം, അരീക്കൽ, വിലങ്ങപാറ, ശാസ്താംപടി, പരുമല കുരിശ്, മൂന്നാണിക്കുഴി, കയനി, എന്നിവിയങ്ങളിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക.

31. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും സ്ഥലം പൊന്നും വിലക്ക് എടുത്ത് ഷോപ്പിംഗ് കോംപ്ലക്സുകൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.

32. പാമ്പാക്കുടയുടെ ഹൃദയഭാഗത്ത് പഞ്ചായത്തു അതിർത്തിയിൽപെട്ട എല്ലാ സർക്കാർ ഓഫീസുകളും കേന്ദ്രീകരിക്കാനുള്ള ആസൂത്രണം ചെയ്യുക.

33. നേരത്തെ ഉണ്ടായിരുന്ന എറണാകുളം – മൂവാറ്റുപുഴ KSRTC സർവ്വീസ് പുനരാരംഭിക്കാൻ നടപടികൾ സ്വീകരിക്കുക.

34. പിറവത്തുനിന്നും മൂവാറ്റുപുഴ നിന്നും കരയോഗപടി – കക്കയും കൂടിയും ആയുർവേദാശുപത്രിപടി പെരിയപ്പുറം കൂടിയും ഓരോ സർവ്വീസ് ബസുകൾ വീതം ആരംഭിക്കാൻ സത്വരനടപടിതകൾ സ്വീകരിക്കുക.

35. പിറവും മുവാറ്റുപുഴ റൂട്ടിൽ പാമ്പാക്കുട പള്ളിത്താഴത്തുനിന്നും കിഴുമുറി, മാമ്മലശ്ശേരി കൂടി സർവ്വീസ് ആരംഭിക്കുക.

36. എറണാകുളം – പാമ്പാക്കുട വഴി തൊടുപുഴ

എറണാകുളം – പാമ്പാക്കുട വഴി കൂത്താട്ടുകുളം

ആലുവാ – പാമ്പാക്കുട വഴി കോട്ടയം

എന്നീ KSRTC സർവ്വീസ് പുനരാരംഭിക്കാൻ നടപടികൾ സ്വീകരിക്കുക.

37. ജില്ലയുടെ വിവിധഭാഗങ്ങളിൽ നിന്നും രാമമംഗലം ആശുപത്രി ജംഗ്ഷൻ വരെ സർവ്വീസ് നടത്ത കൊണ്ടിരിക്കുന്ന ബസ്സുകൾ പാമ്പാക്കുട വഴി കൂത്താട്ടുകുളം വരെ നീട്ടാൻ നടപടികൾ സ്വീകരിക്കുക.

38. പിറവം – മൂവാറ്റുപുഴ കയനി കൂടിയുള്ള 2 ബസ്സുകൾ സർവ്വീസ് ഉടനടി ആരംഭിക്കുക.

39. നിലവിലുണ്ടായിരുന്ന പാമ്പാക്കുട– എറണാകുളം KSRTC സർവ്വീസ് ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുക.

# ആരോഗ്യം

ഏതൊരു പ്രദേശത്തിന്റെയും വികസനപരിപാടികളിൽ ഒട്ടും അപ്രധാനമല്ലാത്ത സ്ഥാനം ലഭിക്കേണ്ട ഒന്നാണ് പൊതുജനാരോഗ്യം.എന്നാൽ ഈ രംഗത്ത് വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നുവെന്ന കാര്യം സംശയമാണ്. ആരോഗ്യസമ്പന്നരായ ഒരു ജനസമൂഹത്തിന് മാത്രമേ വികസനപ്രക്രിയയിൽ അവരവരുടെ പങ്ക് വിജയകരമായും ഫലപ്രദമായും നിർവ്വഹിക്കുവാൻ കഴിയൂ. ഇവിടത്തെ ജനസാന്ദ്രത വച്ച് നോക്കുമ്പോൾ ഈ പ്രദേശത്തെ പൊതു ജനാരോഗ്യപ്രവർത്തനങ്ങൾ തികച്ചും അപര്യാപ്തമാണ്. 6.11.1956 ലാണ് ഈ പഞ്ചായത്തതൃത്തിയിൽ NES ബ്ലോക്ക് രൂപം കൊണ്ടത്. ഇതിന് ശേഷമാണ് ഇവിടെ ഒരു സർക്കാർ ആശുപത്രിയും കാലക്രമത്തിൽ ഒരു ആയുർവേദ ഡിസ്പെൻസറിയും ആരംഭിച്ചത്.

ഇതിന് മുമ്പ് ഈ പ്രദേശത്ത് പൊതുജനാരോഗ്യരംഗത്ത് പ്രവർത്തിച്ചിരുന്നത് ചില വൈദ്യൻമാരും പാരമ്പര്യവൈദ്യൻമാരുമായിരുന്നു.ഇവിടെ ഒരു സർക്കാർ ആശുപത്രിക്കും ആയുർവേദ ഡിസ്പെൻസറിക്കും പുറമെ 4 മാതൃശിശു സംരക്ഷണകേന്ദ്രങ്ങൾ കൂടിയുണ്ട്. സർക്കാർ ആശുപത്രിയിലും മാതൃശിശുകേന്ദ്രത്തിലുമായി മൊത്തം മുപ്പത് ജീവനക്കാർ സേവനമനുഷ്ടിക്കുന്നു. ആയുർവേദാശുപത്രജീവനക്കാരായി 4 പേരുണ്ട്.കൂടതെ ഗ്രന്റ് ഇൻ- എയിഡ് വിഷവൈദ്യശാലയും പ്രവർത്തിക്കുന്നുണ്ട്.ആയുർവേദ സർക്കാർ ആശുപത്രയിൽ രോഗി കളെ കിടത്തി ചികിൽസിക്കാനുള്ള സൗകര്യം തുലോം പരിമിതമാണ്.ജനസംഖ്യാനുപാതികമായി ചികിൽസാർത്ഥി കളുടെ എണ്ണം കൂടുമ്പോൾ ഈ വർദ്ധിച്ചു വരുന്ന ആവശ്യത്തിന് അനുസരണമായി ചികിൽസാസൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ലായെന്നതാണ് സത്യം.

സാമാന്യമായിരോഗചികിൽസ എന്നത് സങ്കീർണ്ണമായ പൊതുജനാരോഗ്യപ്രവർത്തനങ്ങളുടെ ഒരു ഭാഗം മാത്രമേ ആകുന്നുള്ളു. ആനുകാലികചികിൽസക്കു പുറമെ രോഗഭീതിയില്ലാത്ത ഒരുജനസമൂഹത്തെ വാർത്തെ ടുക്കുക എന്നതായിരിക്കണം പൊതുജനാരോഗ്യ പ്രവർത്തനത്തിന്റെ പരമലക്ഷ്യം. ഈ വഴിക്ക് തിരിയുമ്പോൾ ഗ്രാമപഞ്ചായത്തിന്റെയും സർക്കാരിന്റെയും പ്രധാനചുമതല പകർച്ചവ്യാധികളെ നിയന്ത്രിക്കുന്നതിനുള്ള പ്രതി രോധ നടപടികളാകുന്നു. രോഗപ്രതിരോധപ്രവർത്തനങ്ങളിൽ പ്രധാന്യമർഹിക്കുന്നവ മസ്സൂരി നിർമ്മാർജ്ജനം, കുഷ്ടരോഗ നിവാരണം, ക്ഷയരോഗ നിവാരണം, കോളറ, മഞ്ഞപ്പിത്തം എന്നിവയുടെ നിയന്ത്രണവുമാകുന്നു.

ശാസ്ത്രീയ രോഗനിർണ്ണയത്തിന്റെയും സാമൂഹ്യ ശുചിത്വ സംരക്ഷണം എന്നിവയെ സംബന്ധിച്ചും ജന ങ്ങളെ ബോധവാൻമാരാക്കുക എന്നതാണ് ഡിപ്പാർട്ടുമെന്റിന്റെ മറ്റൊരു കർത്തവ്യം.ആരോഗ്യ വകുപ്പിന്റെ അധീന തയിലുള്ള പരമപ്രധാനമായ മറ്റൊന്നാണ് കുടുംബാസൂത്രണം.

1. ഇവിടത്തെ ജനങ്ങളിൽ ഭൂരിഭാഗവും കൃഷിക്കാരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമാണ്.
2. ആധുനിക ചികിൽസക്കും മറ്റും ദൂര സ്ഥലങ്ങളിൽ പോകുന്നതിന് ബുദ്ധിമുട്ടുണ്ട്.
3. മാതൃശിശു സംരക്ഷണകേന്ദ്രങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.
4. ഉള്ള ആശുപത്രിയിൽ ആവശ്യത്തിന് ഡോക്ടർമാരും മരുന്നുകളും നഴ്സുമാരും ഇല്ല.
5. ഇന്നുള്ള ആയുർവേദാശുപത്രി പഞ്ചായത്തിന്റെ ഒരറ്റത്തു സ്ഥിതിചെയ്യുന്നതിനാൽ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തു നിന്നും ആളുകൾക്ക് എത്തിച്ചേരാൻ ബുദ്ധിമുട്ടുണ്ട്.

ഈപരിതസ്ഥിതിയിൽ താഴെപറയുന്ന നിർദേശങ്ങൾ വക്കുവാൻ ആഗ്രഹിക്കുന്നു.

1) നിലവിലുള്ള ആശുപത്രി പരിഷ്കരിച്ചു കൂടുതൽ രോഗികളെ കിടത്തിച്ചികിൽസിക്കാനുള്ള സൗകര്യം വർദ്ധി പ്പിക്കുക.
2) ഓരോ വിഭാഗത്തിലും വൈദഗ്ധ്യം നേടിയ ഡോക്ടർമാരെ നിയമിക്കുക.ലേഡി ഡോക്ടർമാരുൾപ്പെടെ 4 പേരെ നിയമിക്കുക.
3) ആവശ്യമുള്ള മരുന്നുകളും അത്യാവശ്യ ഉപകരണങ്ങളും ലഭ്യമാക്കുക.
4) ആശുപത്രിയോടനുബന്ധിച്ച് ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തുക.
5) നിലവിലുള്ള പ്രൈമറിഹെൽത്ത് സെന്റർ 40 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തണം.
6) ആശുപത്രിക്കകത്തുള്ള ശുചീകരണപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.

7) ആശുപത്രിയിലെ ഓരോ വാർഡിലും കക്കൂസും കുളിമറിയും ഏർപ്പെടുത്തുക.

8) ഭൂപ്രകൃതിയെ മാത്രം ആശ്രയിച്ച് നിവസിക്കുന്ന പാമ്പാക്കുടപഞ്ചായത്തിലെ പൊതുജനങ്ങൾക്ക് നിലവിലുള്ള ആരോഗ്യസംരക്ഷണകേന്ദ്രം ഗുണനിലവാരം കുറഞ്ഞതും മുഴുവൻ സമയവും ഡോക്ടറുടെ സേവനം ലഭ്യമല്ലാത്തതും വൈദ്യുതിക്ഷാമം, പവർക്കട്ട്, എന്നിവയാൽ പീഡിതവുമാണ്.ആകയാൽ രോഗികളെ കിടത്തി ചികൽസിക്കുവാൻ സൗകര്യമില്ല.

9) ദിനംപ്രതി ഉണ്ടാകുന്ന വാഹനാപകടത്തിലൂടെ ഗുരുതരമായ പരിക്കുകൾ സംഭവിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ വരുന്ന അത്യാസന്നർക്ക് യാതൊരുവിധ ചികിൽസാസൗകര്യങ്ങളും ചെയ്യുവാൻ സാധിക്കുന്നില്ല. തൻമൂലം നിരവധി ജീവഹാനികൾ സംഭവിക്കുന്നു. അതിനാൽ Troazenna Unit സ്ഥാപിക്കണം.

10) ഡോക്ടേഴ്സിന്റെയും നേഴ്സിന്റെയും സേവനം 24 മണക്കൂറും ലഭ്യമാക്കണം.

11) എല്ലാ വാർഡിലും ഓരോ മാതൃശിശു സംരക്ഷണകേന്ദ്രങ്ങൾ ആരാഭിക്കണം. ഇവരുടെ സേവനം ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും ഉണ്ടാകണം.

12) നിലവിവുള്ള ആശുപത്രിയിൽ ശുദ്ധജലവിതരണത്തിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കണം.

13) പാമ്പാക്കുട പഞ്ചായത്തിൽ ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കുക.

14) പാമ്പാക്കുട P.H.C. യിൽ കുട്ടകളുടെ വാർഡ് നിർമ്മിക്കുക.

15) ആശുപത്രയിൽ X-Ray സൗകര്യം ഉണ്ടാക്കുക.

16) എല്ലാ ഭവനങ്ങളിലും കക്കൂസുണ്ടെന്ന് ഉറപ്പു വരുത്തുകയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സൗജന്യമായി നിർമിച്ച് നൽകുകയും ചെയ്യുക.

17) ഗ്രാമപഞ്ചായത്തിന്റെ മേൽനോട്ടത്തിൽ വർഷം തോറും രോഗനിർണ്ണയക്യാമ്പുകളും സെമിനാറുകളും സംഘടിപ്പിക്കുക.

18) കാലാകാലങ്ങളിൽ പ്രതിരോധ കുത്തിവെയ്പ് നടക്കുമെന്ന് ഉറപ്പ് വരുത്തുക.

19) ആധുനികരീതിയിലുള്ള Sraughter House സ്ഥാപിക്കുക. (Public Market)

20) പാരമ്പര്യവൈദ്യൻമാർക്കും പ്രകൃതിചികിൽസകർക്കും ഗ്രാന്റ് നല്കുക.

## കുടിവെള്ളം

മനുഷ്യനും ജീവജാലങ്ങൾക്കും ജീവൻ നിലനിർത്തുവാൻ ശുദ്ധജലം അനിവാര്യമാണ്. ശുദ്ധജലവാഹികളായ നദീതടങ്ങളിലാണ് ആദിമ മനുഷ്യ സംസ്കാരം രൂപം കൊണ്ടത് .നദീതടങ്ങളിൽ നിന്നും അകന്ന് ജനപഥങ്ങൾ വളർന്നപ്പോൾ ശുദ്ധജലാവശ്യങ്ങൾ നിറവേറ്റിയത് കിണറുകൾ ,കുളങ്ങൾ, മുതലായവ നിർമ്മിച്ച് ഭൂഗർഭജലം ചൂഷണം ചെയ്ത് കൊണ്ടാണ്. ജനപ്പെരുപ്പം മൂലം ഭൂഗർഭ ജലാശയങ്ങൾ ആവശ്യത്തിന് മതിയാകാതെ വന്നപ്പോൾ അടുത്തുള്ള പുഴകളിൽ നിന്നും ശുദ്ധജലം കൊണ്ടു വരേണ്ടി വന്നിട്ടുണ്ട്. വ്യാവസായിക വിപ്ലവത്തോടുകൂടി നഗരങ്ങൾ വളരുകയും അത്യന്താപേക്ഷിതമായ ഒരു പ്രകൃതി വിഭവമാണ് ശദ്ധജലമെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തു. മനുഷ്യന്റെ ശാരീരകവും ഇതരവുമായ ആവശ്യങ്ങൾക്ക് വെള്ളം ശുദ്ധി ചെയ്യുന്നത് ഒരുപൂർണ്ണ സാങ്കേതിക ശാസ്ത്രമായി വളർച്ച പ്രാപിക്കുകയും ചെയ്തു.

1. നമ്മെ സംബന്ധിച്ചിടത്തോളം മുഖ്യ കുടിനീർ സ്രോതസ് കിണറുകളാണ്. 70% കുടുംബങ്ങൾക്കും സ്വന്തമായി കിണറുണ്ട്.15% കുടുംബങ്ങൾ അയൽ വീടുകളിലെ കിണറുകളെ ആശ്രയിക്കുന്നു. 15% ആളുകൾ പൊതു കിണറുകളെ ആശ്രയിക്കുന്നു. ഉള്ള കുണറുകളിൽ 50% വർഷം മുഴുവൽ ജലം ലഭിക്കുന്നില്ല. ഏതാനും മാസം ജലം വറ്റിപോകുന്നു. ഈ പഞ്ചായത്തിലെ കുടിവെള്ളം ക്ഷാമമനുഭവപ്പെടുന്ന ഭാഗങ്ങൾ താഴെ പറയുന്നു :

നാലാനിക്കൽകുന്നു, അരിയപ്പുറം, പുളിന്താനംകുന്ന് ചേലകത്തിനാൽ ഭാഗം

2 നാരേക്കാട്ട്കുന്ന്, പെള്ളികുന്നേൽ ഭാഗം, ലക്ഷംവീട് കോളനി, പെരിയപ്പുറം പ്രിയദർശൻഗാർഡ് ഭാഗം, കക്കയം കവല, പുള്ളോലിക്കുളം, നാലുകണ്ടം, ഇടപ്പിള്ളിച്ചിറ റോഡ് ഭാഗം

3 പള്ളിപ്പടി, കണ്ണംകുളം, മുകളേൽ ഭാഗം, ഊരനാട്, ചിറഭാഗം, അമ്പലം ഭാഗം, കുരുടുകാവ്

4 കൊച്ചുപയറ്റാട്ട് പടി, കൊള്ളിക്കാട്ടിൽ, വെള്ളൂർമല കോളനി, ഉണ്ടേൃക്കാട് ഭാഗം

5 കൈയനി ഭാഗം, മൂക്കിനേത്ത് ഭാഗം, പാലപ്പിള്ളി ഭാഗം, പാറഭാഗം, അരീക്കൽ ഭാഗം, ഇച്ചിപ്പിള്ളി ഭാഗം, മിച്ച ഭൂമി ഭാഗം, ഞരാൽ ഭാഗം, ഹരിജൻ സെറ്റിൽമെന്റ് ഭാഗം.

6 മാമ്പളമല, പനച്ചിക്കോട്, ഇരട്ടക്കുളങ്ങര, മാളിയേക്കൽ ഭാഗം, തെങ്ങുംപറമ്പു കോളനി, പെരിയലത്ത്പടി ഭാഗം വരെ.

7 കുന്നത്തുകുളം ഭാഗം, ലക്ഷംവീട് കോളനി, പുള്ളോന്തടം, ഗവ. ഹൈസ്കൂൾ മുതൽ എക്യുമെനിക്കിൽ സ്റ്റഡി സെന്റർ വരെ.

8 വെലിക്കുളം ഭാഗം, അയ്യന്താനം കോളനി, കഴഞ്ചിത്തടം, കൊല്ലൻകുടി പുലികുന്നേൽമട, മാക്കീത്തടം, ഇലവും പാറ, ഓലിനാക്കുന്ന്, മങ്ങാട്ട്കുഴമ്പ് ഭാഗം, തടത്തിൽ താഴെ, കല്ലിടുക്കിൽ താഴെ കോൽപാറ, മനയ്ക്കകാലായിൽ, വാഴപ്പറമ്പ് മല, ഇടുമൂക്ക്, കീരിപ്പമാളേൽ, വടക്കൻ യു.പി.എസ്. ഭാഗം, തെക്കൻ പിറമാടം, എൽ.പി.എസ്. ഭാഗം, ലക്ഷംവീട്, ആൽപ്പാറ, ഐക്കരക്കണ്ടം, കൂരാപ്പിള്ളി ഭാഗം, തെങ്ങും പുറം,ഓലിയ്ക്കത്തണ്ടേൽ, ഹരിജൻ കോളനി, പഴയകുടി.

ഈ പഞ്ചായത്തിൽകൂടി രാമമംഗലം തിരുമാറാടി പാമ്പാക്കുട ശുദ്ധജലവിതരണപദ്ധതി നിലവിൽ ഉണ്ടെങ്കിലും മുകളിൽ പറഞ്ഞഭാഗങ്ങളിലെ ശുദ്ധജലക്ഷാമത്തിന് പരിഹാരമാകുന്നില്ല. ഇന്നത്തെ ജലവിതരണം അനുസരിച്ച് നൽകാൻ സാധിക്കുന്നതിൽ കൂടുതൽ ടാപ്പുകളാണ് കൊടുത്തിരിക്കുന്നത്. ഇതിൽ പൊതുടാപ്പുകളും വീട്ടുകണക്ഷനുകളും ഉൾപ്പെടുന്നുണ്ട്. ഇപ്പോൾ കൊടുക്കുന്ന ടാപ്പുകളിൽതന്നെ ആവശ്യത്തിനു ജലം ഉപഭോക്താക്കൾക്ക് കാര്യമായി ലഭിക്കുന്നില്ല. ഈ പദ്ധതിയുടെ പ്രയോജനം കാര്യമായി ലഭിക്കുന്നത് തിരുമാറാടി പഞ്ചായത്തിനാണ്.

കുടിവെള്ളത്തിന് താഴെ പറയുന്ന പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു.

1. 1) ഒന്നാം വാർഡിൽ ചേലകത്തിനാൽ ഭാഗത്തും അരിയപ്പുറമ ഭാഗത്തും കുഴൽക്കിണർ സ്ഥാപിക്കുക.

   2) ഇരട്ടനാൽകുഴൽ കിണർ ഉപയോഗയോഗ്യമാക്കുക. 2-ാം വാർഡിൽ തൊടുപക്കുഴി - ചെള്ളിക്കുന്നേൽപ്പടി, ലക്ഷം വീട് കോളനി, ഇടപ്പിള്ളിച്ചിറ - ഓണക്കൂർ റോഡ്, കരിക്കോത്തുമറ്റം കുരിശിങ്കൽ നിന്ന് 150 മീ. എക്സ്റ്റൻഷൻ, അറക്കടക്കുന്ന് കോളനി, ആലപ്പാട്ടുപടി, - പുള്ളോലിക്കുളം റോഡ്, കക്കയം - ഇടപ്പിള്ളിച്ചിറ റോഡ്, ചേന്നമ്പിള്ളി - മൂണ്ടംപതി റോഡ്, പെരിയപ്പുറം പ്രിയദർശിനി റോഡ് എന്നിവിടെ പൈപ്പ ലൈൻ ഐക്കടക്കുന്ന് കോളനിയിൽ കുഴൽക്കിണർ.

   3) പുന്നശ്ശേരി തകടിത്താഴം ഭാഗത്തു പൈപ്പുലൈൻ സ്ഥാപിച്ച് കുടിവെള്ളമെത്തിക്കുന്നു.

2. രണ്ടാം വാർഡിൽ കുടിവെള്ളക്ഷാമമുള്ള എല്ലാ പ്രദേശത്തേക്കും പൈപ്പുലൈൻ സ്ഥാപിക്കുക.

3. മൂന്നാം വാർഡിൽ ആര്യാപ്പിള്ളിത്താഴം - പള്ളിപ്പടിവരെയും വഷപൈപ്പുലൈൻ സ്ഥാപിക്കുക. ജലവിതരണം എല്ലാ സമയത്തും ലഭ്യമാക്കണം.

4. ബ്ലോക്കാഫീസ് റോഡിലും പുതുശ്ശേരി - മാമ്മലശ്ശേരി റോഡിലെയും നിലവിലുള്ള പൈപ്പുലൈനിൽ കൂടുതൽ ടാപ്പുകൾ സ്ഥാപിക്കണം. കല്ലാറപ്പാടം, ചാലിയാത്തുചിറ റോഡിലും തോട്ടത്തിൽപ്പടി - ചാലിയത്തുചിറ റോഡിലും പൈയിറ്റാട്ട് പടി-വെങ്കുളത്തു ചാൽ ഭാഗത്തും ഇലവുങ്കൽപ്പടിയിൽ നിന്നും തെക്കോട്ടു പൈപ്പു ലൈൻ സ്ഥാപിച്ച് കുടിവെള്ളം ലഭ്യമാക്കണം. കൊള്ളിക്കാട്ട് കുടി - എൽനാപ്പാടം റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കണം.

5. അഞ്ചാംവാർഡിൽ പറക്കോട്ടിൽത്താഴം - ചെറിയ പാമ്പാക്കുട, കൈനി, ലക്ഷം വീട് കോളനി, എന്നിവിടങ്ങളിൽ കുഴൽക്കിണറ് സ്ഥാപിക്കുക. ഈസ്റ്റ് ഹരിജൻ സെറ്റിൽമെന്റ് കോളനി , കുന്നപ്പിള്ളിൽത്താഴം, കടുത്താൽഭാഗം, അഞ്ചൽപ്പെട്ടി - കയനി റോഡ് എന്നവടങ്ങളിൽ പൈപ്പുലൈൻ സ്ഥാപിച്ച് കുടിവെള്ളം ലഭ്യമാക്കുക. വീട്ടുകണ്കഷൻ എടുത്തിട്ടുള്ള സർവ്വ വീടുകളിലും ജലം ലഭിക്കുന്നതിനുള്ള നടപടികൾ ഉടനെ സ്വീകരിക്കണം.

   അരീക്കൽ - കാക്കൂർ പാമ്പാക്കുട വരെയും - ചെറിയ പള്ളിത്താഴം മുതൽ കയനി പാലപ്പിള്ളിത്താഴം വരെയും

പൈപ്പ് ലൈൻ സ്ഥാപിക്കുക.

6. ആറാം വാർഡിൽ ഗവ. ഹൈസ്കൂൾ പടി മുതൽ പരുത്തിക്കുന്നു മല വരെയും താനത്തുപടി മുതൽ ഇരട്ടക്ക ളങ്ങരത്താഴം വരെയും വട്ടത്തറ മുതൽ മാളിയേക്കൽപടി വരെയും മടത്തിൽകുടി ജംഗ്ഷൻ മുതൽ കാള ക്കുഴി പെരിയലത്തു പടി വരെയും കാളക്കുഴിതാഴം മുതൽ ചൂതകാലായിൽപടി വരെയും കടക്കനാട്ടേൽ പടിമുതൽ പനച്ചിക്കോട്ട് വരെയും തെങ്ങുംപറമ്പ് ഹരിജൻ കോളനി പ്രദേശത്തും, പാറശ്ശേരികുടിയിൽ താമ സിക്കുന്നവർക്കും പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുക.

7. ഏഴാം വാർഡിൽ ലക്ഷംവീട് കോളനി ആലുഞ്ചേരിത്തടം, കുന്നത്തു ഭാഗം നെയ്ത്തുശാലപ്പടി - നീറു ന്താനത്തു റോഡ്. നെയ്ത്തുശാലപ്പടി - പഴയപുരത്താഴം, പാലത്തിങ്കൽ പടി - ചെന്നായ്ക്കോട് റോഡ് എന്നീ ഭാഗങ്ങളിൽ പൈപ്പുലൈൻ ഇട്ട് കുടിവെള്ളം ക്ഷാമം പരിഹരിക്കണം. വെലിക്കുളം ഭാഗത്തും നെയ്ത്തു ശാല കമ്പനിപ്പടി തെക്കുംഭാഗം ഹരിജനങ്ങൾക്കും കുടിവെള്ളത്തിനുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുക. പുള്ളോൻതടം കോളനിയിൽ ഒരു കുഴൽകിണർ സ്ഥാപിക്കണം.

8. എട്ടാം വാർഡിൽ മാനാംകോട് - പുലിക്കുന്നുമല മരുതനാക്കുഴിഭാഗത്തു കുടിവെള്ളം എത്തിക്കണം. തട ത്തിൽതാഴം മുതൽ മല്ലപ്പിള്ളിത്താഴം വരെ പൈപ്പ്ലൈൻ നീട്ടണം. പാനക്കുന്നുമലയിലുംക ഷാ യി ത്താ ഴത്തു നിന്നും ഓലിനാൽ മലയിലേക്കും പൈപ്പുലൈൻ ഇടണം.

മാനാംകോട്ട് നിലവിലുള്ള പഞ്ചായത്തു കിണർ നന്നാക്കി ഉപയോഗ യോഗ്യ മാ ക്കുക. കക്ഷായിഭാഗ ത്തുള്ള കുഴൽകിണർ നന്നാക്കി ഉപയോഗ യോഗ്യമാക്കുക. മങ്ങാട്ടുകുഴമ്പിൽ ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടുക.

9. ഒൻപതാം വാർഡിൽ കളപ്പാറയിൽ സ്ഥാപിച്ചിട്ടുള്ള ടാങ്കിൽ നിന്നും ജലവിതരണം തുടങ്ങുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക. വീട്ടുകണക്ഷനുകൾ അടിയന്തിരമായി നൽകുക. ആൽപ്പാറ- മാങ്കുളം റോഡിലും, കോൽപ്പാറ റോഡിലും കൂടുതൽ ടാപ്പുകൾ സ്ഥാപിച്ച് ജലക്ഷാമം പരിഹരിക്കുക. പഞ്ചാ യത്തു കിണർ പാറതാഴ്ത്തി ഉപയോഗ യോഗ്യമാക്കുക. ഓലിയ്ക്കതണ്ടേൽ ഭാഗത്തും കാലാപ്പിള്ളിതാ ഴത്തും ഓരോ കുഴൽ കിണർ സ്ഥാപിക്കുക.

പിറമാടം ഓലിയ്ക്കതണ്ടേൽ മലയിൽ ഉയരം കൂടിയ ഭാഗത്തു ഒരു ജലസംഭരണി നിർമ്മിച്ച് ജലം സംഭരിച്ചാൽ വാർഡ് 5,6,7,8,9 എന്നീ വാർഡുകളിലെ ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കാം.

മാമ്പിളമലയിൽ ജലം സംഭരിച്ച് 5,6,7 വാർഡുകളിൽ കുടിവെള്ളമെത്തിക്കാൻ നടപടി സ്വീകരിക്കുക.

## പരിസരശുചിത്വം

പരിസര ശുചീകരണത്തിൽ ഒന്നാമത്തെ സ്ഥാനം കുടുംബത്തിനും അവിടെ അധിവസിക്കുന്ന വ്യക്തി കൾക്കുമാണ്. നല്ല ആരോഗ്യമുള്ള വ്യക്തികൾ ഉണ്ടായാൽ മാത്രമെ സമൂഹനന്മക്കുവേണ്ടി പ്രവർത്തി ക്കു വാൻ സാധിക്കുകയുള്ളു. ആ നിലക്ക് പരിസരശുചിത്വം കുടുംബങ്ങളിൽ നിന്നും ആരംഭിക്കണം. വീടും പരിസ രവും വൃത്തിയായി സൂക്ഷിക്കുക. ആഹാരം, വസ്ത്രം എന്നിവ വൃത്തിയും ശുചിയുമായും ഉപയോഗിക്കുക. ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിന് പ്രത്യേകം സൗകര്യമുണ്ടാക്കുക. കൊതുക്, ഈച്ച എന്നിവ പെരുകാതിരി ക്കാൻ ജലനിർഗ്ഗമന ചാലുകൾ ഉണ്ടാക്കുക. മലമൂത്രവിസർജ്ജനം നിർബന്ധമായും കക്കൂസിൽ മാത്രം നട ത്തുക. വീട്ടു പരിസരവും സദാസമയവും ശുചിയാക്കിയിടാൻ ശ്രദ്ധിക്കുക. അണുനാശിനി മിതമായ രീതിയിൽ ഉപയോഗിച്ച് തറകൾ വൃത്തിയാക്കിയിടുക. പഞ്ചായത്തിലെ എല്ലാ വീടുകളിലും ശുചിത്വം പാലിക്കണം. പൊതു സ്ഥലങ്ങൾ മാർക്കറ്റ്, സ്കൂളുകൾ, ആശുപത്രി, എന്നിവിടങ്ങളിൽ മലിനജലം കെട്ടിനിൽക്കാൻ അനുവദിക്കരുത്. ഇപ്രകാരമായാൽ അടുത്ത കിണറുകളിലെ വെള്ളം മലിനമാകാതിരിക്കും. പൊതുകിണറിന്റെ സമീപം കുളിക്കു കയോ,അലക്കുകയോ ചെയ്യരുത്. കന്നുകാലികളെ കുളിപ്പിക്കുന്ന വെള്ളത്തിൽ മനുഷ്യർ കുളിക്കുകയോ വസ്ത്ര ങ്ങൾ അലക്കുകയോ ചെയ്യരുത്. പൊതുജനാരോഗ്യത്തെ സംബന്ധിച്ച് ഇന്നത്തെ ആളുകൾ കൂടുതൽ ബോധവാന്മാരാണ്. എന്നിരുന്നാലും പൊതുസ്ഥലങ്ങൾ ഇന്നും ഇതിന് വിപരീതമായി പ്രവർത്തി ക്കു ന്ന തായി കാണുന്നു. തന്മൂലം പകർച്ചവ്യാധികൾ ഉൾപ്പെടെ പോലുള്ള പലവിധ മാരക രോഗങ്ങൾ പടർന്നു പിടിക്കുന്ന തിനും സമൂഹത്തിനു തന്നെ വലിയ നാശനഷ്ടം സംഭവിക്കുന്നതിനും ഇടവരുന്നു.

പരിസരശുചീകരണത്തിനും പഞ്ചായത്തുതലത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ഏറ്റെടുത്ത് നടപ്പാക്കേണ്ടതാണ്.

1. വർഷത്തിൽ ഒരിക്കൽ പഞ്ചായത്തുതലത്തിൽ പൊതുജനാരോഗ്യത്തെ സംബന്ധിക്കുന്ന ബോധവത്കരണ ക്ലാസ്സുകൾ നടത്തുക.

2. പഞ്ചായത്തതിർത്തിയിലുള്ള കമ്പോളങ്ങളിൽ പലഭാഗത്തായി ചപ്പുചവറുകൾ സൂക്ഷിക്കുന്നതിനുള്ള വീപ്പകൾ സ്ഥാപിക്കുകയും കാലാകാലങ്ങളിൽ അവനീക്കം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യുക. പ്രധാന കമ്പോളങ്ങളും മാർക്കറ്റും റോഡ് സൈഡും വൃത്തിയാക്കുന്നതിനും ഒരു മുഴുവൻ സമയ ജീവനക്കാരനെ നിയമിക്കുക. എല്ലാ റോഡുകളുടെയും വശങ്ങളിലുള്ള കാനകൾ നീരൊഴുക്ക് ഉറപ്പു വരുത്തുക. ഹോട്ടലുകളിലും മറ്റും ഉണ്ടാക്കുന്ന ഭക്ഷണസാധനങ്ങൾ ഇടയ്ക്കിടെ പരിശോധിക്കുന്നതിനും സംവിധാനം ഉണ്ടാക്കുകയും ഗുണമേന്മയുള്ള ആഹാരപദാർത്ഥങ്ങളാണ് നൽകുന്നത് എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക. അറവുശാലകൾ ഉണ്ടെങ്കിൽ അവ പൊതു നിരത്തിന് സമീപത്തു നിന്നും മാറ്റി പഞ്ചായത്തു നിർദ്ദേശിക്കുന്ന പ്രത്യേക സ്ഥലത്തു മാത്രം ചെയ്യുന്നതിനും ഏർപ്പാടാക്കുക. അറവുശാലകളിൽ ഉണ്ടാകുന്ന അവശിഷ്ടങ്ങൾ ചിന്നിച്ചിതറി പരിസര മലിനീകരണം ഉണ്ടാകാതെ മാറ്റുന്നതിന് ആവശ്യമായ സംവിധാനം ഉണ്ടാക്കുക.

ആശുപത്രികളിൽ വരുന്നവരുടെ ശ്രദ്ധക്കായി പരിസര ശുചീകരണത്തെപ്പറ്റിയുള്ള ബോർഡ് വക്കുകയും നിർദ്ദേശമനുസരിച്ച് ആളുകൾ പെരുമാറുന്നുണ്ടോ എന്നു ആശുപത്രി ചുമതലക്കാർ ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്. ഹോട്ടലുകളിൽ നിന്നും മറ്റും പൊതുസ്ഥാപനങ്ങളിൽ നിന്നും ഒഴുകി വരുന്ന മലിനജലം പ്രത്യേകം കിഴികൾ കുത്തി അതിൽ വീഴിച്ച് സ്ലാബിട്ട് മൂടുന്നതിനും ഏർപ്പാടുകൾ ചെയ്യണം.

ഈ ഗ്രാമപ്രദേശങ്ങളിൽ ഉണ്ടാകുന്ന ചപ്പുചവറുകൾ പ്രയോജനപ്പെടുത്തി വാർഡുതോറും ഓരോ ജൈവവള യൂണിറ്റുകൾ ആരംഭിച്ച് മലിനീകരണം ഒഴിവാക്കുന്നതിനും കുറെയാളുകൾക്ക് തൊഴിൽ ലഭിക്കുന്നതിനും സഹായകരമാകും.

# വിദ്യാഭ്യാസം

വിദ്യാഭ്യാസം ഒരു സാമൂഹിക പ്രതിബദ്ധതയാണ്. സമൂഹത്തിന്റെ സർവ്വതോന്മുഖമായ വളർച്ച ലക്ഷ്യമാക്കിക്കൊണ്ട് പ്രവർത്തിക്കുന്ന ഒരു ഉത്തമ തലമുറയെ സൃഷ്ടിക്കുകയാണ് വിദ്യാഭ്യാസത്തിന്റെ പരമപ്രധാനമായ ലക്ഷ്യം. ഒരു വികസനപ്രവർത്തനംകൂടിയാണ് വിദ്യാഭ്യാസം. ആയതുകൊണ്ട് ഒരു പ്രദേശത്തിന്റെ ദീർഘകാലാടിസ്ഥാനത്തിലും സ്ഥായിയായതുമായ നേട്ടങ്ങൾ ഉണ്ടകുവാൻ വിദ്യാഭ്യാസത്തിന് കഴിയണം.

വിദ്യാഭ്യാസ രംഗത്ത് വളരെയധികം നേട്ടങ്ങൾ കാഴ്ചവച്ച പ്രദേശമാണ് നമ്മുടേത്. നൂറുശതമാനം സാക്ഷരത കൈവരിച്ച ആദ്യത്തെ ജില്ലയായ എറണാകുളം ജില്ലയിലെ ഒരു പഞ്ചായത്താണിത്. 5 വയസ്സ് കഴിഞ്ഞ എല്ലാ കുട്ടികളും ഒന്നാം ക്ലാസ്സിൽ എത്തിച്ചേരുന്നു. തുടർന്നുള്ള ക്ലാസ്സുകളിലെ കൊഴിഞ്ഞു പോക്കും വളരെ കുറവാണ്. പ്രാഥമിക വിദ്യാഭ്യാസം സൗജന്യവും സാർവ്വത്രികവുമാകണമെന്ന ഭരണഘടനാ വാഗ്ദാനം പാലിക്കപ്പെട്ട ഏക സംസ്ഥാനമെന്ന ബഹുമതി കേരളം നേടിയെടുത്തു. നമ്മുടെ പഞ്ചായത്തിലും 5 വയസ്സ് പൂർത്തിയായി സ്കൂളിൽ പോകാത്ത കുട്ടികൾ ആരും തന്നെയില്ല.

വിദ്യാഭ്യാസസ്ഥാപനങ്ങളുടെ എണ്ണം ഗണനീയമായ രീതിയിൽ വർദ്ധിച്ചു എങ്കിലും അതിന്റെ ഗുണനിലവാരം താഴേക്കുപോയിക്കൊണ്ടിരിക്കുന്നു. 25 - 30% കുട്ടികളും അക്ഷരമുറയ്ക്കാത്തവരാണ് എന്ന് പഠനങ്ങൾ വെളിപ്പെടുത്തുന്നു. S.S.L.C പരീക്ഷയെഴുതുന്ന 60% കുട്ടികളും നിശ്ചിത പാസ്സ് മാർക്കു വാങ്ങുന്നില്ല. ഈ യാഥാർത്ഥ്യം വിസ്മരിക്കരുത്.

വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുവാൻ സഹായകമായ പല സഹായഘടകങ്ങളും ഉണ്ടയിട്ടും തദനുസൃതമായി നമുക്കുമുന്നേറുവാൻ കഴിയുന്നില്ല. നിലവാരത്തകർച്ചക്ക് കാരണ മെന്തെന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തീരാജ് നഗരപാലിക നിയമം നടപ്പിൽ വന്നതോടുകൂടി സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്താനുള്ള അധികാരം വിവിധ തട്ടുകളിലുള്ള പഞ്ചായത്ത് സംവിധാനങ്ങൾക്കു കൈവന്നിരിക്കുന്നു. ഒരു പ്രദേശത്തെ മൊത്തം സമൂഹത്തിന്റെ കൂട്ടായ്മയിലൂടെ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കാനുള്ള അവസരം കൈവ

ന്നിരിക്കുന്നു. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ സർക്കാർ നിയമിച്ച കമ്മീഷനുകൾ വിദ്യാഭ്യാസരംരത്ത് ക്രിയാത്മക മായ അനവധി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 1966 കോത്താരി കമ്മീഷൻ വിദ്യാഭ്യാസ രംരത്തെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് സ്കൂൾ കോപ്ലക്സുകൾ ശുപാർശ ചെയ്തു. തന്മൂലം സ്കൂളുകൾ തമ്മിലുള്ള അകൽച്ചകൾ അവസാനിക്കുന്നതിനും പരസ്പരം ചേർന്ന് ചെറുഗ്രൂപ്പുകളായി പ്രവർത്തിക്കുന്നതിനും വിദ്യാഭ്യാസവകുപ്പിൽ കേന്ദ്രീ കരിച്ചിരിക്കുന്ന അധികാരങ്ങൾ കുറെ വികേന്ദ്രീകരിക്കുവാനും സാധിക്കുന്നു. എന്നാൽ ഈ നിർദ്ദേശമനുസരിച്ച് കോംപ്ലക്സുകൾ ആരംഭിച്ചെങ്കിലും പലകാരണങ്ങളാൽ കൂടുതൽ കാലം നിലനിന്നില്ല.

വിദ്യാഭ്യാസം ഏത് പൗരന്റെയും അവകാശമായി മാറി. ഈ അവകാശങ്ങളൊക്കെ ഇന്ന് ചോദ്യം ചെയ്യ പ്പെട്ടു തുടങ്ങിയിരിക്കുന്നു. ഒരു സമാന്തരവിദ്യാഭ്യാസ ശൃംഖല ഇവിടെ തുടർന്നു വരുന്നുണ്ട്. പല സ്കൂളുകളും ആദായകരമല്ലാത്തതായി തീർന്നിരിക്കുന്നു. വിദ്യാലയം നിലനിറുത്തണമെങ്കിൽ സമൂഹം തന്നെ മുൻകൈ എടു ക്കണം. അതിനായി പഞ്ചായത്തു തലത്തിൽ സമഗ്രമായ വിദ്യാഭ്യാസ പദ്ധതി ആവിഷ്ക്കരിക്കണം.

പ്രീ പ്രൈമറി രംഗത്തും തുടർവിദ്യാഭ്യാസ രംഗത്തും ഈ പ്രദേശത്തിന് അനുയോജ്യമായ പരിപാടികൾ ആസൂത്രണം ചെയ്യുവാൻ നമുക്കു കഴിയണം. ദേശീയപ്രസ്ഥാനവും അതിന്റെ ഭാഗമായി സാമൂഹിക പരിഷ്ക്ക രണ പ്രവർത്തനങ്ങളും ഈ പഞ്ചായത്തിനെ വിദ്യാഭ്യാസരംഗത്ത് നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. സ്വാതന്ത്ര്യലബ്ധിക്ക് വളരെ മുമ്പ് തന്നെ പൊതുവിദ്യാഭ്യാസ രംഗത്ത് ഈ പഞ്ചായത്ത് ഏറെ മുന്നിലായിരുന്നു.

ഒരു പഞ്ചായത്ത് ലൈബ്രറി അടക്കം മൊത്തം അഞ്ചുവായനശാലകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവ ഒന്നും തന്നെ കാര്യക്ഷമമായി നടക്കുന്നില്ല. ഈ ഗ്രാമപഞ്ചായത്തിൽ ആദ്യമായി 1894 ൽ ഒരു സർക്കാർ മല യാളം സ്കൂൾ സ്ഥാപിക്കുകയുണ്ടായിട്ടുണ്ട്. ഈ വിദ്യാലയം 1947 വരെ മലയാളം ഏഴാം ക്ലാസ്സുള്ള സ്കൂളായി രുന്നു. ഇത് പിന്നെ 1980 ൽ ഹൈസ്കൂളായി ഉയർന്നു. പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള വിദ്യാലയങ്ങളുടെ വിശദവിവരങ്ങൾ പട്ടികയിൽ കൊടുത്തിരിക്കുന്നു. ഈ പഞ്ചായത്തിൽ 2 ഹൈസ്കൂളുകളും 6 യു.പി. സ്കൂളു കളും ഒരു L.P. സ്കൂളും ഉൾപ്പെടെ ആകെ 9 സ്കൂളുകൾ സ്ഥിതിചെയ്യുന്നു.

17262 ജനസാന്ദ്രതയുള്ള ഈ പഞ്ചായത്തിൽ ചെറുതും വലുതുമായ 9 വിദ്യാലയങ്ങളിലായി 3258 വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തുന്നു. 124 അദ്ധ്യാപകർ ഈ സ്കൂളുകളിലായി സേവനം അനുഷ്ടിക്കുന്നു. ഔപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു പുറമെ ഒരു type writing institute ഉം ഒരു ട്യൂട്ടോറിയൽ കോളേജും പ്രവർത്തിക്കുന്നു. ഇതിനു പുറമെ വിവിധ കലാ സാംസ്ക്കാരിക പരിപാടികൾ ഉൾക്കൊള്ളുന്ന 2 ഫൈൻ ആർട്സ് സൊസൈറ്റികളും ഏതാനും ആർട്ട് & സ്പോർട്സ് ക്ലബ്ബുകളും പ്രവർത്തിക്കുന്നുണ്ട്. സാമ്പത്തികമായി ഉയർന്ന വിഭാഗങ്ങളുടെ 150ഓളം വിദ്യാർത്ഥികൾ, പുത്തൻകുരിശ്, മൂവാറ്റുവുഴ, പിറവം എന്നീ ഇംഗ്ലീഷ് മീഡിയം സ്കൂളു കളിലേക്കു പോകുന്നതായി കണക്കാക്കിയിരിക്കുന്നു. ഇവിടെയുള്ള സ്പ്രിങ്ങ് ഡെയിൽ ഇംഗ്ലീഷ് മീഡിയത്തിൽ 400 കുട്ടികൾ പഠിക്കുന്നു.

കഴിഞ്ഞ കുറേ വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചാൽ മിക്ക വിദ്യാലയങ്ങളിലും കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണാം. ജനന നിരക്കിലുള്ള കുറവ്, കൂടുതൽ മെച്ചപ്പെട്ട വിദ്യാലയങ്ങളുടെ ആകർഷണം, ഇംഗ്ലീഷ് മീഡിയത്തോടുള്ള അമിതാവേശം, ഇവയൊക്കെ ഇതിന്റെ കാരണങ്ങളായി പറയാം. ഈ പഞ്ചായത്തിൽ ഏറ്റവും കുറവ് വിദ്യാർത്ഥികൾ പഠിക്കുന്ന ഓണക്കൂർ ഗവ. യുപി സ്കൂളും പിറമാടം New L.P. സ്കൂളുമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. പിറമാടം New L. P. സ്കൂൾ അൺ എക്കണോമിക്കായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇവിടെ നാലു ക്ലാസ്സുകളിലായി 36 കുട്ടികൾ മാത്രമാണ് അധ്യയനം നടത്തുന്നത്. ഇത്രയും കുട്ടികൾക്കായി 4 അധ്യാപ കർ സേവനം അനുഷ്ടിക്കുന്നുണ്ട്. 9 കുട്ടികൾക്ക് ഒരധ്യാപകൻ!

**പട്ടിക 12**

**സ്കൂളുകളിലേക്കുള്ള യാത്രാദൂരം**

| തരം | ശരാശരി k.m. | പരമാവധി k.m. |
|---|---|---|
| ലോവർ പ്രൈമറി സ്ക്കൂൾ | .52 | 2.0 |
| അപ്പർ പ്രൈമറി സ്ക്കൂൾ | .8 | 1.5 |
| ഹൈസ്ക്കൂൾ | 2.0 | 3.5 |

പഞ്ചായത്തിലെ അധ്യാപകരിൽ ഭൂരിഭാഗവും സ്ത്രീകളാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നത്. ഒരു സ്ക്കൂൾ ഒഴികെ മറ്റ് എല്ലാ സ്ക്കൂളുകളിലും വൈദ്യുത കണക്ഷൻ ഉണ്ട്. സ്റ്റാഫ് റൂം, കക്കൂസ്, പാചകപുര, കളി സ്ഥലം, ദൃശ്യശ്രാവ്യ ഉപകരണങ്ങൾ കുടിവെള്ള സൗകര്യം, എന്നിവയും എല്ലാ സ്ക്കൂളുകളിലും പൂർണ്ണമല്ല.

ഈ പഞ്ചായത്തിൽ ബാലവാടികളോടനുബന്ധിച്ചുള്ള 4 നേഴ്സറി സ്ക്കൂളുകളും പ്രതിമാസം 100 രൂ വീതം ഗ്രാന്റ് ലഭിക്കുന്ന 3 നിലത്തെഴുത്താശാൻ പള്ളിക്കൂടങ്ങളും 2 പ്രീ പ്രൈമറി സ്ക്കൂളുകളും ഉൾപ്പെടെ 9 ശിശു വിദ്യാലയങ്ങളുമാണ് ഉള്ളത്.

ഈ പഞ്ചായത്തിലെ കഴിഞ്ഞ S.S.L.C. ശരാശരി വിജയശതമാനം താഴെ കൊടുക്കുന്നു.

| വർഷം | വിജയശതമാനം |
|---|---|
| 92-93 | 86% |
| 93-94 | 74% |
| 94-95 | 80% |
| 95-96 | 91% |

92-93 വർഷത്തെ വിജയശതമാനം അടുത്ത വർഷങ്ങളിൽ കുറഞ്ഞുപോയെങ്കിലും 95-96 വർഷം ഉയർത്താൻ സാധിച്ചിട്ടുണ്ട്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച അധ്യാപകരെ ഈ അവസരത്തിൽ സ്മരിക്കുന്നു.

പാഠ്യേതര വിഷയങ്ങളിൽ ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾ അത്ര പിന്നിലല്ലെന്ന് കഴിഞ്ഞ വർഷത്തെ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും അവർക്ക് ലഭിച്ച അവാർഡുകൾ വ്യക്തമാക്കുന്നു. കഴിഞ്ഞ വർഷം പാമ്പാക്കുട ഗവ. ഹൈസ്ക്കൂളിൽ നിന്നും ഡ്രോയിംഗിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയത് മനോജ് ആണ്. നീന്തൽ മത്സരത്തിൽ 5 ആൺകുട്ടികളും 3 പെൺകുട്ടികളും ഉൾപ്പെടെ 8 പേർക്ക് അവാർഡ് കിട്ടിയിട്ടുണ്ട്. കലാതിലകത്തിന് ഒരു പെൺകുട്ടി അർഹയായി. M.T.M. ഹൈസ്ക്കൂളിൽനിന്നും കായികമത്സരങ്ങൾക്കു ജില്ലാടിസ്ഥാനത്തിൽ 20 ആൺകുട്ടികളും 36 പെൺകുട്ടികളും ഉൾപ്പെടെ 56 പേർക്ക് അവാർഡുണ്ട്. സംസ്ഥാനതലത്തിൽ 4 പെൺകുട്ടികൾ അവാർഡിന് അർഹരായി. നീന്തൽ മത്സരത്തിൽ 6 ആൺകുട്ടികളും4 പെൺകുട്ടികളും ഉൾപ്പെടെ 10 പേർ വിജയിച്ചു. കലാമത്സരങ്ങളിൽ ജല്ലാതലത്തിൽ 10 ആൺകുട്ടികളും 15പെൺകുട്ടികളും ഉൾപ്പെടെ 25 പേർ അവാർഡ് കരസ്ഥമാക്കി.

കലാമത്സരത്തിൽ ജില്ലാതലത്തിൽ 4 ആൺകുട്ടികളും 9 പെൺകുട്ടികളും ഉൾപ്പെടെ 13 പേർ അവാർഡിന് അർഹരായി. പാമ്പാക്കുട ഗവ. ഹൈസ്ക്കൂളിൽ 12 കുട്ടികളും M.T.M. ഹൈസ്ക്കൂളിൽ 13 കുട്ടികളും ഓണക്കൂർ (N)ൽ 3ഉം ഓണക്കൂർ (S)ൽ 3ഉം മേമുറി U.P.S.ൽ 8ഉം, St. Mary's U.P.S. അഞ്ചൽപ്പെട്ടി 15 കുട്ടികളും മെറിറ്റ് സ്കോളർഷപ്പ് നേടിയിട്ടുണ്ട്. പഞ്ചായത്തിൽ മൊത്തം 504 കുട്ടികൾക്ക് ലംപ്സം ഗ്രാന്റ് ലഭിക്കുന്നുണ്ട്. വികലാംഗ സ്കോളർഷപ്പ് വാങ്ങുന്ന 8+14 കുട്ടികൾ ഈ പഞ്ചായത്തിലുണ്ട്. 4+25 കുട്ടികൾ ജവാന്മാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം വാങ്ങുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിന് നൽകുന്ന പ്രതിമാസ സ്റ്റൈപെന്റ് 2 കുട്ടികൾ വാങ്ങുന്നു. 7 കുട്ടികൾ L.S.S. സ്കോളർഷപ്പിനും 3 കുട്ടികൾ U.S.S. സ്കോളർഷിപ്പിനും അർഹരായിട്ടുള്ളവരാണ്. മുൻകാലങ്ങളിൽ വിദ്യാഭ്യാസ നിലവാരം മോശമായിരുന്നു എങ്കിലും അടുത്തകാലത്തായി നിലവാരം ഉയർന്നതായി കാണുന്നുണ്ട്.

## പ്രശ്നങ്ങൾ

1) പല സ്ക്കൂളുകളിലും ഇന്നുള്ള ഭൗതിക സൗകര്യങ്ങൾ തൃപ്തികരമല്ല. കുട്ടികളുടെ എണ്ണം കുറയുന്നതിനാൽ ഡിവിഷൻ കുറയുന്നതിനുള്ള സാധ്യത മിക്ക സ്ക്കൂളുകളിലും നിലനിൽക്കുന്നു.
2) ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലേക്കു പോകുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരുന്നു.
3) തൊഴിലധിഷ്ഠിത വിദ്യാഭ്യാസമോ ഉന്നത വിദ്യാഭ്യാസമോ നൽകുന്നതിനുള്ള സൗകര്യം ഈ പഞ്ചായത്തിലില്ല.
4) അധ്യാപകരുടെ ഗുണനിലവാരം അധ്യയനത്തെ ബാധിക്കുന്നു.
5) നിരക്ഷരത കുറക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഗണ്യമായ അളവിൽ ഇപ്പോഴും നിലനിൽക്കുന്നു.
6) ശിശു വിദ്യാഭ്യാസത്തിന് സൗകര്യങ്ങൾ തീരെയില്ല.
7) ഒരു അങ്കൻവാടി പോലും ഈ പഞ്ചായത്തിലില്ല.
8) അനൗപചാരിക വിദ്യാഭ്യാസം വേണ്ടത്ര രീതിയിൽ ആസൂത്രിതമായി നടപ്പാക്കുന്നില്ല.

9) ഈ പഞ്ചായത്തിൽ കലാഭ്യാസനത്തിന് വേണ്ടത്ര സൗകര്യങ്ങൾ ഇല്ല.

10) പഞ്ചായത്തിനകത്ത് ഒറ്റ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം പോലുമില്ല.

11) പാഠ്യേതര വിഷയങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല.

12) വേണ്ടത്ര സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ട് മിടുക്കരായ യുവതിയുവാക്കളെ കായികരംഗത്തേക്ക് ആകർഷക്കുവാൻ കഴിയുന്നില്ല.

## പ്രശ്നപരിഹാരത്തിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ വയ്ക്കുന്നു.

ഓണക്കൂർ ഗവ.യു.പി. സ്കൂളിന് (south) കളിസ്ഥലം നിർമ്മിക്കുന്നതിന് ഒരേക്കർ സ്ഥലം ലഭ്യമാക്കുക. കുടിവെള്ളത്തിനുവേണ്ടി വാട്ടർ ടാങ്ക് നിർമ്മിക്കുക. ചുറ്റു മതിൽ നിർമ്മിക്കുക. ലാബറട്ടറി സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

ഓണക്കൂർ നോർത്ത് യു.പി.സ്കൂളിന് ചുറ്റുമതിലും ഗെയിറ്റും നിർമ്മിക്കുക. (2) ഗ്രൗണ്ട് നിരപ്പാക്കി കളിസ്ഥലം സൗകര്യപ്പെടുത്തുക 3) പഠനോപകരണങ്ങൾ സൂക്ഷിക്കുന്നതിന് ഒരു പ്രത്യേക മുറി നിർമ്മിക്കുക. 4) സ്കൂളിന്റെ വാർഷിക അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുകയും പഠനോപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

പാമ്പാക്കുട ഗവ. സ്കൂളിലെ ലാബോറട്ടറി സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. 2) സ്കൂളിലെ L.P., U.P. വിഭാഗത്തു ചുറ്റുമതിൽ കെട്ടി സരക്ഷിക്കുക. 3) ഹൈസ്കൂൾ ലൈബ്രറിക്ക് ഒരു റീഡിംഗ് റൂം കൂടുതൽ പുസ്തകങ്ങളും അനുവദിക്കുക. ഇന്ന് ഹൈസ്കൂളിൽ നിലവിലുള്ള കംപ്യൂട്ടർ പഠനം ഒരു തൊഴിലധിഷ്ടിത കോഴ്സായി അംഗീകരിക്കുകയും ആയതിന് സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്യുക. പ്ലസ്ടു കോഴ്സ് ആരംഭിക്കുക. മേമ്മുറി സ്കൂളിന് ചുറ്റുമതിൽ കെട്ടുക 2) ആവശ്യമായ ഫർണിച്ചറും പഠനോപകരങ്ങളും അനുവദിക്കുക. 3) കളിസ്ഥലം നിർമ്മിക്കുക 4) ഉച്ചഭക്ഷണം തയ്യാറാക്കുന്നതിനുള്ള അടുക്കളയും സ്റ്റോറും നിർമ്മിക്കുക. 5) ഗേററു വലുതാക്കി പണിയുക. പിറമാടം ഗവ. യു.പി. സ്കൂളിന് ചുറ്റുമതിൽ പണിയുക. നിലവിലുള്ള കേടുപറ്റിയ വാട്ടർ ടാങ്കിന്റെ അറ്റകുറ്റ പണികൾ നടത്തി ഉപയോഗ യോഗ്യമാക്കുക. മൂത്രപ്പുരയും കക്കൂസും നിർമ്മിക്കുക. പൂർത്തിയാകാത്ത സ്കൂൾ കെട്ടിടത്തിന്റെ പണിപൂർത്തിയാക്കുക.

പിറമാടം ഗവ. എൽ. പി. സ്കൂളിന്റെ പരിസരത്തുകൂടി പോകുന്ന പൈപ്പ് ലൈനിൽ നിന്നും സ്കൂളിലേക്ക് കുടിവെള്ളം ലഭിക്കുന്നതിന് സൗകര്യം ഉണ്ടാക്കുക. അദ്ധ്യയന നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. പ്രൈമറി സ്കൂളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത ഡിഗ്രിയും അദ്ധ്യാപക പരിശീലനവും ഉണ്ടായിരിക്കണം. അദ്ധ്യാപകർക്ക് വർഷത്തിൽ ഒരിക്കലെങ്കിലും റീ ഓറിയന്റെൽ കോഴ്സ് നിർബന്ധമായും നൽകിയിരിക്കണം. കോഴ്സ് പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കണം. ഓരോ വിഷയങ്ങളിലും പരിശീലനം നേടിയ അദ്ധ്യാപകരെക്കൊണ്ടു മാത്രമേ ആ വിഷയങ്ങൾ പഠിപ്പിക്കുവാൻ അനുവദിക്കാവൂ.

പാഠ്യേതര വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് വിദ്യാഭ്യാസ വകുപ്പിൽ തന്നെ പ്രത്യേക വിഭാഗം ഏർപ്പെടുത്തണം. എല്ലാ സ്കൂളുകളിലും കലാകായികസാംസ്കാരിക പ്രവർത്തനങ്ങൾ കൂടുതൽ ശക്തവും നിർബന്ധിതവും ആക്കണം. എല്ലാ സ്കൂളുകളിലും നിർബന്ധമായും ഒരു തൊഴിൽ അധിഷ്ഠിത കോഴ്സ് ആരംഭിക്കണം. ഇത് യു. പി. വിഭാഗം മുതൽ ആരംഭിക്കണം.

രണ്ടുതരം പൗരന്മാരെ നിർമ്മിക്കുന്ന ഇന്നത്തെ അശാസ്ത്രീയ രീതി ഉപേക്ഷിച്ച് പ്രൈവറ്റ് മേഖലയിൽ ആരംഭിക്കുന്ന വിദ്യാലയങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്താൻ ആവശ്യമായ നിയമനിർമ്മാണം എത്രയും വേഗം സ്വീകരിക്കണം.

ഏഴാം സ്ററാന്റേർഡ് വരെ മാതൃഭാഷയിൽ മാത്രമേ അദ്ധ്യയനം നടത്താവൂ. ഹൈസ്കൂൾ തലം മുതൽ രാഷ്ട്രഭാഷയും ഇംഗ്ലീഷ് ഭാഷയും ആരംഭിക്കാം.

പഞ്ചായത്തു തലത്തിൽ ചുരുങ്ങിയത് ഒരു I.T.I / I.T.C യും ഒരു സാങ്കേതിക കോളേജും ആരംഭിക്കണം. എല്ലാവാർഡിലും ഒരു അംഗൻ വാടിയോ ബാലവാടിയോ ആരംഭിക്കണം. എല്ലാവാർഡിലും നിർബന്ധമായും ഒരു ലോവർ പ്രൈമറി സ്കൂൾ ഉണ്ടായിരിക്കണം.

പഞ്ചായത്ത് അതിർത്തികളിലുള്ള ലക്ഷംവീട് കോളനികളിലും പട്ടികജാതി പട്ടിക വർഗ്ഗ കോളനികളിലും വയോജനവിദ്യാഭ്യാസം നിർബന്ധമാക്കുകയും ഫീഡിംഗ് സെന്റർ ആരംഭിക്കുകയും ചെയ്യുക.

നിലവിലുള്ള പഞ്ചായത്ത് ലൈബ്രറി റീഡിംഗ് മുറിയോടുകൂടി പുതുക്കി പണിത് അപ്ഗ്രേഡ് ചെയ്യുക. അവിടെ ഒരു ഫുൾടൈം ലൈബ്രേറിയനെ നിയമിക്കുകയും ചെയ്യുക. ആനുകാലിയ പ്രസിദ്ധീകരണങ്ങളും പത്രങ്ങളും ഗവ. പ്രസിദ്ധീകരണങ്ങളും കൃഷിസംബന്ധമായ പ്രസിദ്ധീകരണങ്ങളും പൊതുജനങ്ങൾക്ക് സദാസമയവും ലഭി

ക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക. എല്ലാ വാർഡിലും ഓരോ സാംസ്കാരിക നിലയങ്ങൾ ആരംഭിക്കണം. ജനവിദ്യാ കേന്ദ്രങ്ങളും സ്ഥാപിക്കണം.

നിലവിലുള്ള ബാലവാടികൾ പുതുക്കിപ്പണിത് സൗകര്യം വർദ്ധിപ്പിക്കണം. പഞ്ചായത്തിൽ ഒരു സ്റ്റേഡിയവും കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഒരു കമ്മ്യൂണിറ്റി ഹാളും ഇവ നിർമ്മിക്കുക.

വിദ്യാലയങ്ങളിൽ നിന്ന് രാഷ്ട്രീയം നിർബന്ധമായും ഒഴിവാക്കണം. അത്തരത്തിലുള്ള തെരഞ്ഞെടുപ്പ് ഒരു വിദ്യാലയത്തിലും അനുവദിക്കരുത്. സ്കൂളിലെ അച്ചടക്കം കൂടുതൽ കാര്യക്ഷമമാക്കണം. എല്ലാ വിദ്യാലയത്തിലും പി.റ്റി.എ യും മദേഴ്സ് ഫോറവും നിർബന്ധമായും ഉണ്ടായിരിക്കുകയും ഇത് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധന ഉദ്യോഗസ്ഥൻ രേഖപ്പെടുത്തുകയും ചെയ്യണം.

പി.റ്റി.എ യും മദേഴ്സ് ഫോറവും യോഗങ്ങൾ മാസം തോറും നടത്തുകയും അതിന്റെ മിനിട്ട്സ് കൃത്യമായി എഴുതി സൂക്ഷിക്കുകയും സ്കൂളിനെ സംബന്ധിക്കുന്ന അദ്ധ്യയനം ഉൾപ്പെടെയുള്ള സർവ്വകാര്യങ്ങളും വിലയിരുത്തുകയും അദ്ധ്യാപക രക്ഷകർത്താ സഹകരണത്തോടുകൂടി ന്യൂനതകൾ പരിഹരിച്ചു പോവുകയും ചെയ്യണം.

കുട്ടികളിൽ മിത വ്യയം വളർത്തി എടുക്കുന്നതിന് സഞ്ചയിക പോലുള്ള സമ്പാദ്യ പദ്ധതികൾ നിർബന്ധമായും സ്കൂളിൽ തുടങ്ങണം. പഞ്ചായത്തു തലത്തിൽ ഏറ്റവും കൂടുതൽ നിക്ഷേപം സമാഹരിക്കുന്ന വിദ്യാലയത്തിനും കുട്ടിക്കും അദ്ധ്യാപകനും പ്രത്യേകം പ്രോത്സാഹന സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും നൽകണം.

വിദ്യാഭ്യാസ നിലവാരം മോശമാകുന്നതിന്റെ ഒരു പ്രധാനകാരണം ഇന്നത്തെ രീതിയിലുള്ള പരിശോധനാ സമ്പ്രദായമാണ്. പരിശോധനാ ഉദ്യോഗസ്ഥന് ഇതിന് സമയം കിട്ടുന്നില്ല. മാസത്തിൽ ഒരിക്കൽ അക്കാഡമിക് കാര്യങ്ങളേക്കുറിച്ച് സ്കൂളുകൾ പരിശോധിച്ച് പോരായ്മകൾ ഉണ്ടെങ്കിൽ അദ്ധ്യാപക രക്ഷാകർത്തൃ സമിതി കൂടി പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം.

പാമ്പാക്കുട കേന്ദ്രീകരിച്ച് ഒരു ഉപവിദ്യാഭ്യാസ ജില്ലാ ഓഫീസ് എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

# സംസ്ക്കാരം

പുരോഗതിയുടെ മാനദണ്ഡം സാമ്പത്തിക ഭദ്രത മാത്രമല്ല. ആരോഗ്യമെന്നു പറയുന്നത് രോഗമില്ലായ്മ മാത്രമല്ല. ശാരീരികവും, സാമൂഹികവുമ, മാനസീകവും, സാമൂഹികവുമായ ഏകീഭാവം (Well being) ആണെന്നു പറയുന്നതുപോലെ സാമ്പത്തിക ഭദ്രതയോടൊപ്പം സാംസ്കാരിക ഉയർച്ചയും ചേർന്നാലേ പുരോഗതി യഥാർത്ഥമാവുകയുള്ളൂ. ഇവിടെ എന്താണു സംസ്ക്കാരമെന്നു വിലയിരുത്തേണ്ടി വരുന്നന്നു. കാലാകാലങ്ങളായി, മനുഷ്യന്റെ അനുഭവങ്ങളിൽ നിന്നും, ചിന്തയിൽ നിന്നും, വിദ്യാഭ്യാസത്തിൽ നിന്നും മനുഷ്യമനസ്സിൽ രൂപപ്പെടുന്ന അറിവിന്റെയും, നല്ല പെരുമാറ്റത്തിന്റെയും , നന്മ ചെയ്യുവാനുള്ള വാഞ്ഛയുടേയും, അനീതിയെ ചെറുക്കുവാനുള്ള ആത്മധൈര്യത്തിന്റെയും സത്യസന്ധതയുടേയും ഒക്കെ ബഹിർസ്ഫുരണമായ ഒരു ചൈതന്യസിദ്ധിയാണ് സംസ്ക്കാരം എന്നു പറയാം.

പ്രാചീന മനുഷ്യൻ പടിപടിയായ പല ഘട്ടങ്ങളും കടന്നാണ് ഇന്നത്തെ പുരോഗതിയിലും സംസ്ക്കാരത്തിലും എത്തിയത്. യുഗയുഗങ്ങളായി സംസ്ക്കാരത്തിൽ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യൻ കൂടുതൽ കൂടുതൽ ചിന്തിച്ചു തുടങ്ങിയതോടുകൂടി സംസ്ക്കാരാചാരങ്ങൾ തിരുത്തിക്കുറിക്കപ്പെട്ടുകൊണ്ടിരുന്നു. ക്രമേണ സംസ്ക്കാരം കലയുമായി ബന്ധപ്പെടാൻ തുടങ്ങി. കല ഉടലെടുത്തത് സംതൃപ്തിയിൽ നിന്നാണെന്നു കാണാൻ കഴിയും. പ്രാകൃത മനുഷ്യരും സുഭിക്ഷമായ ഭക്ഷണം കഴിച്ചുകഴിഞ്ഞാൽ ആടുകയും പാടുകയും ഒക്കെ ചെയ്തിരുന്നു. അതിന് അന്ന് അർത്ഥവും താളവും ഒന്നും ഉണ്ടായിരുന്നില്ല. പാട്ട് എന്നു പറയുന്നത് പ്രാകൃത ശബ്ദം പുറപ്പെടുവിക്കൽ മാത്രമായിരുന്നു. ചരിത്രാതീതകാലത്ത് പരസ്പരം അറിയപ്പെടാതെയും ബന്ധപ്പെടാതെയും ലോകത്തിന്റെ പല ഭാഗങ്ങളിലും മനുഷ്യസമൂഹങ്ങൾ ഇങ്ങനെ കഴിഞ്ഞുകൂടിയിരുന്നു. ചരിത്രങ്ങൾ രേഖപ്പെടുത്തുകയും ശാസ്ത്രപുരോഗതിയിലൂടെ ഗതാഗത-വാർത്താവിനിമയ ബന്ധങ്ങൾ ഉടലെടുക്കുകയും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മനുഷ്യർ പരസ്പരം ബന്ധപ്പെടുകയും ആശയവിനിമയം നടത്തുകയും ചെയ്തതോടുകൂടി കലയ്ക്കും സംസ്ക്കാരത്തിനും ഐകരൂപ്യവും അർത്ഥവ്യാപ്തിയും ഉണ്ടായി. സാംസ്ക്കാരിക ബന്ധങ്ങൾ കൂടുതൽ സമ്പു

ഢമാകുന്നതിനുവേണ്ടി വിവിധ രാജ്യങ്ങൾ തമ്മിൽ ഇന്ന് കലാസാംസ്ക്കാരിക മണ്ഡലങ്ങളിൽ കൂടുതൽ സഹ വർത്തിത്വം പുലർത്തുന്നു.

കലയിലും സംസ്കാരത്തിലും കാലാകാലങ്ങളിൽ മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്നു. ഈ നൂറ്റാണ്ടിന്റെ കഴിഞ്ഞ അൻപതു വർഷങ്ങൾക്കിടയിൽത്തന്നെ ഈ രംഗത്ത് വളരെയേറെ മാറ്റങ്ങൾ ഉണ്ടായിട്ടുള്ളതായി കാണാൻ കഴിയും. പ്രാചീന ഭാരതീയ കലകൾ മിക്കതും ആചാര-വിശ്വാസാനുഷ്ഠാനങ്ങളിൽ കൂടിയാണ് രൂപപ്പെട്ടിട്ടുള്ളത്. ഹിന്ദു ക്ഷേത്രങ്ങൾ ഇതിൽ മുൻപന്തിയിലായിരുന്നു. കാർഷികപ്രധാനമായ തൊഴിലുകളുള്ള എല്ലാ രംഗങ്ങളിലും പാട്ടും നൃത്തവും മറ്റു പലതര വിനോദങ്ങളും സ്ഥാനം പിടിച്ചിരുന്നു. കൃഷിയിറക്കു സമയത്തും വിളവെടുപ്പു കാലത്തും ഇവ പ്രചാരത്തിലിരുന്നു. ഏതാണ്ട് അൻപതുവർഷങ്ങൾക്കു മുൻപുവരെ പാമ്പാക്കുട പഞ്ചായത്തിലും സമീപപ്രദേശങ്ങളിലും കേരളത്തിൽ മൊത്തത്തിലും കൃഷിക്കാർ നെല്ലുൽപ്പാദനത്തിലാണ് കൂടുതൽ ഊന്നൽ കൊടുക്കുന്നത്. പാടങ്ങളിൽ മാത്രമല്ല കരപ്രദേശങ്ങളിലും കുന്നിൻ ചരുവുകളിലും മഴയെ ആശ്രയിച്ച് വിരിപ്പ് (പൊടി) കൃഷി നടത്തിയിരുന്നു. ഈ അവസരത്തിൽ പത്തും ഇരുപതും കിളക്കാർ രണ്ടുസെറ്റായി തിരിഞ്ഞുനിന്ന് കൂത്തുപാട്ടുകൾ പാടി പരസ്പരം കളിയാക്കി ഉത്സാഹത്തോടുകൂടി കിളിയ്ക്കുമായിരുന്നു.

*നിന്റെയമ്മ നത്തുകണ്ണി*
*ചത്തുപോയാൽ ദുഃഖമില്ല*
*എന്റെയമ്മ പൊന്നുകണ്ണി*
*ചത്തുപോയാൽ ദുഃഖമുണ്ട്*

*'തൂമ്പാ പൊക്കി കിളക്കട*
*ഈച്ചമുഞ്ചി കിളക്കാരെ'*

ഇതുപോലെ ഞാറു പറിയ്ക്കലിലും നടീലിലും കൊയ്ത്തിനുമെല്ലാം പ്രചാരത്തിലിരുന്ന നാടൻ പാട്ടുകൾ ഉണ്ടായിരുന്നു. വിളവെടുപ്പുകാലത്തോടനുബന്ധിച്ചും ഓണം വിഷു തുടങ്ങിയ വിശേഷ ദിവസങ്ങളിലും ക്ഷേത്ര ഉത്സവത്തോടനുബന്ധിച്ചും പാടുന്ന ധാരാളം നാടൻ പാട്ടുകളും കളികളും ഉണ്ടായിരുന്നു. ഈ പഞ്ചായത്തു പ്രദേശങ്ങളിൽ തടിയിൽ നിർമ്മിച്ച കാളയുടെ രൂപങ്ങളെ തണ്ടുകളിൽ ഉറപ്പിച്ച് തോളിലേറ്റി നടത്തിയിരുന്ന കാളകളി, കോൽക്കളി, പരിചമുട്ടുകളി, പുലികളി, ഗരുഡൻ തൂക്കം മുതലായവ എടുത്തു പറയേണ്ടവയാണ്. ചില പ്രത്യേക സമുദായക്കാർ പരമ്പരാഗതമായി ചില പാട്ടുകളും കലകളും നടത്തിയിരുന്നു. പുള്ളുവനും പുള്ളുവത്തിയും വീണയും കുടവുമായി പുള്ളുവൻ പാട്ട് (സർപ്പപ്പാട്ട്) മാർഗ്ഗംകളി തുടങ്ങിയവ പ്രചാരത്തിലിരുന്നു. 50 വർഷങ്ങൾക്കു മുൻപ് ഈ പ്രദേശത്തും ശൈശവ വിവാഹം നിലവിലിരുന്നു.

എന്നാൽ ശാസ്ത്ര പുരോഗതിയും നവീനകൃഷിസമ്പ്രദായങ്ങളും സാർവത്രിക വിദ്യാഭ്യാസവും ഒക്കെ വന്നതോടുകൂടി രംഗമാകെ മാറാൻ തുടങ്ങി. കർഷകർക്ക് നെൽകൃഷി അനാദായകരമായി അനുഭവപ്പെടുകയും നെൽകൃഷി നാണ്യവിളകൾക്ക് വഴിമാറിക്കൊടുക്കുകയും ചെയ്തു. മക്കൾക്ക് വിദ്യാഭ്യാസവും മറ്റ് തൊഴിൽ സാദ്ധ്യതകളും ഉണ്ടായതോടുകൂടി പാരമ്പര്യകലകളിലും തൊഴിലുകളിലും ഏർപ്പെട്ടിരുന്നവർ ക്രമേണ അവ ഉപേക്ഷിക്കുകയും മറ്റു രംഗങ്ങളുലെയ്ക്ക് മാറുകയും ചെയ്തു. റേഡിയോ, T.V. തുടങ്ങിയ ശ്രാവ്യ-ദൃശ്യ മാദ്ധ്യമങ്ങളുടെ വരവോടുകൂടി സ്ഥിതിയാകെ മാറി-പണ്ട് പാടത്ത് പണിയെടുക്കുന്ന പക്ഷാകർത്താക്കളോടുകൂടി ചെളിയിൽ ഓടിക്കളിച്ചും കാളപൂട്ടു പരിശീലിച്ചും ഉഴവുകഴിഞ്ഞ് കാളയെ കുളിപ്പിക്കുമ്പോൾ തോട്ടിലും കുളത്തിലും ചാടിക്കളിച്ച് സ്വാഭാവികമായി നീന്തലും മറ്റും വളരെ ചെറുപ്പത്തിലേ വശമാക്കിയിരുന്നു. ഇന്ന് ആധുനീക വീടുകളും സൗകര്യങ്ങളും ഉണ്ടായതോടുകൂടി കുളിമുറിയിലായി കുളി. നീന്തൽ എന്ന അതിപ്രധാനമായ അഭ്യാസം ഇന്ന് മിക്ക കുട്ടികൾക്കും നേടാൻ സാധിക്കാതെയായി. സാമൂഹ്യ-സാംസ്കാരിക മണ്ഡലങ്ങൾ ദ്രുതഗതിയിലുള്ള മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു.

മദ്ധ്യകേരളത്തിൽപ്പെട്ട പാമ്പാക്കുടപഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും ഇടത്തരക്കാരാണ്. സാംസ്കാരിക നിലവാരത്തിൽ ഉയർന്ന മാനദണ്ഡം പുലർത്തുന്നവരാണ്. പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി 11 ആർട്ട്സ് & സ്പോർട്സ് ക്ലബ്ബുകൾ ഉണ്ടെങ്കിലും പ്രവർത്തനം ആശാവഹമല്ല. പാമ്പാക്കുട ടൗൺ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഗ്രാമി, സ്വാതി എന്നീ സാംസ്കാരിക സംഘടനകൾ ഏറെക്കുറെ തൃപ്തികരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ട്. ഇവ ഭാവിയിൽ പാമ്പാക്കുടയുടെ സാമൂഹ്യ-സാംസ്കാരിക മണ്ഡലങ്ങളിൽ കൂടുതൽ പ്രതീ

ക്ഷയ്ക്ക് വകനൽകുന്നു. ഇവരെ പഞ്ചായത്തുതലത്തിൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്. അടുത്തകാലത്ത് പണി കഴിപ്പിക്കപ്പെട്ട കോനാട്ടു മൽപ്പാൻ ഹാൾ പാമ്പാക്കുടയുടെ ഒരു മുതൽക്കൂട്ടാണെന്ന് നിസ്സംശം പറയാം. ഇതിന്റെ ഉടമസ്ഥത സ്വകാര്യ വ്യക്തിയ്ക്കാണ്. പഞ്ചായത്തിന്റെ വകയായി ഒരു സാംസ്കാരിക നിലയം പണിയാൻ ശ്രമിക്കേണ്ടതാണ്. പൊതു റേഡിയോ ടെലിവിഷൻ സെറ്റുകൾ പരിമിതമാണ്. വായനശാലയുടെ സ്ഥിതിയും അത്ര ആശാവഹമല്ല. വായിച്ചുവളരുക എന്ന ആശയം അത്ര വിലകൽപ്പിക്കപ്പെടുന്നില്ല എന്നു തോന്നുന്നു. ടെലിവിഷൻ സർവ്വസാധാരണമായതോടുകൂടി സാമൂഹ്യ- സാംസ്കാരിക യുവജന സംഘടനകളുടെ പ്രവർത്തനങ്ങൾക്ക് മങ്ങലേറ്റിരിക്കുന്നു. മാനസീകോല്ലാസത്തിന് റ്റി.വി.യെ ആശ്രയിക്കുന്നുണ്ട് നല്ലൊരു ശതമാനം ജനങ്ങൾ. ടെലിവിഷന്റെ അതിപ്രസരം ഒരു പരിധിവരെ വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കുന്നുണ്ട്. എന്നാൽ ടി.വി. പരിപാടികൾ കാണുന്നതിൽ നിന്ന് വിദ്യാർത്ഥികളെ വിലക്കുന്നതും പ്രശ്നങ്ങൾ സ്രഷ്ടിക്കും. അച്ഛനും അമ്മയും ടി.വി. കാണുകയും മക്കൾക്ക് അത് വിലക്കിക്കൊണ്ട് പഠിക്കണം എന്നു വന്നാൽ അത് കുട്ടികളുടെ വ്യക്തിത്വ വികസനത്തിന് പ്രതീകൂലമായി ബാധിക്കും. ഈ പ്രശ്നം വിദ്യാഭ്യാസ-സാംസ്കാരിക മണ്ഡലങ്ങളിലെ വിദഗ്ദ്ധ സമിതി കൈകാര്യം ചെയ്യേണ്ടതാണ്.

വിദ്യാലയങ്ങൾ, മതസ്ഥാപനങ്ങൾ, കലാസാംസ്കാരിക സംഘടനകൾ ഇവ വാർഷികോത്സവങ്ങൾ നടത്തുന്നുണ്ട്. എന്നാൽ ജനങ്ങൾ പണ്ടു കാണിച്ചിരുന്ന താത്പര്യം ഇന്ന് പലയിടത്തും കാണുന്നില്ല.

## പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം

ഒരു കാലഘട്ടത്തിൽ അടിമത്തത്തിലും അസമത്വത്തിലും കഴിഞ്ഞിരുന്ന ഒരു ജനവിഭാഗമാണ് പട്ടികജാതി / പട്ടികവർഗ്ഗം. ഇവരുടം നാനാവിധമായ പുരോഗതിയെ ലാക്കാക്കി 1958ൽ ജില്ലാ പരിജനക്ഷേമഓഫീസ് എറണാകുളം ജില്ലയിൽ പ്രവർത്തനം ആരംഭിച്ചു. ഇവിടെ വിദ്യാഭ്യാസപരവും സംസ്കാരികവും സാമൂഹ്യവും സാമ്പത്തികവും ആയ പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

പട്ടികജാതി / പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കും അവരിൽ മതപരിവർത്തനം ചെയ്തവർക്കും സർവ്വവിധമായ വിദ്യാഭ്യാസസൗകര്യങ്ങൾക്ക് ആനുകൂല്യങ്ങളും അതിനുവേണ്ട എല്ലാ ചെലവുകളും നിയമാനുസൃതം ഡിപ്പാർട്ടുമെന്റിൽ നിന്നും നൽകിവരുന്നു. പട്ടികജാതിയിൽപെട്ടവർ വിദ്യാഭ്യാസപരമായി ഏറ്റവും പിന്നിലാണ്. ഇവർക്കുവേണ്ടി ആശ്രമവിദ്യാലയങ്ങൾ സ്ഥാപിച്ചു അദ്ധ്യയനം ചെയ്യുന്ന കുട്ടികളുടെ എല്ലാ ചെലവുകളും ഡിപ്പാർട്ടുമെന്റ് വഹിക്കുന്നു.

വാസനയ്ക്കനുസരിച്ച് കൈതൊഴിൽ, കുടിൽ വ്യവസായം എന്നിവയിൽ പരിശീലനം നൽകുന്നതിന് കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇവിടെ അഭ്യസിക്കുന്നവർക്ക് മാസാന്ത്യ സ്റ്റൈപെന്റ് നൽകുന്നുണ്ട്. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമി പതിച്ചുകൊടുത്തു കോളനികൾ സ്ഥാപിച്ചിട്ടുണ്ട്. ഭൂനിയമ നടപ്പിൽ വന്നതോടെ പാർപ്പിട സൗകര്യമില്ലായ്മ കുറഞ്ഞു കാണുന്നുണ്ട്. ഈ വിഭാഗങ്ങളുടെ ആവശ്യങ്ങൾക്കായി പൊതു ശ്മശാനങ്ങൾ നിർമ്മിച്ചിട്ടണ്ട്. ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ കിണറുകുഴിച്ചുകൊടുത്തിട്ടുണ്ട്. ഇനിയും പല സ്ഥലങ്ങളിലും ആവശ്യമായിട്ടുണ്ട്.

കോളനികളിൽ വൈദ്യുതി ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുട്ടുണ്ട്. സാമ്പത്തിക ഉന്നമനത്തിനായി സൗജന്യധനസഹായവും വായ്പാ സൗകര്യങ്ങളും ഡിപ്പാർട്ടുമെന്റ് ചെയ്തുവരുന്നു. മിശ്രവിവാഹതരായ ദമ്പതികൾക്ക് ധനസഹായവും നൽകി വരുന്നുണ്ട്. കാർഷികോപകരണങ്ങൾ നൽകവരുന്നതിന് സഹായധനം നൽകുന്നുണ്ട്.

ഈ ഗ്രാമപഞ്ചായത്തിൽ 3,7 എന്നീ വാർഡുകകൾ ഒഴികെ മറ്റ് എല്ലാ വാർഡുകളിലും ഹരിജൻ രജിസ്ട്രേഡ് കോളനികളിലും 2,5,7,8,9 എന്നീ പാർഡുകളിൽ ഓരോ ലക്ഷം വീട് കോളനികളും നിലവലുണ്ട്. ഈ പഞ്ചായത്തിൽ എല്ലാ വാർഡുകളിലും 10 പട്ടികജാതി /പട്ടികവർഗ്ഗ കോളനികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1100 ആയിരത്തി ഒരുനൂറോളം (1100) പട്ടികജാതി പട്ടികവർഗ്ഗക്കാർ ഈ കോളനികളായി മറ്റുമായി താമസിക്കുന്നു. ഉദ്ദേശ അറപതോളം പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്തവരുമാണ്. I.R.D.P.യിൽപ്പെടുത്തി 58 കുടുംബങ്ങൾക്കായി കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സഹായധനം കൊടുത്തിട്ടുണ്ട്.

ലക്ഷം വീടുകളിൽ യാത്രാസൗകര്യങ്ങളും ഉണ്ടെങ്കിലും പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ കുടിവെള്ളം, കക്കൂസ്, വൈദ്യുതി,ഗതാഗതം, പൂർണ്ണമായിട്ടില്ല.

പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമത്തിനും വേണ്ടി വളരെയധികം വികസനപ്രവർത്തനങ്ങൾ ചെയ്യുന്നുണ്ടെങ്കിലും തദനുസരണമായി അഭിവൃദ്ധി അവരിൽ കാണുന്നില്ല. വിദ്യാഭ്യാസത്തിനും എല്ലാ വിധമായ സൗകര്യങ്ങളും ആനുകൂല്യങ്ങളും ഉണ്ടെങ്കിലും 100% കുട്ടികളും ഉന്നതവിദ്യാഭ്യാസം പ്രയോജനപ്പെടുത്തുന്നില്ല.

ഈ വിഭാഗക്കാർക്ക് ഇന്ന് കൃഷിമേഖല വിട്ട് റബ്ബർ ടാപ്പിഗ്, ആട്ടോഡ്രൈവർ, എന്നീ മേഖലകിളിലേക്ക് മാറക്കൊണ്ടിരിക്കുകയാണ്. ഇവരിൽ 22% നിരക്ഷരരാണ്. കേരളപുലയമഹാസഭ ( KPMS) എന്ന സംഘടന കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. ജാതിപരമായി ഉച്ചനീചത്വം ഈ പഞ്ചായത്തിൽ ഇല്ല. സമൂഹത്തിൽ ഇന്ന് അവർക്ക് മാന്യമായ സ്ഥാനമുണ്ട്.

1. പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങൾ കോളനികളിലല്ലാതെ ഒറ്റതിരിഞ്ഞ് പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ താമസിക്കുന്നുണ്ട്. ഇവർക്ക് വെള്ളം,വെളിച്ചം, ഗതാഗതാസൗകര്യങ്ങൾ എന്നിവയില്ല. ഇവ എത്രയും വേഗം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

2. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാരുടെ പെൺമക്കളുടെ വിവാഹധനസഹായം വർദ്ധിപ്പിക്കേണ്ടതാണ്.
3. അനാഥരും ആലംബഹീനരുമായ വൃദ്ധജനങ്ങൾക്ക് ഒരു അഗതി മന്ദിരം പണിത് സംരക്ഷണം ഏറ്റെടുക്കണം.
4. നിലവിലുള്ള വീടുകളുടെ അററകുററപണികളും കിണറിന്റെ സംരക്ഷണവും ഉറപ്പുവരുത്തുക.
5. വർഷത്തിൽ ഒരിക്കൽ ആനുകൂല്യങ്ങളെ സംബന്ധിച്ചും മറ്റും പഞ്ചായത്തുതലത്തിൽ ബോധവത്കരണ സെമിനാർ നടത്തുക.
6. എല്ലാ കോളനികളിലും തെരുവുവിളക്കുകൾ സ്ഥാപിക്കുക.
7. റജിസ്റ്റർ കോളനികളിൽ ലഭിക്കുന്ന കോളനികളിലെ പട്ടികജാതി പട്ടികവർഗ്ഗ ജനങ്ങൾക്ക് ലഭിക്കന്ന എലല ആനുകൂല്യങ്ങൾ രജിസ്റ്റർ ചെയ്യാത്ത പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ലഭിക്കാൻ നടപടി സ്വീകരിക്കുക.
8. എല്ലാ പട്ടിതജാതി പട്ടികവർഗ്ഗ കോളനികളിലും ലക്ഷം വീട് കോളനികളിലും സൗജന്യമായി ടെലവിഷൻ സെറ്റുകളും വയോജനവിദ്യാഭ്യാസ സൗകര്യങ്ങളും ചെയ്തുകൊടുക്കുക.
9. പുകയില്ലാത്ത് അടുപ്പുകൾ സൗജന്യമായി നിർമ്മിച്ചുകൊടുക്കുക.
10. പട്ടിതജാതി പട്ടികവർഗ്ഗക്കാർക്കായി മാത്രമായി പഞ്ചായത്തുതലത്തിൽ ഒരു സഹകരണ സംഘം രജിസ്റ്റർ ചെയതു പ്രവർത്തിക്കാൻവേണ്ട നടപടി സ്വീകരിക്കുക.
11. വിദ്യാസമ്പന്നരായ യുവതി യുവാക്കൾ തൊഴിൽകേന്ദ്രങ്ങൾ ആരംഭിക്കുക.
12. SC/ST വിദ്യാർത്ഥികൾക്ക് പഠനോകരണങ്ങൾ മുഴുവനായും സൗജന്യമായി നൽകണം.
13. SC/ST വിധവ, അംഗവൈകല്യമുള്ളവർ എന്നിവരുടെ സംരക്ഷണം പഞ്ചായത്തുതലത്തിൽ ഏറ്റെടുകകാൻ നടപടി സ്വീകരിക്കുക.
14. SSLC ക്ക് ഏറ്റവും കൂടിതൽ മാർക്കു കിട്ടുന്ന SC/ST വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് നൽകുണം.
15. 5ൽ കൂടുതൽ ഹരിജനങ്ങൾ പാർക്കുന്നഭാഗങ്ങളിൽ ഹരിജൻ കോളനി രജിസ്റ്റർ ചെയ്യുവാനുള്ള നടപടി സ്വീകരിക്കണം.
16. SC/ST വർഗ്ഗക്കാർക്കും ഒരു പൊതു ശ്മശാനം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.
17. പരംപരാഗതതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സാമ്പത്തികസഹായം സ്വീകരിക്കു. ഗ്രാന്റ് നൽകാൻ നടപടി സ്വീകരിക്കുക.
18. ഭവനരഹിതരായ SC/ST കുടുംബങ്ങള്ടക്ക് വീടുകളും കക്കൂസുകളും അനുവദിക്കുക.
119. കക്ഷായി ചിറഭാഗത്ത് പഞ്ചായത്തു പുറംപോക്ക് സ്ഥലത്ത് വനിതാവ്യവസായ യൂണിറ്റ് ആരംഭിക്കാൻ നട

പടി സ്വീകരിക്കുക.

20. നിലവിൽ ഉള്ള പറക്കുടി ശ്മശാനം (പിറമാടം നോർത്ത്)അതിർത്തി തിരിച്ച് മതിൽകെട്ടി ഉപയോഗ യോഗ്യമാക്കുക.

21. ഓലിക്കതണ്ടേൽ ഭാഗത്ത് നടത്തുന്ന പരമ്പരാഗത വ്യവസായം പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കുക.

# സ്ത്രീകളും സാമൂഹ്യസാമ്പത്തിക പദവിയും

കുടുംബ ജീവിതം നിലനില്കുന്ന രാജ്യമാണ് നമ്മുടേത്. നൂറ്റാണ്ടുകളുടെ പിന്തുടർച്ച ഇതിന്റെ പിന്നിൽ കാണാം. ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ ഈ രംഗം തകർച്ചയുടെ വക്കിലാണ്. ആ മാറ്റം ഇവിടേയും ബാധിക്കുന്നതാണ്.

ഈശ്വരസങ്കല്പത്തിൽ വനിതകൾക്കു സ്ഥാനമുണ്ട്. വിദ്യയുടെ ദേവത പോലും സ്ത്രീയാണ്. സരസ്വതി ദേവി. കന്യാമറിയവും നമുക്കു ദൈവം തന്നെ- സ്ത്രീ ശക്തിയാണെന്നും ഒരു ചൊല്ലുണ്ട്. വീടിന്റെ വിളക്ക് കുടുംബിനിയാണെന്നും നാം പറയാറുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും നമ്മുടെ വികസനപ്രക്രിയയിൽ അനുഭവപ്പെടുന്ന ദൗർബല്യങ്ങളിൽ ഒന്ന് സ്ത്രീകൾ അവഗണിക്കപ്പെടുന്നു എന്നുള്ളതാണ്. ഇതു ശരിയോ? വിശദമായ പഠനം അവശ്യമാണ്. മിക്ക പഞ്ചായത്തുകളിലും സ്ത്രീകളുടെ എണ്ണമാണ് കൂടിനിൽക്കുന്നത്. പക്ഷെ, ഈ ബഞ്ചായത്തിൽ എണ്ണത്തിൽ പുരുഷന്മാരാണ് കൂടുതൽ. പൊതുസ്ഥിതിയിൽ നിന്നുംമുള്ള ഈ വ്യത്യാസം എങ്ങനെ സംഭവിച്ചു? ശാസ്ത്രീയമായ ഒരു കാരണം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

വിദ്യാഭ്യാസപരമായി സ്ത്രീകളുടെ നില പിന്നോക്കമാണ്. പത്താംക്ലാസ്സുവരെ പക്ഷെ, നമ്മുടെ പ്രദേശത്ത് എല്ലാ പെൺകുട്ടികളെയും രക്ഷകർത്താക്കൾ ആൺകുട്ടികളെപ്പോലെതന്നെ പഠിക്കാൻ അയക്കുന്നുണ്ട്. നേരത്തെ വിവാഹം നടക്കുന്നത് പെൺകുട്ടികൾക്കാണ്. തന്നെയുമല്ല, പെൺകുട്ടികളെ വിവാഹം ചെയ്തു പറഞ്ഞയക്കാനുള്ളതായതിനാൽ സ്വാർത്ഥരായ മാതാപിതാക്കൾ അവർക്കുവേണ്ടി കൂടുതൽ ശ്രദ്ധയ്ക്കൊ മുതൽമുടക്കിനോ തയ്യാറെടുക്കാറുമില്ല.

ഇപ്പോൾ ആനില കുറെയെല്ലാം മാറി പഠിപ്പും ജോലിയുമുള്ള പെൺകുട്ടികളെ വിവാഹക്കമ്പോളത്തിൽ വിറ്റഴിക്കാൻ പ്രയാസമില്ലാത്തതിനാൽ വിദ്യാഭ്യാസപരമായി മെച്ചപ്പെടുത്താൻ രക്ഷിതാക്കൾ ശ്രദ്ധിച്ചു തുടങ്ങി. എന്നാൽ ജീവിതകാലം മുഴുവൻ സ്ത്രീകളെ അന്തർജ്ജനങ്ങളായി നിലനിർത്തുന്ന മതവിശ്വാസവും ചിലർ പുലർത്തുന്നുണ്ട്.

ആരോഗ്യപരമായി സ്ത്രീകൾ എന്നും പിൻനിരയിൽത്തന്നെ. പ്രസവം, കുടുംബഭാരം മുതലായവകൊണ്ടും പുരുഷന്മാരുടെ ശ്രദ്ധക്കുറവുകൊണ്ടും പരാശ്രയജീവിതം നയിക്കുന്നതുംകൊണ്ടുമാണ് ഇത്. ആശുപത്രികളിലും മറ്റും ചികിത്സയ്ക്കായി സ്ത്രീകളെയാണ് കൂടുതലും കണ്ടുവരുന്നത്.

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തനിരക്കും പുരുഷന്മാരേക്കാൾ കുറവാണ്. കൂലിനിരക്കിലുള്ള വ്യത്യാസവും വീട്ടവീഴ്ചക്കു സൗകര്യമില്ലാത്തതിനാലുമാണ് പങ്കാളിത്തക്കുരവ് വരുന്നത്. തൊഴിൽ ദായകർക്ക് സ്ത്രീ തൊഴിലാളികൾ പുരുഷന്മാരേക്കാൾ ലാഭം കുറഞ്ഞവരാണെന്നുള്ള കാഴ്ചപ്പാടും വച്ചുപുലർത്തുന്നുണ്ട്.

ജീവിതത്തിലെ അകൽച്ച സ്ത്രീകളുടെ മേൽ പുരുഷന്മാർക്കും പുരുഷന്മാരുടെ മേൽ സ്ത്രീകൾക്കും ഒട്ടേറെ കോംപ്ലക്സുകൾ വളരാൻ സഹായിച്ചിട്ടുണ്ട്. ഇതു ഏറെ ദോഷകരമായി ബാധിക്കുന്നത് സ്ത്രീകളെയാണ്. അവരുടെ നോട്ടവും നടപ്പും സ്വതന്ത്രമായ പെരുമാറ്റവും മറ്റും അനേകം തെറ്റിദ്ധാരണകൾക്കും അപവാദപ്രചരണങ്ങൾക്കും വേണ്ടി പുരുഷന്മാരെ ഈ കോംപ്ലക്സ് തെറ്റായി നയിക്കുന്നു. ഇതിനു പരിഹാരം സ്വതന്ത്രമായ ഇടപെടലുകൾ തന്നെയാണ്. സ്ത്രീപുരുഷഭേദമില്ലാത്ത സാമൂഹ്യാന്തരീക്ഷം വളർത്തലാണ്.

വിദ്യാഭ്യാസമുണ്ടായിട്ടും കുട്ടികളുടെ എണ്ണം കുറഞ്ഞിട്ടും വരുമാനമുണ്ടാക്കുന്ന പണികളിലേർപ്പെടുന്ന

സ്ത്രീകളുടെ എണ്ണം വളരെകുറവാണ്. കുടുംബാന്തരീക്ഷത്തിന്റെ പ്രത്യേകതകൾ ഒരു പക്ഷെ തൊഴിൽതേടാൻവിടാത്തതാവാം ഇതിന്റെ കാരണം. സ്ത്രീകളുടെ സാമൂഹ്യപദവി ഉയരണമെങ്കിൽ അവർക്ക് മേത്തരം ഉദ്യോഗങ്ങൾ ലഭ്യമായിരിക്കണം. ഭരണരംഗങ്ങളിലേക്കു കടന്നു വരണം. 33 ശതമാനം സംവരണമേർപ്പെടുത്തിക്കൊണ്ട് പൊതുരംഗത്തേക്കും ഭരണരംഗത്തേക്കും സ്ത്രീകളെ അകർഷിക്കുന്നതിനുള്ള ഏർപ്പാടുകൾ നിലവിൽ വന്നിട്ടുണ്ട്. അത്രയും നന്ന്. ഉദ്യോഗകാര്യങ്ങളിൽ സ്ത്രീകൾക്കു മാത്രം സംവരണമേർപ്പെത്തിയാൽ ആ രംഗം കുടുതൽ ചലനാത്മകമാക്കാം. അതുക്രമേണ സാമൂഹ്യ പദവി ഉയർത്താനും പുരുഷനൊപ്പംസ്ത്രീക്ക് സ്ഥാന ം ലഭിക്കുന്നതിനും ഇടവരുത്തും.

ഇതു ഭാവിയിൽ ചെയ്യേണ്ടതായ കാര്യം. പക്ഷെ ഇന്നത്തെ സ്ഥിതിയൊ? ഇന്നു സ്ത്രീകളുടെ ഇടയിൽതൊഴിലില്ലായ്മ രൂക്ഷമായ ഒരു പ്രതിസന്ധിയാണ്. ഒരേ തൊഴിലിന് പുരുഷന്മാരുടെ ഒപ്പം സ്ത്രീകൾക്കും തുല്യവേതനം കിട്ടുന്നില്ല. ചാരായനിരോധനം കൊണ്ട് ഒരു പരിധിവരെ സ്ത്രീകൾക്ക് ശാരീരികപീഢനം ഒഴിവായിക്കിട്ടിയിട്ടുണ്ട്. എന്നിരുന്നാലും വ്യാജമദ്യവും മറ്റു മദ്യങ്ങളും നിലവിലുള്ളതുകൊണ്ട് സ്ത്രീപീഢനം അളവിൽ കുറഞ്ഞിട്ടില്ല. സ്ത്രീകൾക്ക് പിതൃസ്വത്തിൽ തുല്യഅവകാശനിയമം നിലവിൽ ഉണ്ടെങ്കിലും പ്രാബല്യത്തിൽ വന്നിട്ടില്ല. ഈ പഞ്ചായത്തിൽ വിവിധ സർക്കാർ ഓഫീസുകളിലും അർദ്ധസർക്കാർ സ്ഥാപനങ്ങളിലും ജോലിചെയ്യുന്ന കുറഞ്ഞവരുമാനക്കാരായ മഹിളാ ജോലിക്കാർക്ക് മിതമായതോതിൽ താമസസൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് അവർക്കു മാത്രമായി ഹോസ്റ്റൽ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കണം.സ്ത്രീതൊഴിലാളിൾക്ക് തൊഴിലെടുക്കുന്ന സമയത്ത് അവരുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിന് ഡേ.കെയർ കേന്ദ്രങ്ങൾ ആവശ്യമാണ്. ഈ പഞ്ചായത്തിൽ സ്ത്രീകളെ സംബന്ധിച്ചിടത്തോളം രൂക്ഷമായ ഒരു പ്രതിസന്ധിയാണ് കുടിവെള്ളം. ജീവിത സായാഹ്നത്തിലെത്തിയ അശരണരായ വനിതകൾക്ക് ഒരു അഗതി മന്ദിരം ഈ പഞ്ചായത്തിൽ ഇല്ല. ഈ പഞ്ചായത്തിൽ മഹിളാ സമാജങ്ങളുടെ പ്രവർത്തനം വിരളമായതുകോണ്ട് സ്ത്രീകളുടെ ഇടയിൽ ബോധവത്കരണം നടക്കുന്നില്ല.

പ്രശ്നപരിഹാരത്തിനായി പാമ്പാക്കുട പഞ്ചായത്തിലെ എല്ലാ വാർഡിലും ഓരോ വനിതാ വ്യവസായ യൂണിറ്റ് സ്ഥാപിക്കുക. അതുപോലെ എല്ലാ വാർഡിലും വനിതകളുടെ ഉന്നമനത്തിന് തയ്യൽ പരിശീലന സ്ഥാപനങ്ങൾ ആരംഭിക്കുക. വാർദ്ധ്യക്യം കൊണ്ടും ശാരീരിക ഗൗർബല്യം കൊണ്ടും അശരണായ സ്ത്രീകൾക്ക് താമസിക്കുന്നതിനുള്ള ഒരു അഗതിമന്ദിരം ഈ പഞ്ചായത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. സ്ത്രീകളെ സംബന്ധിക്കുന്ന വിഷമപ്രശ്നങ്ങളിൽ നിന്നുമുള്ള മോചനത്തിന് സഹായിക്കുന്ന ഒരു പ്രധാനഘടകമാണ് സംമ്പൂർണ്ണ മദ്യനിരോധനം.

ഒരേ തൊഴിലിന് പുരുഷന്മാർക്കൊപ്പം സ്ത്രീകൾക്കും തുല്യവേതനം ലഭിക്കണം. തൊഴിൽ രഹിതരായ വനിതകൾക്ക് സൗജന്യമായി തയ്യൽ മെഷീൻ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. വനിതാ ചെറുകിട യൂണിറ്റുകൾ എല്ലാ വാർഡിലും ഒവശ്യമാണ്. പാമ്പാക്കുടയിലും അഞ്ചൽപെട്ടിയിലും വനിതകൾക്കായി ഓരോ മൂത്രപുര സ്ഥാപിക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുക. ഈ പഞ്ചായത്തിലെ എല്ലാ വാർഡിലും ഓരോ മിഡ് വൈഫറി സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുക. ഈ പഞ്ചായത്തിലെ എല്ലാ വാർലും കുടുവെള്ളപ്രശ്നം പരിഹരിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുക. DWCRA യൂണിറ്റുകൾ വിപുലീകരിക്കുക.

സ്ത്രീകളെ ഇന്ന് സമൂഹം ഒരു ഉപഭോഗ വസ്തുവായി കണ്ട് അവരുടെ വിലയിടിച്ചുകളഞ്ഞുകൊണ്ടിരിക്കുകയാണ്. ഇത് അനുവദിച്ചുകൂടാ. സിനിമയിലും സൗന്ദര്യമത്സരത്തിലും പോസ്റ്റർ പരസ്യങ്ങളിലുമൊക്കെ സ്ത്രീകളുടെ ഓരോ ഇഞ്ചു ശരീരവും കച്ചവടസാദ്ധ്യതയുള്ള ഉപഭോഗത്തിനുമായി ഉപയോഗപ്പെടുത്തുവാൻ ശക്തിയായി ശ്രമിച്ചുവരുന്ന കാലയളവിലാണ് നമ്മൾ ജീവിക്കുന്നത്. ഇതിനെ നഖശിഖാന്തം ചെറുത്തുതോല്പിക്കേണ്ടത് കടമയാകുന്നു.

മഹിളാ സമാജങ്ങൾ വാർഡുതോറും രൂപീകരിച്ച് ബോധവത്കരണ കേന്ദ്രങ്ങൾ തുറക്കുക ഒരു നല്ല പരിഹാര നടപടിയായിരിക്കും. പോഷകാഹാരം, പ്രതിരോധ ചികിത്സാ സമ്പ്രദായം എന്നിവക്കും ഇങ്ങനെയുള്ള സമാജങ്ങളും ബാലവാടികളും സ്ഥിരം സംവിധാനങ്ങളായി മാറ്റാവുന്നതാണ്. സാമൂഹ്യക്ഷേമവകുപ്പിന്റെ നേതൃത്വത്തിലുള്ള വിവിധയിനം സഹായപദ്ധതികളെപ്പറ്റിയും ഈ കേന്ദ്രങ്ങളിൽ നിന്ന് വിവരം നൽകാനാവും. ഇത് അഴിമതിയേയും ഇടത്തട്ടകാരുടെ ചൂഷണത്തേയും ഒരു പരിധയോളം കുറയ്ക്കാം.

ഗ്രാമീണ ബാങ്കിംഗ് മാതൃകയിൽ സ്വയം തൊഴിൽ സംരംഭങ്ങൾക്കും ഈ കേന്ദ്രങ്ങളെ വനിതകൾക്ക് മാറ്റിയെടുക്കാവുന്നതാണ്. വനിതാ ശിശു ആരോഗ്യമേഖലക്ക് മുന്തിയ പരിഗണന ലഭിച്ചേ മതിയാകു. ശിശു പരിചരണത്തിന് പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനുമുള്ള ബാലവാടികൾ, പോഷകാഹാരവിതരണകേന്ദ്രങ്ങൾ, സമഗ്ര മാതൃശിശുസംരക്ഷണ കേന്ദ്രങ്ങൾ - കുഞ്ഞുങ്ങൾ - ഗർഭിണികൾ - മുലയൂട്ടുന്ന അമ്മമാർ എന്നിവർക്കുവേണ്ടി ഓരോ വാർഡിലും ആരംഭിക്കേണ്ടതുണ്ട്. ഓരോ വാർഡിലും മഹിളാസമാജങ്ങൾ രൂപീകരിക്കാൻ ബന്ധപ്പെട്ട സ്ഥലങ്ങളിലെ വനിതകൾ മുന്നോട്ടുവരണം. വികസന ബ്ലോക്കിന്റെ മാർഗ്ഗദർശനം ഈ കാര്യത്തിൽ ലഭ്യമാണ്. പോഷണം, പ്രതിരോധചികിത്സാ, സമ്പാദ്യശീലം, കുടുംബസംവിധാനം, സ്വയം തൊഴിൽ പ്രവർത്തനം തുടങ്ങി സ്ത്രീകളുടെ

പദവി സമൂഹത്തിലുയർത്തുന്നതിനും വനിതാ പീഢനങ്ങളെ സംഘടിതമായി ചെറുക്കുന്നതിനും പോംവഴി കണ്ടെത്തുന്നതിനും വികസനപദ്ധതികളെ സംബന്ധിച്ചുള്ള ബോധവത്കരണം നടത്തുന്നതിനും വനവത്കരണത്തിന്റെ ഭാഗമായി കമ്യൂണിറ്റി നഴ്സറികൾ തയ്യാറാക്കുന്നതിനും ഒക്കെ ഉപകാരപ്പെടുന്നതാണ് വനിതാ സമാജങ്ങൾ എന്നു കാണാൻ നമ്മുടെ മഹിളകൾക്കു സാധിക്കുമല്ലൊ? ഇല്ലെങ്കിൽ സാധിക്കണം.

# സാമൂഹ്യക്ഷേമം

ദരിദ്രജനവിഭാഗങ്ങളെയാണ് നാം രക്ഷിക്കേണ്ടതും സഹായിക്കേണ്ടതും. ആ വിഭാഗത്തിന്റെ ക്ഷേമം തന്നെ യഥാർത്ഥസാമൂഹ്യക്ഷേമവും.

ദാരിദ്രരേഖക്ക് താഴെയുള്ള ഗ്രാമീണ കുടുംബങ്ങളെ കണ്ടെത്താനുള്ള സർവ്വെ പഞ്ചായത്തിൽ നടന്നിട്ടുണ്ട്. 1992 ലാണ് ആദ്യത്തെ സർവ്വെ നടന്നത്. 1995 ൽ ആ ലിസ്റ്റു പുതുക്കി കാലോചിതമാക്കിയിട്ടുണ്ട്. വീടുവീടാന്തരം കയറിയിറങ്ങി ഈ സർവ്വെ നടത്തിയത് ഈ പഞ്ചായത്തിന്റെ കാര്യങ്ങൾക്കുള്ള രണ്ടു വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറന്മാരാണ്.

ജില്ലാ ഗ്രാമവികസന ഏജൻസിയാണ് (DRDA) ഇതിന്റെയെല്ലാം മുഖ്യചുമതലക്കാർ.വികസന ബ്ലോക്കുകൾ വഴിയാണ് അവർ പ്രവർത്തിക്കുന്നത്. കളക്ടറും കീഴിൽ പ്ലാനിംഗ് ഓഫീസറുമാണ് നേതൃനിരയിലിരുന്ന് ഈ ഏജൻസിയുടെ ചുക്കാൻ പിടിക്കുന്ന ഉദ്യോഗസ്ഥർ.

കുടുംബവരുമാനമാണ് ദാരിദ്രരേഖനിർണയിക്കുനന്നതിൽ അടിസ്ഥാനമാക്കിയിരിക്കുന്നത്. വർഷം 11000 രൂപയിൽ താഴെ വരുമാനമുള്ള കുടുംബങ്ങളെയെല്ലാം ദാരിദ്രരേഖക്ക് താഴെപ്പെടുത്തിയിരിക്കുന്നു. ഇതിൽപ്പെട്ടവർക്ക് അനുയോജ്യവും വരുമാനദായകവുമായ ചെറുപദ്ധതികൾക്ക് ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പയും ഗവൺമെന്റിൽ നിന്ന് സബ്സിഡിയും ലഭ്യമാക്കുകയാണ് ഗ്രാമവികസനവകുപ്പുകളുടെ പ്രവർത്തന ലക്ഷ്യം.

ഇതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള പദ്ധതിക്കാണ് I.R.D.P. അഥവാ സംയോജിത ഗ്രാമവികസന പരിപാടി എന്ന് അറിയപ്പെടുന്ന പദ്ധതി. ഈ പദ്ധതിയിൽപ്പെട്ടതാണ് ദാരിദ്രരേഖാ സർവ്വെ. അത്തരം സർവ്വെ ലിസ്റ്റ് ബ്ലോക്കോഫീസിലും വി.ഇ.ഒ. (ഗ്രാമസേവകൻ) ഓഫീസിലും സൂക്ഷിച്ചിരിക്കുന്നു.

ഈ പഞ്ചായത്തിൽ 4000ത്തിൽപരം വീടുകളാണുള്ളത്. ദാരിദ്രരേഖക്ക് താഴെ 1900 വരും. ലഭ്യമായ ഫണ്ടിന്റെ തോത് അനുസരിച്ചാണ് IRDP കുടുംബസഹായമെത്തിക്കുക. ഇതിന് സർവ്വെ ലിസ്റ്റിൽ നിന്നും അന്തോദായ സമീപനപ്രകാരം ഗുണഭോക്താക്കളെ ഉദ്യോഗസ്ഥന്മാർ നിശ്ചയിക്കുന്നു.

ഈ ലിസ്റ്റ് പഞ്ചായത്തു സമിതിയുടെ അംഗീകാരം വാങ്ങിച്ച് അവർക്ക് സഹായങ്ങൾ നൽകുന്നു. ഗുണഭോക്താക്കളിൽ 50% പേർ പട്ടികജാതി പട്ടികവർഗ്ഗത്തിൽ നിന്ന് വേണം. 40% പേർ സ്ത്രീ വിഭാഗത്തിൽ നിന്നും 3% വികലാംഗരുടെ കൂട്ടത്തിൽ നിന്നുമായിരിക്കണം. ഇത് IRDP യുടെ മാർഗ്ഗനിർദ്ദേശമാണ്.

പെട്ടിക കട നടത്തുക, പശുവിനെ വാങ്ങുക തുടങ്ങിയ ചെറുകിട തൊഴിൽ ദാന പദ്ധതിക്കായി 80ൽ താഴെ ഗുണഭോക്താക്കളെയാണ് തന്നാണ്ട് പദ്ധതിയിൽപ്പെടുത്തി സഹായിച്ചത്. വായ്പ ലഘു തവണകാളായി 1 മുതൽ 5 വർഷംകൊണ്ട് അടച്ചു തീർത്താൽ മതി. പലിശ 12% .

IRDP യുടെ മറ്റൊരു സഹായപദ്ധതിയാണ് കുടുംബവായ്പാ പദ്ധതി. 15000 രൂപ മുതൽ 30000 രൂപ വരെ ഓരോ കുടുംബത്തിനും മുതൽ മുടക്കുവാനുള്ള പദ്ധതിയാണിത്. ഈ പഞ്ചായത്തിൽ വളരെ വിരളമായ കുടുംബങ്ങൾക്കെ ഈ പദ്ധതിപ്രകാരം സഹായം കിട്ടിയിട്ടുള്ളു.

### സൗജന്യ ഇൻഷ്വറൻസ്

ഈ പദ്ധതിയിൻ കീഴിൽ സഹായം ലഭിക്കുന്ന ഗുണഭോക്താക്കൾക്ക് 5 വർഷക്കാലത്തേക്ക് ഗവൺമെന്റ് ചിലവിൽ ഇൻഷ്വർ ചെയ്യുന്ന ഒരു പദ്ധതിയാണിത്. ഇവിടെ ഈ സഹായം കിട്ടിയിട്ടുള്ള ആരേയും പറ്റി പഞ്ചായത്തിനറിഞ്ഞുകൂടാ.

## ട്രൈസം

ദാരിദ്രരേഖക്ക് താഴെയുള്ള കുടുംബങ്ങളിലെ 18നും 35നും മദ്ധ്യേ പ്രായമുള്ള യുവതീയുവാക്കൾക്ക് തൊഴിൽ ലഭിക്കാനോ സ്വയം തൊഴിലിൽ ഏർപ്പെടാനെ വേണ്ട പരിശീലിനമാണ് ഈ പദ്ധതിയിലൂടെ നടത്തുന്നത്. 200 മുതൽ 500 രൂപ വരെ പ്രതിമാസം സ്റ്റൈപ്പന്റ് ലഭിക്കുന്നു. സ്ഥാപനത്തിന് 190 രൂപ മുതൽ 300 രൂപ വരെ എന്ന കണക്കിന് പ്രതിഫലവും നൽകുന്നു.

വേണ്ടത്ര പ്രചാരം കിട്ടാതെ ഈ പദ്ധതി ഇന്ന് ജനശ്രദ്ധയിൽ നിന്ന് വിസ്മൃതവും പ്രയോജനരഹിതവുമായിട്ടാണ് ഈ പഞ്ചായത്തിലെ സ്ഥിതി.

## ഗ്രാമീണ വനിത ശിശു വികസന പരിപാടി (DWCRA)

IRDP ലിസ്റ്റിലുള്ള ഗ്രാമീണ കുടുംബങ്ങളിലെ വനിതകളുടെ കൂട്ടായ തൊഴിൽ സംരഭകർക്ക് പ്രോത്സാഹനം നൽകുന്ന പരിപാടിയാണിത്. ഇതിനായി വനിതാ സംഘങ്ങൾ രൂപം കൊള്ളണം. 10 മുതൽ 15 വരെ വനിതകൾ ഓരോ സംഘത്തിലും ഉണ്ടായിരിക്കും. ഇവർക്ക് ആവശ്യമായ പരിശീലനം ട്രൈസം പദ്ധതിയിൻ കീഴിൽ നൽകുന്നു.

വായ്പയും സബ്സിഡിയുമാണ് സംഘങ്ങൾക്ക് തരമാവുക. കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഇപ്പോൾ 25000 രൂപ വരെ പലിശയില്ലാത്ത റിവോൾവിംഗ് ഫണ്ട് നൽകുന്നു. ഈഫണ്ടിൽ നിന്ന് സംഘം കൺവീനർമാർക്ക് പ്രതിഫലവും യാത്രാബത്തയും എടുക്കാം. ഈ പഞ്ചായത്തിൽ അഞ്ചോളം സംഘങ്ങൾക്ക് ഇന്ന് ഈ സഹായം കിട്ടിയവരായുണ്ട്. JRY എന്ന പേരിലുള്ള പദ്ധതി തൊഴിൽ രഹിതരായ ദരിദ്രർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ളതാണ്. ബ്ലോക്ക് പഞ്ചായത്തുകൾ സംയുക്തമായി തന്നാണ്ട് 5.5 ലക്ഷത്തിന്റെ വികസനപരിപാടികൾ നടത്തിയിട്ടുണ്ട്.

## ഇന്ദിരാവികാസ് യോജന (IVY)

IRDPയിൽപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും ഇതര സമുദായത്തിൽപ്പെട്ടവർക്കും വേണ്ടിയുള്ള സൗജന്യ ഭവന നിർമ്മാണ പദ്ധതിയാണിത്. ഗുണഭോക്താക്കൾക്ക് 2 സെന്റ് ഭൂമിയെങ്കിലും സ്വന്താമായിട്ടുണ്ടായിരിക്കണം. മൊത്തം വിഹിതത്തിന്റെ 40%ത്തിൽ കവിയാത്ത തുകയെ ഇതരസമുദായത്തിൽപ്പെട്ടവർക്ക് ലഭിക്കുകയുള്ളു.

ബ്ലോക്ക് പഞ്ചായത്തിന്റെ ഒരു പരിപാടിയാണിത്. ഗ്രാമപഞ്ചയത്തിലേക്കാണ് ഇതിന്റെ ചുമതല യഥാർത്ഥത്തിൽ ചെന്നെത്തേണ്ടത്. അതിനുള്ള നടപടികൾ സർക്കാർ തലത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. 15800 രൂപയാണ് സഹായധനമായി ഗുണഭോക്താവിന് ലഭിക്കുന്നത്. ഇന്ന് ഒരു വീടിന്റെ രൂപത്തിൽ എന്തെങ്കിലും ഒന്ന് ഉണ്ടാക്കണമെങ്കിൽ 30000 രൂപയെങ്കിലും ഇല്ലെങ്കിൽ നടക്കില്ല. ഈ സാഹചര്യത്തിൽ സൗജന്യസഹായധനം 30000 രൂപയായി വർദ്ധിപ്പിക്കേണ്ടത് കേവലമര്യാദമാത്രമാകുന്നു.

## ദശലക്ഷം കിണർ പദ്ധതി (MWS)

ജവഹർതൊഴിൽദാനപദ്ധതിക്കായി ലഭിക്കുന്ന മൊത്തം വിഹിതത്തിന്റെ ഒരു ഭാഗമാണ് ദശലക്ഷം കിണർ പദ്ധതിക്ക് ഉപയോഗിക്കുന്നത്. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരും IRDP ലിസ്റ്റിലുള്ളവരുമായവരുമാണ് പ്രധാന ഗുണഭോക്താക്കൾ. മറ്റു സമുദായത്തിൽപ്പെട്ടവരും ചെറുകിട നാമമാത്ര കർഷകർക്കും ഈ പദ്ധതിയിൽ നിന്ന് സഹായത്തിനർഹതയുണ്ട്.

ഗുണഭോക്താവിനെ ഭക്ഷ്യവിളകളോ നാണ്യവിളകളോ പച്ചക്കറികളോ കൃഷിചെയ്യാനുള്ള ഭൂമിയുണ്ടായിരിക്കണം. കിണറുകൾ ടാങ്കുകൾ കനാലുകൾ മുതലായവ നിർമ്മിക്കാം. അസിസ്റ്റന്റ് എഞ്ചിനിയർ അംഗീകരിച്ച ഒരു എസ്റ്റിമേറ്റുണ്ടായിരിക്കണം. സ്റ്റേജുവാലുവേഷൻ തയ്യാറാക്കേണ്ടതും എഞ്ചിനിയർതന്നെ.

സ്റ്റേജ് സർട്ടിഫിക്കറ്റുകൾ നൽകാൻ ജനപ്രതിനിധികൾക്ക് അധികാരം കൊടുക്കണം. ആവശ്യമായ നിബന്ധനകൾ അടങ്ങിയ ഫോറങ്ങൾ പൂരിപ്പിച്ചാൽ സ്റ്റേജ് സർട്ടിഫിക്കറ്റ് രൂപം കൊള്ളുന്ന വിധം അറേഞ്ച് ചെയ്താൽ സാങ്കേതിക ജ്ഞാനത്തിന്റെ ആവശ്യം വരികയില്ലാ.

## കേന്ദ്ര ഗ്രാമീണ ശുചിത്വ പരിപാടി (CRSP)

കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ സംയുക്തമായി നടപ്പാക്കുന്ന ഈ പദ്ധതി കക്കൂസ് നിർമ്മിക്കാനുള്ള സഹായമാണ് ലഭ്യമാക്കുന്നത്. ആകെ ഫണ്ടിന്റെ 24% പട്ടികജാതിക്കാർക്കും 6% പട്ടികവർഗ്ഗക്കാർക്കും. ഗുണഭോക്താക്കൾക്ക് 2000 രൂപയാണ് ധനസഹായമെത്തിക്കുക. 500 രൂപ ഗുണഭോക്താവിന്റെ വിഹിതം.

4000 രൂപ മുടക്കിയാൽപോലും സ്ലാബിട്ട് കുഴി മൂടി ക്ലോസറ്റ് പിടിപ്പിച്ച് കല്ലിന് ഭിത്തികെട്ടി മറച്ച് മേലെചുടിയ ഒരു കക്കൂസുണ്ടാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ തുക വർദ്ധിപ്പിക്കേണ്ടത് എത്രയും വേഗമായിരിക്കണം. മാത്രമല്ല പഞ്ചായത്തുതലത്തിൽ ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ കൃത്യമായി എത്തിനോക്കിയിട്ടില്ല.

സാമൂഹ്യക്ഷേമ വികസനവകുപ്പിന്റെയും മറ്റു വകുപ്പുകളുടെയും നേതൃത്വത്തിൽ നിലവിലുള്ള വിവിധ പെൻഷൻ പദ്ധതിയെ പറ്റിയാണ് ഇനി വിലയിരുത്തേണ്ടത്. വിധവാ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, മിശ്രിതവിവാഹത്തിനുള്ള ധനസഹായം, അവശകലാകാരന്മാർക്കുള്ള പെൻഷൻ, തൊഴിലില്ലായ്മ വേതനം മുതലായവ നിലവിലുണ്ട്. ഗുണഭോക്താക്കൾക്ക് ആ പെൻഷനുകൾ മുടങ്ങാതെ കൊടുക്കാൻ സർക്കാരിന് സാധിക്കുന്നില്ല. അങ്ങനെ ഒരു കാരണവശാലും സംഭവിച്ചുകൂടാ. കാരണം മറ്റെല്ലാ സഹായമാർഗ്ഗങ്ങളും ആവശ്യമായവരാണല്ലോ. തൊഴിലില്ലായ്മ വേതനക്കാര് ഒഴിച്ചു മറ്റുള്ളവരെല്ലാം.

പെൻഷനും വേതനവും അനർഹരായവർക്കു ലഭിക്കുന്നുണ്ട്. അവർ ആരൊക്കെയാണെന്ന് കണ്ടുപിടിച്ച് തട്ടിയെടുക്കുന്ന ആനുകൂല്യങ്ങൾ ഗവൺമെന്റ് തലത്തിൽ നിർത്തലാക്കണം. തൊഴിലില്ലാത്തവർക്ക് വേതനം കൊടുക്കുമ്പോൾ ആ തുകക്ക് ഉചിതമായ തൊഴിലുകൾ ചെയ്യിച്ചശേഷമെ കൊടുക്കാവു. റൊട്ടിവേണമെങ്കിൽ ജോലി ചെയ്യണം.

വികസന മേഖലകളിൽ ജനപങ്കാളിത്തവും സൗജന്യമനുഷ്യ ശക്തിയുമൊക്കെ പ്രതീക്ഷിച്ചുകൊണ്ടുള്ള ഒരു കാഴ്ചപ്പാടാണല്ലോ 9- ാം പദ്ധതിക്കുള്ളത്. പൊതുമാനദണ്ഡത്തിന് രൂപം നൽകി വേതനം ലഭിക്കുന്നവരെ ടി. ആവശ്യത്തിന് ഉപയോഗക്കുന്ന സ്ഥിതിയിലേക്ക് നാം നീങ്ങാതെ രക്ഷയില്ല.

ബാലവാടികൾ, അംഗനവാടികൾ, പൊതു മൈതാനങ്ങൾ, കമ്മ്യൂണിറ്റി ഹാളുകൾ മുതലായവ ആവശ്യാനുസരണം ഓരോ വാർഡിലും വേണ്ടതാണ്. കാലതാമസം ഒഴിവാക്കാൻ എല്ലാവിധ ധനസഹായ പദ്ധികളുടെയും ചുമതല ഗ്രാമപഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കേണ്ടതാണ്.

സമൂഹത്തിന്റെ കലാകായികാഭിരുചികൾക്ക് വളർച്ചകിട്ടാൻ ഓണം സ്പോർട്ട്സ് ഫെസ്റ്റിവൽ, കേരളോത്സവം മുതലായവ ഏർപ്പെടുത്തിയുട്ടുണ്ടെങ്കിലും ഇന്ന് അത് വെറും വഴിപാടായി ഭരണാധികാരികൾ മാറ്റിയിരിക്കുകയാണ്.

ആചരണത്തിന് നിശ്ചയിച്ച തീയതി കഴിഞ്ഞ് ആചരിക്കാനുള്ള ഗവൺമെന്റ് ഉത്തരവുകൾ വരുന്നു. പിന്നെ കാര്യങ്ങൾ എങ്ങനെ നടക്കും. പഞ്ചായത്തുതോറും കുറഞ്ഞത് ഒരു വൃദ്ധസദനവും ഒരു പൊതു ശ്മശാനവും ഉണ്ടായിരിക്കണം. വികലാംഗർക്ക് യാത്രാവേളയിലും തൊഴിൽദാനരംഗത്തും മറ്റും നൽകിവരുന്ന ആനുകൂല്യങ്ങൾ പതിന്മടങ്ങ് വർദ്ധിപപ്പിക്കണം

സാമൂഹ്യക്ഷേമവകുപ്പുവഴി നടപ്പാക്കുന്ന സഹായപദ്ധതിപ്രകാരം ഗുണം ലഭിച്ചവരുടെ സ്ഥിതി വിവരം പഞ്ചായത്തിനെ യഥാസമയങ്ങളിൽ അറിയിക്കണം.

**താഴെപ്പറയുന്നവയാണ് സഹായപദ്ധതികൾ**

1. വികലാംഗർക്കുള്ള യാത്രാബത്ത
2. വികലാംഗവിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (കേന്ദ്രം - സംസ്ഥാനം)
3. ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുള്ള കുട്ടികൾക്കുള്ള സ്കോളർഷിപ്പ്.
4. തൊഴിൽ പരിശീലനത്തിനുള്ള കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പ്.
5. വികലാംഗ സംരക്ഷണത്തിന് ഭവനങ്ങൾക്കുള്ള സ്കോളർഷിപ്പ്
6. പിന്നോക്കക്കാരല്ലാത്തവരായ മിശ്രവിവാഹിതർക്കുള്ള ധനസഹായ പദ്ധതി
7. വികലാംഗർക്കാവശ്യമായ പ്രത്യേകോപകരണങ്ങൾക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതി.

സാമൂഹ്യക്ഷേമവകുപ്പിന്റെയും പട്ടികജാതി പട്ടികവർഗ്ഗക്ഷേമോദ്ധാരണ വകുപ്പിന്റെയും പ്രവർത്തനങ്ങൾ പഞ്ചായത്തു തലത്തിൽ ഇനിയും ഇവിടെ വേണ്ടവണ്ണം എത്തിയിട്ടില്ല.

# സഹകരണമേഖല

ഈ പഞ്ചായത്തിൽ സഹകരണമേഖല ആവശ്യത്തിന് വികസിച്ചിട്ടില്ല. ഇതിന്റെ കാരണം ലക്ഷ്യബോധത്തോടെയുള്ള പ്രവർത്തനം നടക്കാത്തതാണ്. താല്പര്യമെടുത്ത് പ്രവർത്തിക്കാൻ ആളുകളുണ്ടെങ്കിൽ സ്ഥിതിമെച്ചപ്പെടുത്താവുന്നതാണ്.

ഏറ്റവും കൂടുതൽ സഹകരണ സംഘങ്ങൾ ഉയർന്നു വന്നിട്ടുള്ളത് തൊട്ടടുത്ത ഒന്നര പതിറ്റാണ്ടിനിടയിലാണ്. ഡിപ്പാർട്ടുമെന്റിന്റെ കേവലപരിപാടിയെന്നുള്ള നിലയിൽ ഈ മേഖലയോട് പൂർവ്വകാലത്തുജനങ്ങൾക്ക് ആഭിമുഖ്യവും കുറഞ്ഞിട്ടുണ്ട്. ഇന്ന് ജനങ്ങൾക്കിടയിൽ സഹകരണപ്രസ്ഥാനത്തോട് താല്പര്യം ഏറിക്കൊണ്ടിരിക്കുന്നു.

നല്ലരീതിയിൽ പ്രവർത്തിക്കുന്ന രണ്ട് സഹകരണസ്ഥാപനങ്ങളാണ് പാമ്പാക്കുട സർവ്വീസ് സഹകരണ ബാങ്കും, ഗവർമെന്റ് സെർവന്റ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും. സഹകരണ ബാങ്ക് രജിസ്റ്റർ ചെയ്ത വർഷം 1955 ആണ്. പ്രവർത്തനമാരംഭിച്ച വർഷം1958 .

1995 – 96 ൽ ബാങ്കിന് 3291 അംഗങ്ങളുണ്ട്. ഓഹരി മൂലധനം 1040505 രൂപയുണ്ട്.

മൂന്നുവർഷം മുമ്പുള്ള സ്ഥിതി വിവരങ്ങളും കൂടി താഴെ ചേർക്കുന്നു.

അംഗങ്ങൾ – 2669 ഓഹരി മൂലധനം – 592715 രൂപ

1992 – 93 ൽ വിവിധയിനങ്ങളിലായി ബാക്കി വന്ന നിക്ഷേപം –1988209 രൂപ

1995– 96ൽ ബാക്കി വന്ന നിക്ഷേപം – 3669623.19 രൂപ.

ഈ പ്രസ്ഥാനം പുരോഗതിയിൽ നിന്നും പുരോഗതിയിലേക്ക് നീങ്ങുകയാണെന്ന് മേൽകാണണിച്ച കണക്കുകളിൽ നിന്നും മനസ്സിലാക്കാം.

ഗവർമെന്റ് സർവെന്റ്സ് സഹകരണ സംഘം ആരംഭിച്ചതും നാലുപതിറ്റാണ്ടു മുമ്പാണ്. സർക്കാർ ജീവനക്കർക്കുമാത്രം അംഗത്വമുള്ള ടി. സ്ഥആപനവും നല്ലരീതിയുൽ പ്രവർത്തിക്കുന്നുണ്ട്. പക്ഷെ, സമസ്തജനതക്കും അംഗത്വം ലഭ്യമല്ലാത്തതിനാൽ പ്രയോജനത്തിന്റെ വൃത്തം ചെറതാണെന്ന് മാത്രം.

രണ്ടു ക്ഷീരോല്പാദക സഹകരണസംഘങ്ങൾ കൂടി ഈ പ്രദേശത്ത് പ്രവർത്തിച്ചുവരുന്നു. ഒന്ന് മൂന്നാം വാർഡിലും മറ്റൊന്ന് 5-ാം വാർഡിലും പാലളക്കുന്നവർക്കുമാത്രമെ അംഗത്വം ലഭിക്കുകയുള്ളു. അതു സ്വാഭാവികമായും അക്കൂട്ടർ അംഗത്വത്തിൽ നിന്ന് സ്വാഭാവികമായ പുരത്താവുകയും ചെയ്യും. പാലുല്പാദകർക്ക് ഗണ്യമായ സഹായം നല്കി വളർച്ചയിലേക്ക തന്നെ നടന്നു കേറിക്കൊണ്ടരിക്കുകയാണ്.

മരപ്പണി - കൊല്ലപ്പണി മുതലായവ ചെയ്യുന്ന വരെ അംഗങ്ങളാക്കിക്കൊണ്ട് ഒരു കാർപ്പെന്റേഴ്സ് ഇൻഡസ്ട്രിയൽ സർവ്വീസ് കോ-ഓപ്പറേറ്റിവ് സൊസൈറ്റി 56–57 കാലത്ത് അഞ്ചൽപ്പെട്ടി ആസ്ഥാനമാക്ക രൂപം കൊള്ളുകയുണ്ടായി. സ്വന്തമായി സ്ഥവും കെട്ടിടവും യന്ത്രോപകരങ്ങളും ആ സ്ഥാപനത്തിനും ഉണ്ടീയിരുന്നു. 4 – 5 വർഷം അതു പ്രവർത്തിക്കുകയും ചെയ്തു. പിന്നെ പ്രർത്തിക്കാണ്ടായി. അംഗങ്ങളും ഭാരവാഹികളും അങ്ങനെയൊരു പ്രസ്ഥാനം നടത്തിയിരുന്നതായി ഇന്നു ഭാവിക്കുന്നുപലുമില്ല.

ഇങ്ങനെ സംഭവിച്ചതിന്റെ കാരണം ഇനിയും പരിശോധിച്ചറിയേണ്ടതായിരിക്കുകയാണ്. ഒരു പക്ഷെ അത് ഒരു ഡിപ്പാർട്ടുമെന്റ് പിരിപാടിയായിരുന്നതുകൊണ്ടാവാം. അല്ലെങ്കിൽ കൂട്ടായ്മയിലൂടെ തൊഴിലെടുക്കുന്നത് നഷ്ടവും വ്യക്തിപരമായി സമൂഹത്തിന്മേലുള്ള സ്വാധീനത്തിന് അംഗങ്ങൾക്ക് ഇടിച്ചിലുണ്ടാക്കിയതുകൊണ്ടാകാം. മരപ്പണി, കൊല്ലപ്പണി, മുതലായവ വ്യക്തിസാമർത്ഥ്യത്തിന്റെ കൂടി പ്രശ്നങ്ങൾ ഉൾക്കൊള്ളുന്നതാകയാൽ സ്വമേധയാ പ്രവർത്തകരും അംഗങ്ങളും നിരുത്സാഹപ്പെടുന്നത് സ്വാഭാവികം തന്നെ.

അനാഥമായി അഞ്ചൽപ്പെട്ടിയിൽ സ്ഥിതിചെയ്യുന്ന ആസ്ഥാപനത്തെ പഞ്ചായത്തിനേറ്റ്പിച്ചു കട്ടാൻ വല്ല മാർഗ്ഗവുംമുണ്ടോ എന്ന് ആരായണം. അതു പുനഃസ്ഥാപിച്ച് തൊഴിലും സാമ്പത്തിക വളർച്ചയും നാട്ടുകാർക്ക് നല്കാൻ കഴിയുമോ എന്നത് ഒരു വിലപ്പെട്ട പരീക്ഷണം തന്നെ.

അഴിമതി, സ്വജനപക്ഷപാതം, ദുർവ്യയം മുതലായവയാണ് സഹകരണ മേഖലയുടെ മുരടിപ്പിനും പരാജയത്തിനുമുള്ള കാരണങ്ങൾ. സാമൂഹ്യ താല്പര്യങ്ങൾ ഇനിയും ഉൾക്കൊള്ളാനും ജനാധിപത്യപരമായ പ്രവർത്തനങ്ങൾക്ക് നല്ല നേതൃത്വം ഇല്ലാത്തതുമാണ് വേറെ അനുഭവപ്പെടുന്ന വെല്ലുവിളികൾ.

ആരംഭപ്രവർത്തനങ്ങൾക്കു ചിലവേറുന്നതിനാലും ആ തുക മുടക്കാൻ താല്പര്യപ്പെട്ടുവരുന്നവർ വിരളമായതിനാലും ത്യാഗത്തിന്റെ കൂടിയായ സംഘങ്ങൾ സ്ഥാപിക്കപ്പെടാതെ പോകും.

ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും സഹകരണസംഘങ്ങൾ വഴി ഉദ്ദേശിക്കുന്ന പുരഗതി കൈവരിക്കുവാൻ സാധിച്ചിട്ടില്ല. ഇതിന്റെ കാരണങ്ങൾ ഈ പഞ്ചായത്തിലെ കർഷകർക്ക് സഥാസമയങ്ങളിൽ അവരുടെ കൃഷിവികസിപ്പിക്കുന്നതിന് തക്കസമയത്ത് സഹകരണസംഘങ്ങളിൽ നിന്നും സഹായം ലഭിക്കുകയോ, ആവശ്യത്തിന് തികയുകയോ ചെയ്യുന്നില്ല. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ സഹകരണസംഘത്തിന്റെ ശാഖകൾ ആരംഭിക്കുകയാണെങ്കിൽ കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും വായ്പകൾ വിതരണം ചെയ്യുന്നതിനും കഴിയും. അതോടൊപ്പം കൂടുതൽ ആളുകൾക്ക് തൊഴിൽ ലഭിക്കുകയും ചെയ്യും. ഈ പഞ്ചായത്തിലെ കർഷകരുടെ പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരികകന്നതിന് വേണ്ട ഒരു ഭൂപണയ ബാങ്ക് ആരംഭിക്കണം. ഇപ്പോൾ സഹകരണ സ്ഥാപനത്തുനിന്ന് ലഭിക്കുന്നത് ഹ്രസ്വകാല വായ്പയാണ്. അതു ദീർഘകാല വായ്പയായി ലഭിക്കുന്നതിന് വേണ്ട സത്വരനമടപടി സ്വീകരിക്കണം. ഈ പഞ്ചായത്തിൽ എല്ലാ വാർഡിലും ഓരോ ക്ഷീരോല്പാദക സഹകരണ സംഘം ആരംഭിക്കണം. ഇതിന് ചട്ടങ്ങളും വ്യവസ്ഥകളും ഉദാരമാക്കണം.

നമ്മുടെ പഞ്ചായത്തിൽ ഒരു റബർ മാർക്കറ്റിംഗ് സൊസൈറ്റി ആരംഭിക്കുന്നതിനുള്ള നടപട സ്വീകരിക്കുക. ഈ പഞ്ചായത്തിൽ പാമ്പാക്കുട കേന്ദ്രീതകരിച്ച് ഒരു പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘം ആരംഭിക്കുക. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ പാമ്പാക്കുടയലും മറ്റുസ്ഥലങ്ങളിലും ഒരു ഡിപപാർട്ടമെന്റ് സ്റ്റോറ് ആരംഭിക്കുക. എല്ലാ വാർഡിലും ഓരോ വനിതാ സഹകരണസംഘവും ആരംഭിക്കുക. ഈ പഞ്ചായത്തിൽ ഒരു ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് സഹകരണസംഘവും എല്ലാ വാരഡിലും ഓരോ യൂണിറ്റും സ്ഥാപിക്കുക. എല്ലാ വാർഡുകളിലും ഓരോ വനിതാ തയ്യൽ സഹകരണസംഘവും ആരംഭിക്കുക. എല്ലാ വാർഡുകളിലും സഹകരണ ബാങ്കിന്റെ കീഴിൽ ഓരോ വളം ഡിപ്പോ ആരംഭിക്കുക. കാർഷികോല്പാദനവും സമാഹരണ വിപണനവും ലക്ഷ്യമാക്കി കാർഷികോല്പാദനവിപണ സഹകരണസംഘം രൂപീകരിക്കണം. കർഷകർക്ക് കരം തീർത്ത രസീതിന്റെ മാത്രം ജാമ്യത്തിൽ വായ്പ ലഭിക്കുന്നതിനുള്ള സംവിധാനവും ഉണ്ടാക്കണം. പാമ്പാക്കുട പഞ്ചായത്തിൽ പാമ്പാക്കുട കേന്ദ്രീകരിച്ച് സഹകരണാടിസ്ഥാനത്തിൽ ഒരു ആശുപത്രി ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം. ഈ പഞ്ചായത്തിന്റെ ഓരോ വാർഡിലും ഓരോ ബാമ്പൂ സഹകരണസംഘങ്ങൾ ആരംഭിക്കണം. ഈ മേഖലയുടെ വികസനചിന്ത ഇങ്ങനെ ഇവിടെ അവസാനിപ്പിക്കാം.

## വിഭവസമാഹരണം

വിഭവസമൃദ്ധമായ രാഷ്ട്രങ്ങളോടൊപ്പം വളരാനും വികസിക്കാനും ഉള്ള ആഗ്രഹം അരനൂറ്റാണ്ടുകാലമായി ശക്തിയായി പ്രവർത്തുച്ചുകൊണ്ടിരിക്കുന്നു. സാമ്പത്തിക ക്ലേശങ്ങളെ തരണം ചെയ്യാൻ വികസിതരാഷ്ട്രങ്ങളുടെ സഹായം തേടുന്നതോടൊപ്പം അഭ്യന്തരശേഷിയും വർദ്ധിപ്പിക്കുവാൻ കിണഞ്ഞു പരിശ്രമിച്ചു കൊണ്ടിരിക്കുകയാണ്. സ്വന്തം കഴിവുകളെമാത്രം ഉപയോഗപ്പെടുത്തി ആസൂത്രിതപദ്ധതികൾ നിർവ്വഹിക്കപ്പെടുന്നകാലം നമ്മെ സംബന്ധിച്ചിടത്തോളം വന്നെത്തിയിരിക്കുകയാണ്. പ്രാദേശികമായ വളർച്ചയുടെ ഏറ്റക്കുറച്ചിലുകൾക്കനുസൃതമായി ഓരോ പ്രദേശത്തിന്റെയും ഭാവി വികസനപ്രവർത്തനങ്ങൾ വ്യത്യസ്തപ്പെട്ടിരിക്കും. പക്ഷെ സാമ്പത്തികശേഷി സമാഹരിക്കുന്നതിലും പൊതു വിഭവങ്ങൾ ഉപയുക്താമക്കുന്നതിലും മൗലീകമായി രാഷ്ട്രം ഒട്ടാകെയുള്ള പൊതു ആസൂത്രണത്തെ മാത്രമെ ആശ്രയിക്കുവാൻ സാധ്യമാകൂ. ഇന്ന് ക്രമാനുസൃതമായി വർദ്ധിച്ചുവരുന്ന മാനുഷിക ശക്തി നമുക്ക് ആശക്ക് വകനൽകുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ ഈ ഗ്രാമപ്രദേശത്തിന്റെ ഭാവി വിതകസനത്തിനുവേണ്ടിവരുന്ന സാമ്പത്തികാവശ്യങ്ങൾക്ക് പ്രാധാനമായും അഭ്യന്തര ധനാഗമമാർഗ്ഗങ്ങളിൽ നിക്ഷിപ്തമാക്കിയാണ് ആസൂത്രണം ചെയ്യേണ്ടത്. ഏതെല്ലാം മാർഗ്ഗങ്ങളിൽകൂടി എത്രമാത്രം സാമ്പത്തികസഹായം ലഭിക്കും എന്ന് കണക്കുകൂട്ടുന്നതോടെപ്പം അത് എത്രമാത്രം ഫലപ്രദമായ വിനിയോഗിക്കാമെന്നത് എന്നതുൾപ്പടെ ഏതൊരു ആസൂത്രിത പദ്ധതിയുടെയും വിജയകരമായി നടത്തിപ്പിന് അത്യന്താപേക്ഷിതമാണ്. നമ്മുടെ ഈ ഗ്രാമ പഞ്ചായത്തിന്റെ ഭാവിവികസനം രൂപം പ്രാപിക്കുന്നത് പ്രധാനമായും അഖിലേന്ത്യാതലത്തിലും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നടപ്പിലാക്കൻ ഉദ്ദേശിക്കുന്ന 9-ാം പഞ്ചവത്സരപദ്ധതികളളുടെ പശ്ചാത്തലത്തിൽ നിന്നു

കൊണ്ടാണ്.

ഉല്പാദനക്ഷമമായ പ്രവർത്തനങ്ങൾക്കായി മനുഷ്യശക്തിയെ പരമാവധി പ്രയോജനപ്പെടുത്തുക എന്നതാണ് ഏതൊരു വികസനപദ്ധതിയുടെയും പരമമായ ലക്ഷ്യം.അതുകൊണ്ടുതന്നെ ഒരു പദ്ധതിയുടെ ആസൂത്രണത്തിൽ മനുഷ്യശക്തിയുടെ ശരിയായ വിനിയോഗത്തെക്കുറിച്ചുള്ള ഒരു വിലയിരുത്തൽ അനിവാര്യമാണ്. കുതിച്ചുകയറുന്ന ജനപ്പെരുപ്പവും അതിനനുസൃതമല്ലാത്ത സാമ്പത്തികപുരോഗതിയും മൂലം ദിനംപ്രതി തൊഴിൽരഹിതരുടെ എണ്ണം പെരുകി വരുകയാണ്. ഇന്നത്തെ യുവതലമുറയിൽ കാണുന്ന അസ്വസ്ഥതകളുടെയും അക്രമവാസനകളുടെയും മൂലകാരണങ്ങളിൽ പ്രധാനം തൊഴിൽരാഹിത്യമാണ്. തൊഴിലില്ലായ്മ നേരിടുന്നതിന് ഇതിന്റെ നാനാവശങ്ങളെക്കുറിച്ചും സമഗ്രമായ ഒരറിവ് ആവശ്യമാണ്. തൊഴിൽരഹിതരുടെ ശരിയായ കണക്ക് അവരുടെ പ്രായം ലിംഗഭേദം, വിദ്യാഭ്യാസയോഗ്യത എന്നിവയെല്ലാം ഇതിന്റെ പരിധിയിൽ വരുന്നു. പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ തൊഴിൽരഹിതരായ യുവാക്കളെ പ്രയോജനപ്പെടുത്താൻ ഒരു പരിധിവരെ സാധികകും.

ഈ പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാനവരുമാനമാർഗ്ഗം കാർഷികോല്പന്നങ്ങളിൽ നിന്നും ലഭിക്കുന്ന വരുമാനമാണ്. പഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗങ്ങൾ കെട്ടിടനികുതി, തൊഴിൽകരം, വിനോദനികുതി എന്നിവയിൽ നിന്നുള്ളതാണ്. പഞ്ചായത്തിന്റെ മൊത്തം വരുമാനം 304481 രൂപയാകുന്നു.

പഞ്ചായത്തു പ്രദേശത്ത് S.B.T. Bank of India എന്നീ ധനകാര്യസ്ഥാപനങ്ങൾക്കു പുറമെ ഒരു സഹകരണ ബാങ്കുമുണ്ട്. ഈ പഞ്ചായത്തിലെ കുറെയാളുകൾ വിദേശങ്ങളിൽ പോയി സേവനം ചെയ്യുന്നുണ്ട്.

ഈ പഞ്ചായത്തിലുള്ള വാർഡുകളിലെ ആവശ്യങ്ങൾ ഒരു പരിധിവരെ നിർവഹിക്കുവാൻ ഈ ഗ്രാമപഞ്ചായത്തിന് സാധിക്കുന്നില്ല എന്നത് ഒരു ദുഃഖസത്യമാണ്. താരതമ്യേന വരുമാനം ഏറ്റവും കുറഞ്ഞ ഒരു പഞ്ചായത്താണിത്. നമ്മുടെ ഈ അടുത്തകാലത്തൊന്നും പഞ്ചായത്തിലെ എല്ലാ ആവശ്യങ്ങളും നിറവേറ്റാൻ ആവശ്യമായ പണം ലഭിക്കുമെന്നുള്ള വിശ്വാസമില്ല.

പഞ്ചായത്തുതലത്തിൽ സേവന സന്നദ്ധരായ യുവജനങ്ങളുടെ ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്തു അവരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

റോഡുകൾ നന്നാക്കുന്നതിനും അറ്റകുറ്റപണികൾ ചെയ്യുന്നതിനും സന്നദ്ധരായ സംഘടനകളുടെ സഹകരണവും ധനവും മനുഷ്യശക്തിയും ലഭ്യമാക്കാൻ വേണ്ട നടപടികളും സ്വീകരിക്കേണ്ടതാണ്.

സർക്കാരിൽ നിന്നും യഥാസമയം ആവശ്യമായ സാമ്പത്തിക സഹായം ലഭിക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യണം. സഞ്ചയികപോലുള്ള സമ്പാദ്യപദ്ധതികൾ എല്ലാ ഭവനങ്ങളിലും നടത്താൻ വേണ്ട പ്രേരണ ചെലുത്തുകയും അതിന്റെ ഒരു വിഹിതം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കു വിനിയോഗിക്കുവാൻ പരിശ്രമിക്കുകയും ചെയ്യുക.

സഹകരണസംഘങ്ങളിലും ബാങ്കുകളിലും നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുവാൻ പ്രേരണ ചെലത്തുകയും ഇവയിൽ നിന്നും പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങൾക്ക് ആവശ്യമായ പണം ലഭ്യമാക്കാൻ ആവശ്യമായ നടപടിയും സ്വീകരിക്കുക.

പഞ്ചായത്ത് അധീനതിയിൽപെട്ട പുറംപോക്ക് സ്ഥലങ്ങൾ ഉപയോഗപ്പെടുത്തുകയും ഉല്പാദകരമായ കാര്യങ്ങൾക്കു വിനിയോഗിക്കുകയും ഭൂമിയില്ലാത്തവർക്ക് വീടുകൾ നിർമ്മിച്ചു കൊടുക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക.

## വിളവിസ്തീർണ്ണവും ഉൽപ്പാദനവും

| വിള | വിസ്തീർണ്ണം(ഹെക്ടർ) | മൊത്തം ഉൽപ്പാദനം | ഹെക്ടറിൽ ഉൽപ്പാദനക്ഷമത |
|---|---|---|---|
| (നെല്ല് )ഒന്നാം വിള | 300 | 1050 ടൺ | 3500 Kg/ Hector |
| ,, രണ്ടാം വിള | 325 | 1300 ,, | 4000 ,, |
| ,, മൂന്നാം വിള | 5 | 17 ,, | 3500 ,, |
| പയർ | 175 | 61 ,, | 439 ,, |
| എള്ള് | 25 | 500 ,, | 2000 ,, |
| പച്ചക്കറികൾ | 20 | 7 ,, | 350 ,, |
| തെങ്ങ് | 1150 | 4000000 എണ്ണം | 3500എണ്ണം/ഹെക്ടർ |
| വാഴ | 650 | 682500 ,, | 1050 ,, |
| മരച്ചീനി | 85 | 212.5 ടൺ | 2500 kg/ hecter |
| കുരുമുളക് | 69 | 20.7 ,, | 300 ,, |
| പ്ലാവ് | 60 | 7.2 ,, | 1200 ,, |
| കശുമാവ് | 2 | 2000kg | 1000 ,, |
| മാവ് | 1 | 5000 ,, | 5000 |
| റബ്ബർ | 1020 | 2386.8 ടൺ | 2.34 ടൺ / ഹെക്ടർ |
| കമുക് | 50 | 40 ,, | 80 kg/hector |
| വാനില | 3 | | |
| കൊക്കോ | 5 | 3.25 ടൺ | 65 ,, |
| ഇഞ്ചി | 2 | 6.5 ,, | 3.25 ,, |
| ജാതി | 5 | 20 ടൺ | 400 ,, |
| ഗ്രാമ്പൂ | 2 | 1 ,, | 500 ,, |
| പൈനാപ്പിൾ | 40 | 120 ,, | 3 ടൺ/ഹെക്ടർ |



## സ്ഥാവര സ്വത്തുക്കൾ സംബന്ധിച്ച വിവരങ്ങൾ

| ക്രമനമ്പർ | വകവിവരം | വില്ലേജിന്റെ പേര് | വിസ്തീർണ്ണം(സെന്റ്) |
|---|---|---|---|
| 1. | പഞ്ചായത്ത് ഓഫീസ് കെട്ടിടം | മേമുറി വില്ലജ് | 25 |
| 2. | പഞ്ചായത്ത് ഷോപ്പിംഗ് കോപ്ലക്സ് | ,, | 16 |
| 3. | ആയുർവ്വേദ ആശുപത്രി | ഓണക്കൂർ | 20 |
| 4. | പഞ്ചായത്ത് മാർക്കറ്റ് | മേമ്മുറി | 58 |
| 5. | കക്കയം, അഞ്ചൽപ്പെട്ടി, പിറമാടം N, പിറമാടം S വെയിറ്റിംഗ് ഷെഡുകൾ | ഓണക്കൂർ | 7 1/2 |
| 6. | പാമ്പാക്കുട പള്ളിത്താഴം നെയ്ത്ത്ശാലപ്പടി വെയിറ്റിംഗ് ഷെഡ്, ചെടിക്കണ്ടം വെയിറ്റിംഗ് ഷെഡ് | ,, | 3+3= 6 |
| 7. | പുറമ്പോക്ക് പുനരധിവാസത്തിനായുള്ള സ്ഥലം | ഓണക്കൂർ | 60 |

## വിദ്യാലയങ്ങളുടെ ഇനം തിരിച്ചുള്ള പട്ടിക താഴെ കൊടുത്തിരിക്കുന്നു
## സ്കൂളിന്റെ പൊതുവിവരം

സ്കൂളിന്റെ പേര് ഹൈസ്കൂൾ യു.പി/എൽ.പി. പ്രൈമറി കുട്ടികളുടെ എണ്ണം അദ്ധ്യാപകരുടെ എണ്ണം
ആൺ പെൺ ആകെ ആകെ അനുവദിച്ച പോസ്റ്റ് ആൺ പെൺആകെ സ്കൂൾ ക്യാമ്പിന്റെ മൊത്തം
വിസ്തീർണ്ണംകളിസ്ഥലത്തിന്റെ വിസ്തീർണ്ണം ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം

| | | | | | | |
|---|---|---|---|---|---|---|
| M.T.M.H.S പാമ്പാക്കുട | H.S | 387 | 338 | 725 | 31 | 7.750 5.600 sq.m - |
| സ്പ്രിംഗ് ഡൈയൽസ് | U.P | 2211 | 79 | 400 | 11 | 4.40 1.40 |
| ഗവ. U.P.S പിറമാടം | U.P | 94 89 | 183 | 9 1.5 | 0.60 | 0.15 |
| ഗവ. ന്യൂ. L.P.S പിറമാടം | L.P17 19 36 4 0.54 - - | | | | | |
| ഗവ. യു.പി. ഓണക്കൂർ S. | U.P 100 72 172 8 0.50 - - | | | | | |
| ഗവ. ഹൈസ്കൂൾ പാമ്പാക്കുട | H.S 336 325 657 28 3 1 - | | | | | |
| ഗവ. U.P.S ഓണക്കൂർ N. | U.P 113 122 235 10 1.50 0.80 - | | | | | |
| സെന്റ് മേരീസ് അഞ്ചൽപ്പെട്ടി | U.P 357 359 717 17 3 0.50 | | | | | |
| ഗവ. യു. പി. സ്കൂൾ. മേമുറി | U.P 97 124 221 8 1.50 240 0.50 | | | | | |

## പുറമ്പോക്കു ഭൂമി സംബന്ധിച്ച വിവരങ്ങൾ
### വിസ്തീർണ്ണം ഏക്കറിൽ

| വില്ലേജിന്റെപേര് | റോഡ് | തോട് | കുളം | പുഴ | റവന്യൂ | പാറ | ചിറ | ആകെ | തരിശ് |
|---|---|---|---|---|---|---|---|---|---|
| മേമ്മുറി | 14.48 | 6.60 | 1.87 | | 79.88 | 1.41 | 0.46 | 104.70 | 44.01 |
| ഓണക്കൂർ | 36.3 | 45.05 | 12.13 | | 168.82 | 2.42 | | 264.72 | 6.59 |

## നടീൽ വസ്തുക്കളുടെ വിതരണം സംബന്ധിച്ച്

| ഇനം | എണ്ണം/ തൂക്കം/ പാക്കറ്റ് 1993–94 | 1994–95 | 1995–96 |
|---|---|---|---|
| തെങ്ങ് | 1410 No. | 334 No. | 639 No. |
| കശുമാവ് | – | – | – |
| കുരുമുളക് | 8000 No. | – | 2250 No. |
| പച്ചക്കറി വിത്ത് | 2010 Packet | 1400 Packet | 950 Packet |
| നെല്ല് | 1020 Kg. | – | 750 Kg. |
| പയർവിത്ത് | 992 Kg. | 488 Kg. | 872 Kg. |
| പ്ലാവ് (ഗ്രാഫ്റ്റ്) | 6 No. | – | – |
| മാവ് (ഗ്രാഫ്റ്റ്) | 15 No. | – | – |
| സപ്പോട്ട | 4 No. | – | – |

| | |
|---|---|
| പഞ്ചായത്തിലെ ആകെ ജനസംഖ്യ | 16811 |
| പുരുഷന്മാർ | 8566 |
| സ്ത്രീകൾ | 4245 |
| പട്ടികജാതി ജനസംഖ്യ | 1776 |
| പട്ടികവർഗ്ഗം ജനസംഖ്യ | 65 |
| ഒരു വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾ | 733 |
| മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം | 433 |
| കഴിഞ്ഞ വർഷം ആകെ ജനനങ്ങൾ | 540 |
| ഒരു വയസ്സിൽ താഴെ മരിച്ച കുട്ടികൾ (95–96) | 2 |
| പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം | 733 |
| പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം | 733 |

## പേവിഷബാധ – പ്രതിരോധചികിത്സയും

| | വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|---|
| 1. | പ്രതിരോധ കുത്തി വയ്പ് നൽകിയവയുടെ എണ്ണം | – | – | – | 400 | – | – |
| 2. | കടിയേറ്റതിനു ശേഷം കുത്തിവയ്പ് നടത്തിയവയുടെ എണ്ണം | 2 | – | 4 | – | – | – |

## ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | വ്യവസായം വ്യാപാരം | ഹോട്ടലുകൾ | സാധാരണ കടകൾ കൂൾ ബാർ/ ബേക്കറി | റേഷൻ കട | മറ്റുള്ളവ (മെഡിക്കൽ ഷോപ്പ്) റൈസ് മിൽ | വർക്കഷോപ്പ് | | ആകെ | ആകെ ഫീസ് |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 2 | – | 1 | – | 2 | | 7 | |
| 2 | 2 | – | – | 1 | – | 1 | 1 | 5 | |
| 3 | 1 | – | 1 | 1 | 4 | | | 7 | |
| 4 | 4 | 2 | 3 | 1 | – | 3 | 1 | 16 | |
| 5 | 19 | 3 | 5 | 2 | – | 4 | 3 | 38 | |
| 6 | 5 | 1 | 1 | 1 | 1 | – | 1 | 10 | |
| 7 | 12 | 4 | 3 | 1 | 1 | 2 | 2 | 26 | |
| 8 | 4 | – | 1 | 1 | 2 | – | | 8 | |
| 9 | 2 | 1 | 2 | 2 | 4 | – | – | 11 | |
| | | | | | | | | 128 | 9975/- |

## പഞ്ചായത്തു രാജ് പ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുഭവിച്ച തുക (1995 – 96)

| വകുപ്പ് | പദ്ധതിവിഹിതം | പദ്ധതിയേതര വിഹിതം | ആകെ |
|---|---|---|---|
| മൃഗസംഗക്ഷണം | 2600 | | |
| ആരോഗ്യം | 36843 | | |
| | 1600 | | |
| | 5284 | | |
| കൃഷി | 507930 | | |
| പി.ഡബ്ല്യു.ഡി. | 15523 | | |
| പട്ടികജാതി /പട്ടികവർഗ്ഗം ക്ഷേമം | 100 | | |
| മറ്റുള്ളവ (Old Age Pension) | 10500 | | |
| ആകെ | 5,41937 | | |

## തെരുവുവിളക്കുകളെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | ഫ്ളൂ ട്യൂബ് | വിളക്കുകളുടെ എണ്ണം ബൾബ് | ആകെ |
|---|---|---|---|
| 1 to 9 | | | |
| | 40 | 354 | 394 |

## ജനന മരണ വിവരങ്ങൾ

| വർഷം | ജനനം | മരണം | ചാപിള്ള |
|---|---|---|---|
| 1993–94 | 1144 | 67 | – |
| 1994–95 | 429 | 89 | – |
| 1995–96 | 540 | 62 | – |

## പകർച്ചവ്യാധി രോഗവിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993– 94 | 394 | 63 | 17 (മലേറിയ) | – |
| 1994 – 95 | 396 | 60 | 10 | – |
| 1995 –96 | 400 | 56 | 12 | – |

## രോഗവിവരങ്ങൾ

| ക്രമ നം. | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1. | ദഹനസംബന്ധമായ | 160 | 20 | 60 | 10 | 10 | 4 | | | |
| 2. | ശ്വാസകോശ സംബന്ധം | 30 | 4 | 40 | 5 | 5 | | | | |
| 3. | ഉപാപചയ സംബന്ധം | 95 | 5 | 20 | | | | | | |
| 4. | ത്വക്ക് രോഗങ്ങൾ | 28 | 6 | 12 | 2 | | | | | |
| 5. | ധാതുലവണങ്ങളുടെ അഭാവം | 75 | 15 | 10 | 10 | | | | | |
| 6. | പരാദരോഗങ്ങൾ | 400 | 40 | 160 | 100 | 75 | 75 | | | |
| 7. | പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവർ | 184 | 6 | 30 | 5 | | | | | |
| 8. | വന്ധ്യത | 10 | 1 | | | | | | | |
| 9. | അകിട് വീക്കം | 100 | – | 30 | | | | | | |
| 10 | മുടന്തൻ പനി | 94 | – | – | | | | | | |
| 11 | പകർച്ചവ്യാധികൾ | 6 | 4 | 3 | – | 200 | | | | |

# ആരോഗ്യ സ്ഥിതി വിവരങ്ങൾ

| പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ | എണ്ണം |
|---|---|
| (സ്ത്രീകളുടെ പ്രായക്രമം) | |
| (1) 15 - 19 | 114 |
| (2) 20 - 24 | 1581 |
| (3) 25 - 29 | 3115 |
| (4) 30 - 34 | 2736 |
| (5) 35 - 39 | 1870 |
| (6)40 - 44 | 928 |
| **ആകെ** | **10344** |

| | |
|---|---|
| അമ്മമാരുടെ എണ്ണം | 9764 |
| എണ്ണത്തിന്റെ അടിസ്ഥാനത്തിൽ | അമ്മമാർ |
| (1) 1 കുട്ടി | 2402 |
| (2) 2 കുട്ടികൾ | 5359 |
| (3) 3ൽ കൂടുതൽ കുട്ടികൾ | 2003 |

## കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ച അമ്മമാർ

| | |
|---|---|
| 1. കുട്ടി | 1316 |
| 2. 2 കുട്ടികൾ | 4800 |
| 3. 2ൽ കൂടുതൽ കുട്ടികൾ | 1707 |

## അംഗവൈകല്യമുള്ളവർ

| | |
|---|---|
| 1) അന്ധർ | 16 |
| 2) ബധിരർ | 10 |
| 3) മൂകർ | 12 |
| 4) ബധിര - മൂകർ | 17 |
| 5) ചലന വൈകല്യമുള്ളവർ | 60 |

| | |
|---|---|
| മന്ദബുദ്ധികളുടെ എണ്ണം | 10 |

## സ്ഥായിയായ രോഗ ബാധിതർ

| | |
|---|---|
| 1) 1 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾ | 733 |
| 2) പ്രതിരോധകുത്തിവയ്പ് നടത്തിയവർ | 168 |
| 3) ആകെ ഗർഭിണികൾ | 439 - 30-9-96 വരെ |

**പഞ്ചായത്ത് രാജ്യനിയമപ്രകാരം മറ്റ് വകുപ്പുകളിൽ നിന്നും അനുവദിച്ച തുക - (1995 -'96)**

| വകുപ്പ് | പദ്ധതിവിഹിതം | പദ്ധതിയേതര വിഹിതം | ആകെ |
|---|---|---|---|
| മൃഗസംരക്ഷണം | 2600 | | |
| ആരോഗ്യം | 36842 1600 | 5284 | |
| കൃഷി | 507930 | | |
| പി. ഡബ്ല്യു. ഡി | 15523 | | |
| പട്ടികജാതി / വർഗ്ഗം | | | |
| ക്ഷേമം | 100 | | |
| മറ്റുള്ളവ | 10500 | | |
| old age pension | | | |
| ആകെ | 5,41937 | | |

## പൊതു സാമ്പത്തിക നില
## up to 31-3-96

| ഇനം | പൊതുകണക്ക് (രൂപ) | മൂലധനകണക്ക് | കടംസംബന്ധിച്ചകണക്ക് |
|---|---|---|---|
| വരവ് | 29,30,178,25 | Nil | Nil |
| ചെലവ് | 29,30,178,25 | | |

## പൊതുമരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ

| പണിയുടെ സ്വഭാവം | എസ്റ്റിമേറ്റ് തുക | ഗ്രാന്റ് തുക | യഥാർത്ഥ ചെലവ് പഞ്ചായത്ത്ഫണ്ട് | ബാക്കി |
|---|---|---|---|---|
| റോഡ് | 28,895 | 28,895 | 24,000 | 4,895 |
| തോട് | 13,800 | 13,800 | 13,800 | |
| കെട്ടിടം | - | - | - | |
| മറ്റുള്ളവ | 2,34,228 | 2,34,228 | Nil | 234228 |
| ആകെ | 2,76,923 | 2,76,923 | 37,800 | 2,39,123 |

## ലേലവരുമാനം സംബന്ധിച്ച വിവരങ്ങൾ

| | ചന്ത രൂപ | സ്റ്റാൾ രൂപ | ഷോപ്പിംഗ് കോപ്ലക്സ് രൂപ | മറ്റു ലേലങ്ങൾ | ആകെ രൂപ |
|---|---|---|---|---|---|
| | 9275 | 11145 | | | |
| ആകെ | | 20420 | 78,259.80 | 26380 | 1,25059.80 |

## ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം (തന്നാണ്ട്)

| വാർഡ് | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | ഇനിയും അനുവദിക്കേണ്ട വീട് |
|---|---|---|---|---|---|
| 1 | 33 | 2 | 1 | 1 | 31 |
| 2 | 41 | 4 | 3 | 1 | 37 |
| 3 | 18 | 1 | 1 | - | 17 |
| 4 | 36 | 4 | 4 | - | 32 |
| 5 | 38 | 7 | 6 | 1 | 31 |
| 6 | 21 | 3 | 3 | - | 18 |
| 7 | 18 | 7 | 6 | 1 | 11 |
| 8 | 31 | 3 | 2 | 1 | 28 |
| 9 | 38 | 2 | 2 | - | 36 |
| ആകെ | 274 | 33 | 28 | 5 | 241 |

## കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

| വാർഡ് | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകൾ | പൂർത്തീകരിച്ചവ കക്കൂസ് | വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 38 | 12 | 12 | 50 |
| 2 | 48 | 13 | 13 | 45 |
| 3 | 21 | 12 | 12 | 48 |
| 4 | 45 | 15 | 15 | 45 |
| 5 | 48 | 14 | 14 | 50 |
| 6 | 28 | 13 | 13 | 40 |
| 7 | 24 | 12 | 12 | 35 |
| 8 | 39 | 11 | 11 | 39 |
| 9 | 49 | 12 | 12 | 60 |

## വരവു സംബന്ധിച്ച വിവരങ്ങൾ

1995-96

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിടനികുതി | 147621.50 | 147621.50 | |
| സർവ്വീസ് ചാർജ്ജ് | - | - | |
| തൊഴിൽ നികുതി | 104605 | 104605 | |
| വിനോദ നികുതി | 75 | 75 | |
| അഡീ. വിനോദ നികുതി | 9 | 9 | |
| പ്രദർശന നികുതി | 2.25 | 2.25 | |
| ചന്ത വരവ്, ലൈസൻസ് ഫീസ് | 9975 | 9975 | |
| വസ്തു കൈമാറ്റ നികുതി(75%) | 72722 | 72722 | |
| ഡെപ്പോസിറ്റ് | 412928 | 412928 | |
| മറ്റുള്ളവ | 8580 | 8580 | |

## IRDP സർവ്വെപ്രകാരം ദാരിദ്രരേഖക്ക് താഴെയുള്ള വരുടെ വിവരം

| വാർഡ് | ആകെ കുടുംബം | SC/ST സാമ്പത്തിക സഹായം ലഭിച്ചവ | SC/ST | സഹായം ലഭിച്ച ദാരിദ്രരേഖക്ക് മുകളിൽ ഉള്ള കുടുംബങ്ങൾ | ദാരിദ്രരേഖക്ക് താഴെ സഹായം ലഭിച്ചവർ | ഉൾപ്പെടെ ആകെ |
|---|---|---|---|---|---|---|
| 1 | 165 | 8 | 21 | 5 | 17 | 148 |
| 2 | 214 | 7 | 36 | 6 | 27 | 187 |
| 3 | 128 | - | 12 | - | 9 | 119 |
| 4 | 175 | 15 | 32 | 15 | 26 | 149 |
| 5 | 185 | 9 | 22 | 6 | 24 | 161 |
| 6 | 120 | 6 | 14 | 6 | 18 | 102 |
| 7 | 107 | 4 | 12 | 4 | 19 | 88 |
| 8 | 154 | 9 | 28 | 9 | 28 | 126 |
| 9 | 161 | 10 | 24 | 7 | 29 | 132 |

## വളർത്തുപക്ഷി

| വാർഡ് | പൂവൻ കോഴി | പിടക്കോഴി | | താറാവ് |
|---|---|---|---|---|
| | | മുട്ടയിടുന്നത് | ഇടാത്തത് | |
| 1to 995 | 5000 | 10000 | 10000 | 150 |

## വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

നിലവിലുള്ള ഗുണഭോക്താക്കൾ

ഗാർഹികം 3112

വ്യാപാരം 344

വ്യാവസായികം 64

കാർഷികം 415

അവസാനം നൽകിയ കണക്ഷൻ - 20-10-96

സ്ട്രീറ്റ്ലൈറ്റുകളുടെ എണ്ണം

ബൾബ് 25W -215

40 W - 139

ട്യൂബ് 80W -40 എണ്ണം

സ്ട്രീറ്റ് ലൈറ്റിന് പ്രതിമാസം അടക്കുന്ന തുക - 4635

പഞ്ചായത്താഫീസ് + പബ്ലിക്ക്ലൈബ്രറി = 82

ആകെ - 4717

ചെലവ് സംബന്ധിച്ച വിവരങ്ങൾ

ഭരണ നിർവ്വഹണം : 3,50,173.75

പൊതു മരാമത്ത് വേലകൾ : 4,96,730.00

വിദ്യാഭ്യാസം, കുട്ടികൾക്ക് നൽകുന്ന സമ്മാനം ഉൾപ്പെടെ : 3900.00

ജലവിതരണം, ഓടശുചീകരണം, പൊതുജനാരോഗ്യം :696.00

തെരുവ് വിളക്ക് : 55620

മറ്റുള്ളവ : 7,30,187.50

**ആകെ : 1637307.25**

## IRDP സർവ്വെപ്രകാരം - ദാരിദ്രരേഖക്ക് താഴെയുള്ള വരുടെ വിവരം

| വാർഡ് | ആകെ കുടുംബം | SC/ST | സാമ്പത്തിക സഹായം ലഭിച്ചവ | SC/ST സഹായം ലഭിച്ച | ദാരിദ്രരേഖക്ക് മുകളിൽ ഉള്ള കുടുംബങ്ങൾ | ദാരിദ്രരേഖക്ക് താഴെ സഹായം ലഭിച്ചവർ ഉൾപ്പെടെ ആകെ |
|---|---|---|---|---|---|---|
| 1 | 165 | 8 | 21 | 5 | 17 | 148 |
| 2 | 214 | 7 | 36 | 6 | 27 | 187 |
| 3 | 128 | - | 12 | - | 9 | 119 |
| 4 | 175 | 15 | 32 | 15 | 26 | 149 |
| 5 | 185 | 9 | 22 | 6 | 24 | 161 |
| 6 | 120 | 6 | 14 | 6 | 18 | 102 |
| 7 | 107 | 4 | 12 | 4 | 19 | 88 |
| 8 | 154 | 9 | 28 | 9 | 28 | 126 |
| 9 | 161 | 10 | 24 | 7 | 29 | 132 |

## വളർത്തുപക്ഷി

| വാർഡ് | പൂവൻ കോഴി | പിടക്കോഴി | | താറാവ് |
|---|---|---|---|---|
| | | മുട്ടയിടുന്നത് | ഇടാത്തത് | |
| 1to 995 | 5000 | 10000 | 10000 | 150 |

## വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

നിലവിലുള്ള ഗുണഭോക്താക്കൾ

ഗാർഹികം 3112

വ്യാപാരം 344

വ്യാവസായികം 64

കാർഷികം 415

അവസാനം നൽകിയ കണക്ഷൻ - 20-10-96

സ്ട്രീറ്റ്ലൈറ്റുകളുടെ എണ്ണം

ബൾബ് 25W -215

40 W - 139

ട്യൂബ് 80W -40 എണ്ണം

സ്ട്രീറ്റ് ലൈറ്റിന് പ്രതിമാസം അടക്കുന്ന തുക - 4635

പഞ്ചായത്താഫീസ് + പബ്ലിക്ക്ലൈബ്രറി = 82

ആകെ - 4717

ചെലവ് സംബന്ധിച്ച വിവരങ്ങൾ

ഭരണ നിർവ്വഹണം : 3,50,173.75

പൊതു മരാമത്ത് വേലകൾ : 4,96,730.00

വിദ്യാഭ്യാസം, കുട്ടികൾക്ക് നൽകുന്ന സമ്മാനം ഉൾപ്പെടെ : 3900.00

ജലവിതരണം, ഓടശുചീകരണം, പൊതുജനാരോഗ്യം :696.00

തെരുവ് വിളക്ക് : 55620

മറ്റുള്ളവ : 7,30,187.50

**ആകെ : 1637307.25**

നമ്മുടെ ഗ്രാമങ്ങൾ ഉയിർത്തെഴുന്നേൽക്കണം
ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണ്.
ഗ്രാമങ്ങൾ നശിച്ചാൽ ഇന്ത്യ നശിക്കും.
നശിക്കാതിരിക്കാൻ അധികാര
വികേന്ദ്രീകരണം വന്നേ പറ്റൂ.

1992 ഡിസംബറിൽ പാസായ 73-ാം
ഭരണഘടനാ ഭേദഗതി അതിനാണ്.

9-ാം പദ്ധതി 35 - 40 ശതമാനം തുക
പഞ്ചായത്തുകൾക്കു വേണ്ടിയാണ്.
ജനപ്രതിനിധികളും ഉദ്യോഗസ്ഥരും മറ്റുള്ളവരും അണിചേരുന്നു.
ഗ്രാമസഭ
വികസന സെമിനാർ
ചർച്ച.
വികസന താല്പര്യങ്ങൾ പദ്ധതികളായി മാറുന്നു.
വിഭവ സമാഹരണത്തിന് പഞ്ചായത്തുകളെ സഹായിക്കാൻ
ബഹുജനങ്ങളുടെ കടമ വർദ്ധിക്കുന്നു.
നാടിനുവേണ്ടി നമുക്കാവുന്നതു നാം തന്നെ ചെയ്യുക
കൂട്ടായ്മയാണ് പ്രശ്നപരിഹാരങ്ങൾക്കുള്ള ഒറ്റമൂലി
നാം മനസ്സിലാക്കി ത്യാഗം ചെയ്യാൻ ഒരുങ്ങണം.

## 73-ാം ഭരണഘടനാ ഭേദഗതി
## കേരള സർക്കാർ പാസാക്കിയ പഞ്ചായത്തു രാജ് നിയമം

അന്തിമ ലക്ഷ്യം
വികസനത്തിലും
ഭരണത്തിലും
പദ്ധതിനടത്തിപ്പിലും
പങ്കാളിത്തം

ഗ്രാമസഭകൾ വഴി സാമൂഹ്യ നിയന്ത്രണം.
അതു അഴിമതിയെ തടയുന്നു. സമാധാനം നിലനിർത്തുന്നു.

ദുർബ്ബല വിഭാഗങ്ങൾക്കു
ശക്തി ലഭിക്കുന്നു
ലക്ഷ്യം
തെറ്റുന്ന വികസനം
ലക്ഷ്യം പ്രാപിക്കുന്നു

തന്മൂലം ഭൗതിക പുരോഗതി ജീവിതത്തിൽ ഉറപ്പുവരുത്തുന്നു.
കർമ്മങ്ങൾ അർത്ഥവത്താക്കുന്നു.

ഭരണ രംഗത്തു
സ്ത്രീകൾക്കു
പ്രാതിനിധ്യമേറുന്നു
പിന്തള്ളപ്പെട്ട സ്ത്രീ
മുൻപന്തിയിലെത്തുന്നു.

**പാമ്പാക്കുട പഞ്ചായത്ത് വികസന റിപ്പോർട്ട്**

4267